## 11

# സാംസ്കാരികം


| | |
|---|---|
| മാമലനാട് | 2 |
| മാമലനാട് | 3 |
| മലയാളപ്പാട്ട് | 5 |
| കൊച്ചുണ്ണി മങ്കട | |
| ഒരു പുതിയ പാട്ട് | 6 |
| നവമാലിക | 6 |
| മാലിന്യം | 12 |
| കവിമാലിക(രംഗക്രിയ) | 16 |
| പേനകൾ കഥ പറയുന്നു | 22 |
| യശോധര | 25 |
| മുല്ലനേഴി | |
| സ്പാർട്ടക്കസ് | 26 |
| സമതലം | 30 |

അരുതരുത്. വിശ്വസിക്കരുത്
വിശ്വമാനവൻ എം.പി. പരമേശ്വരൻ
കവിമാലിക (കവിത)
മനുഷ്യൻ- എം.എസ്.മോഹനൻ
മലയാളം- ഒ.എൻ.വി. കുറുപ്പ്
കിളിക്കൂട്ടം- സുകുമാർ അണ്ടലൂർ
എന്നും മാനവരൊന്ന്- എം.പി.സുകുമാരൻ

## മാമലനാട്

ഓണപ്പൂചിരിക്കുന്ന മലനാട്
മാവേലി തമ്പുരാന്റെ
മാണിക്യതമ്പുരാന്റെ
മാനസ വർണസ്വപ്നം മലനാട്
മലനാട് മാവേലി വാണകാലം
മാനവരെല്ലാരുമൊന്നുപോലെ
ഒന്നുപോലെ മനുഷ്യർ വാഴും കാലമയ്യയ്യാ
കുന്നുപൊലെയുയർന്നു നിൽക്കും കാലമയ്യയ്യാ
തുമ്പയും ആമ്പലും തുളസിയും മുല്ലയും
അമ്പലപ്രാവും കുയിലും തുല്ല്യമയ്യയ്യാ
മാനവരായ് പിറന്നവർ മാനവരായ് മാനമോടെ
മാമലനാടിതിൽ വാണ കാലമയ്യയ്യാ
അക്കാലം പൂക്കാലം ആനന്ദകാലം
അളന്നാലും തീരാത്ത ആവേശക്കാലം
റോമാക്കാർ ജൂതരറബികളും
കച്ചവടത്തിനു വന്നിവിടെ
ചന്ദനം, ചുക്ക്, കുരുമുളകും
ആനക്കൊമ്പെന്നിവ കൊണ്ടുപോയി
പൊന്നിട്ട കപ്പൽ കരയ്ക്കടുത്തു
പൊന്നും പണവും നമുക്കും കിട്ടി
എല്ലാ മതങ്ങളും ഇങ്ങുവന്നു
എല്ലാർക്കുമീ നാടിടം കൊടുത്തു
ബുദ്ധം ശരണമായ് കണ്ടു നമ്മൾ
സർവ്വം ഒന്നെന്നറിഞ്ഞു നമ്മൾ
പോർച്ചുഗലീന്നൊരു ഗാമ വന്നു
കാപ്പാട് കപ്പലിറങ്ങിയെന്ന്
ഈസ്റ്റിന്ത്യാകമ്പനി വന്നുപിന്നെ
ഇംഗ്ലീഷ് പട്ടാളം വന്നു പിന്നെ
മൂക്കിന്നു തോണ്ടിപ്പട നയിക്കും
നാട്ടുരാജ്യങ്ങളെ കീഴടക്കി
പള്ളിക്കൂടമെഴുത്താശ്ശാൻമാർ
ക്രിസ്ത്യൻ മിഷനറിമാർ
ചാർതുർവർണ്യവഴക്കം കെട്ടിയ
വേലി പൊളിക്കുന്നു
അക്ഷരമഗ്നി ജ്വാലകളായി കത്തിപ്പടരുന്നു
അറിവിൻ പുതിയ വെളിച്ചം നാട്ടിൽ
പുതുവഴി കാട്ടുന്നു
ഇതിലേ നടന്നുപോയ് വലിയവർ, ഈ നാട്ടു-
വഴികൾക്കു മുരശൊലിയായ് കുളിരേറ്റിയോർ
ഇത് പഴശ്ശികുറുച്യപ്പടയമ്പിന്റെ
മഴകളാൽ മണ്ണിന്നവമതി മായ്ച്ചിടം
ഇത് പറങ്കികൾ അരിഞ്ഞിട്ട കുഞ്ഞാലിതൻ
വിരലുകൾ പ്രിയഭൂമി കെട്ടിപ്പിടിച്ചിടം
ഇത് കളവംകോടം അവശനാത്മജ്ഞാന-
മുണരുവാൻ കണ്ണാടി ഗുരു പ്രതിഷ്ഠിച്ചിടം.
ഇത് ചാലിയത്തൊരു സ്വാതന്ത്യ താണ്ഡവ-
ചുവടുകൾ ആദ്യ മയ്യങ്കാളി വച്ചിടം
ഇത് മാപ്പിളപ്പാട്ടുകൾക്ക് നായകൻ ആലി-
മുസലിയാർ വാൽകൈവിടാത്ത കബറിടം

ഇത് ഒരുപ്പുതരിയിലായ് കേളപ്പനടരിന്റെ
കടലിരമ്പുന്നതു കേട്ട മണപ്പുറം
ഇത് സ്നേഹമൂർച്ചയാൽ കൂർപ്പിച്ച കുന്തങ്ങൾ
വയലാറിൽ ദുശ്ശാസനത്തെ പിളർന്നിടം
ഇതിലേ നടന്നുപോയ് വലിയവർ
ആ കാലത്തിൻ നെറുകയിൽ
ചതിയുടെ പാദം പതിയുന്നു
തീക്കാലത്തിൽ മലനാടാകെ ചുട്ടുപൊള്ളുന്നു
നാളത്തെളിയുമൊരോണം കാത്ത്
പൊറുത്തവരല്ലോ നമ്മൾ
നാളത്തെക്കഥയറിയാതിന്നും
ഉറങ്ങുകയല്ലോ നമ്മൾ

മാനവമഹാ സാഗരതിരയിലൂടെ
പ്രാണനിൽ വിശുദ്ധിതൻ പൂപ്പാട്ടിലൂടെ
കനൽ വിരിച്ചുള്ളൊരു നടക്കാവിലൂടെ
കനിവറ്റ കാലപെരുവഴിയിലൂടെ
കത്തുന്ന മർത്ത്യന്റെ വരവായ്- വരവായ്
ജീവിതമെത്തിപ്പിടിക്കാൻ വരവായ്.

## മാമലനാട്

സാസസാ ധധധാപ മപാധാ പാമാഗരിസരി സാരിപാ മാഗരിസ ധധപ മാഗരിസ ധാസരി മാഗരിസരി രിമ മഗരിസ രിപാമപധാ (കോറസ് വരിയായി നിന്ന് ഇടം കൈ മുന്നിലുള്ളയാളുടെ വലത്തെചുമലിൽ വച്ച് വലത് കൈ താളത്തിൽ ചലിപ്പിച്ച് മുന്നോട്ട് നീങ്ങി അരങ്ങിൽകറങ്ങന്നു. (ഇടത് കയ്യിൽ റിബൺ കെട്ടിയവടി)

ഓണപ്പൂ ചിരിക്കുന്ന മലനാട്
മാവേലി തമ്പുരാന്റെ
മാണിക്യ തമ്പുരാന്റെ
മാനസ വർണ സ്വപ്നം മലനാട് (അരങ്ങിൽ വൃത്തത്തിൽ നിൽക്കുന്നു.)

മലനാട് മാവേലിവാണകാലം
മാനവരെല്ലാരുമൊന്നുപോലെ (കോല് കൊണ്ട് താളത്തിൽ അടിക്കുന്നു.)

ഒന്നുപോലെ മനുഷ്യർ വാഴും
കാലമയ്യ്യാ
കുന്നുപോലെ ഉയർന്നു നിൽക്കും
കാലമയ്യ്യാ
തുമ്പയും ആമ്പലും തുളസിയും മുല്ലയും
അമ്പലപ്രാവും കുയിലും തുല്യമയ്യ്യാ. (രണ്ട് വരിയായി കാണികൾക്കഭിമുഖമായി അരമണ്ഡലത്തിൽ നിന്ന് സാവധാനം ഉയർന്നു ഇടത്തോട്ടും വലത്തോട്ടും ചരിഞ്ഞ് കോലടിക്കുനു.)

അക്കാലം പൂക്കാലം ആനന്ദക്കാലം
അളന്നാലും തീരാത്തൊരാവേശക്കാലം. (അരങ്ങിൽ നിറയെ കോറസ്സ് ആഹ്ലാദത്തോടെ കോലടിച്ച് താളംചവിട്ടി പലഭാഗത്തായി ചിതറിപ്പോകുന്നു.

റോമാക്കാർ ജൂതരറബികളും
കച്ചവടത്തിനു വന്നിവിടെ
ചന്ദനം ചുക്ക് കുരുമുളകും
ആനക്കൊമ്പെന്നിവകൊണ്ടുപോയി
“റോമാക്കാർ......” പാട്ടുതുടങ്ങുമ്പോൾ അറബി അരങ്ങിലേക്ക് ......കച്ചവടത്തിനുള്ള സൗകര്യം

ചെയ്തുകൊടുക്കാൻ സാമൂതിരിയോട് പറയുന്നു. അറബി കിഴി കൊടുക്കുന്നു. പാട്ട് തുടരുന്നു- അറബിയും സംഘവും പോകുന്നു.
(സാമൂതിരിയുടെ വരവ്.
സേവകൻ:- തിരുമേനീ ഇംഗ്ലീഷ്കാർ നമ്മുടെ കുരുമുളക് വള്ളികളെല്ലാം കടത്തിക്കൊണ്ട് പോകുന്നു.
സാമൂതിരി :- വിഡ്ഢി. കുരുമുളക് വള്ളികളല്ലെ കൊണ്ടുപോയുള്ളു. നമ്മുടെ തിരുവാതിരഞാറ്റുവേല കൊണ്ടുപോയില്ലല്ലൊ.

എല്ലാ മതങ്ങളുമിങ്ങുവന്നു
എല്ലാർക്കുമീനാടിടംകൊടുത്തു
ബുദ്ധം ശരണമായ് കണ്ടുനമ്മൾ
സർവ്വരും ഒന്നെന്നറിഞ്ഞു നമ്മൾ.

പോർച്ചുഗലീന്നൊരുഗാമവന്നു
കാപ്പാടുകപ്പലിറങ്ങിയെന്ന്. (വാസ്ക്കോഡഗാമവരുന്നു)
ഈസ്റ്റിന്ത്യാക്കമ്പനി വന്നുപിന്നെ
ഇംഗ്ലീഷ്പട്ടാളം വന്നുപിന്നെ (കൊടിയുമായി കോറസ്സന്റെ മാർച്ച്.)
മൂക്കിന്നുതോണ്ടിപടനയിക്കും
നാട്ടു രാജ്യങ്ങളെ കീഴടക്കി. (കൊടി പിടിച്ച് ഒരാൾ തോക്കുമായി പുറകിൽ)
പള്ളിക്കൂടമെഴുത്താശാന്മാർ
കൃസ്ത്യൻ മിഷനറിമാർ
ചൈതുർ വർണ്യവഴക്കംകെട്ടിയ
വേലി പൊളിക്കുന്നു (അക്ഷരവിദ്യ അഭ്യസിക്കുന്നു. ആശാനും - കുട്ടികളും)

അക്ഷരമഗ്നിജ്വാലകളായി
കത്തിപ്പടരുന്നു
അറിവിൻ പുതിയ തെളിച്ചം നാട്ടിൽ
പുതുവഴി കാട്ടുന്നു. ( കോറസ്സ് പാടുന്നു.)

ഇതിലേനടന്നു പോയ് വലിയവർ
ഈ നാട്ടുവഴികൾക്ക് മുരശൊലിയായ്
കുളിരേറ്റിയോർ (ഒറ്റ വരിയായി നിന്ന് വലതു കൈകൊണ്ട് ഒരു വശത്തേക്ക് കാണിക്കുന്നു.)

ഇത് പഴശ്ശികുറിച്യപട അമ്പിന്റെ
മഴകളാൽ മണ്ണിന്നവതിമായ്ച്ചിടം (ഒരുവരിയിൽ കാൽമുന്നോട്ട് വെച്ച് പിന്നോട്ട് നീങ്ങി കളരിമുറയിൽ വില്ല് കുലക്കുന്നു. 3 സ്റ്റെപ്പ് പുറകിൽ)

ഇത് പറങ്കികളരിഞ്ഞിട്ട കുഞ്ഞാലിതൻ വിരലുകൾ
പ്രിയ ഭൂമി കെട്ടിപ്പിടിച്ചിടം
ഇത് കളവം കോടം അവശനാത്മജ്ഞാന
മുണരുവാൻ കണ്ണാടി ഗുരുപ്രതിഷ്ഠിച്ചിടം (ശ്രീനാരായണ ഗുരു ഇരിക്കുന്നു. “ഇരുട്ടുനിറഞ്ഞ വിദ്യാലയങ്ങളേക്കാൾ നമുക്കാവശ്യം വെളിച്ചം.....)

ഇത്ചാലിയ തെരു സ്വാതന്ത്ര്യതാണ്ഡവ
ചുവടുകൾ, ആദ്യമായ് അയ്യങ്കാളി വെച്ചിടം ( മൂന്ന് പെൺകുട്ടികൾ മുന്നിൽ വന്ന് താണ്ഡവത്തിന്റെ പോസിൽ നിൽക്കുന്നു. കോറസ് പിന്നിൽ.)

ഇത് മാപ്പിളപ്പാട്ടുകൾക്ക് നായകൻ
ആലിമുസല്യാർ വാൾകൈവിടാത്ത ഖബറിടം (മുസ്ലിം നമസ്കാരത്തിന്റെ രീതിയിൽ മുട്ടിലിരുന്ന് കൈമുകളിലോട്ട് നീട്ടിപിടിക്കുന്നു.

ഇത് സ്നേഹ മൂർച്ചയാൽ കൂർപ്പിച്ച കുന്തങ്ങൾ
വയലാറിൽ ദുശ്ശാസനത്തെ പിളർന്നിട്ടും ( കുന്ദം കൊണ്ട് മുന്നോട്ട് കുത്തുന്ന രീതിയിൽ ഇരു കയ്കൊണ്ടും ചലിപിക്കുന്നു.)

ആകാലത്തിൻ നെറുകയിൽ
ചതിയുടെ പാദം പതിയുന്നു
തീക്കാലത്തിൽ മലനാടാകെ
ചുട്ടുപൊള്ളുന്നു. (പലഭാഗത്തുമായി മാവേലിയെ ചവിട്ടിത്താഴ്ത്തുന്ന വാമനന്മാർ.)

നാളെത്തെളിയുമൊരോണം
കാത്ത് പൊറുത്തവരല്ലൊ നമ്മൾ
നാളത്തെക്കഥയറിയാതിന്നുമുറങ്ങു കയല്ലൊ നമ്മൾ. (കോറസ് മുന്നോട്ടുവന്ന് ആംഗ്യത്തോടെ പാടുന്നു.)

മാനവ മഹാസാഗരത്തിരയിലൂടെ
പ്രാണനിൽ വിശുദ്ധിതൻ പൂപ്പാട്ടിലൂടെ
കനൽവിരിച്ചുള്ളൊരു നടക്കാവിലൂടെ
കനിവറ്റ കാലപെരു വഴിയിലൂടെ. (കോറസ് മുഴുവൻ- വലത്കാൽ മുന്നോട്ട് നീട്ടി പിന്നോട്ട് വലിച്ച് ഇടത് കാലിൽ ഇരുന്ന് നെഞ്ച് തറയോട് ചേർത്ത് പൊന്തുന്നു. ഇത് തന്നെ തിരിച്ചും ആവർത്തിക്കുന്നു.
കത്തുന്ന മർത്ത്യന്റെ വരവായ്‌വരവായ്
ജീവിത മെത്തിപ്പിടിക്കാൻ വരവായീ. (കോറസ്സ് മുന്നോട്ടു വന്ന് മുന്നോട്ട് മുകളിൽ ചാടിപ്പിടിക്കുന്ന രീതിയിലുള്ള ചലനം.)

## മലയാളപ്പാട്ട്

കൊച്ചുണ്ണി മങ്കട

വർഷങ്ങൾ നാൽപതായ് കേരളസംസ്ഥാനം വന്നു പിറന്നിട്ടും- മലയാള
ഭാഷയനാഥയായാസന്നമൃത്യുവെ കാത്തുകിടക്കുന്നു.
വേണ്ട സർക്കാരിനും നാടൻധരമാർക്കും നഞ്ചായിത്തീരുന്നു-നാടിന്റെ
നൻമയുൺമയും പാടെ മറയുന്നു നാടു നശിക്കുന്നു.
പാസ്സാക്കിയത്രെ കാൽനൂറ്റാണ്ടു മുമ്പെ നിയമം മലയാളം-ഔദ്യോഗിക-
ഭാഷയായ് പക്ഷെ ഭരിക്കുന്നതിംഗ്ലീഷാണിന്നുമറിയേണം.
ഓടുന്നതിംഗ്ലീഷിൻ പിന്നാലെ തന്തമാർ കുഞ്ഞു ജനിക്കും മുമ്പെ സീറ്റീനായ്.
തേടുന്നതിംഗ്ലീഷു മീഡിയത്തിൻ വാതിലെൻട്രൻസെഴുതേണ്ടേ?
തത്തമ്മേ പൂച്ച പൂച്ച എന്ന മട്ടിലിംഗ്ലീഷു പഠിച്ചിട്ടെന്താ നേട്ടങ്ങൾ
പത്തമ്മ പത്തു ചമഞ്ഞു വന്നാലുമീ പെറ്റമ്മയാവില്ലല്ലോ.
കഷ്ടമിക്കുഞ്ഞുങ്ങൾക്കില്ലല്ലോബാല്ല്യവുമില്ലാ കളിചിരിയും- സ്വാതന്ത്ര്യം
നഷ്ടമാകുന്നു വെറും യന്ത്രമായ്ത്തീർന്നു സ്വത്വം നശിക്കുന്നു.
സത്യം, സഹിഷ്ണുത, സ്നേഹം, വിശ്വാസമതെല്ലാം വളരുന്നു- സമൂഹത്തിൽ
സത്തയാം സംസ്ക്കാരധാരയിൽ നിന്നു കുഞ്ഞുങ്ങളകലുന്നു.
മാത്രയൊന്നൊന്നു തിരിഞ്ഞുനോക്കൂ രാമചന്ദ്രൻമാർ, വിശ്വേശരൻ രവീന്ദ്രൻ
മാത്രമല്ലൊട്ടേറെ പേർ പെറ്റോർ സ്വാതന്ത്ര്യസംഗരനായകൻമാർ
മാതൃഭാഷയിൽ താനല്ലൊ പഠിച്ചു വളർന്നു വലുതായി- യശോധനൻ
മാരായ് ജ്വലിപ്പു ചരിത്രത്തിന്നേടുകൾ സാക്ഷ്യമാണോർക്കേണം.
പെറ്റമ്മയെ മറന്നു മറ്റമ്മയിൽ സ്നേഹം, ബഹുമാനം- കാപട്യം
തെറ്റാണിതുവരും പുത്തൻ തലമുറ തെറ്റിത്തെറിച്ചു പോകും.
അമ്മയാം കേരള,മമ്മിഞ്ഞപ്പാൽ മലയാളമറിയേണം- കുഞ്ഞുങ്ങൾ
നമ്മുടെ മണ്ണിൻ മണവും വളക്കൂറുമേറ്റു വളരേണം.
തുഞ്ചത്തെ കാഞ്ഞിരക്കൊമ്പിൽ കിളിക്കുഞ്ഞിൻ കൊഞ്ചലറിയേണം- മഹത്താം
കുഞ്ചന്റെ തുള്ളലിൽ തഞ്ചുന്ന ജീവിതതാളമറിയേണം

ഉന്തുന്തുന്താളെയുന്തുന്ന ചെറുശ്ശേരി ചന്തമറിയേണം- താരാട്ടിൻ
ചിന്തുകളോമനത്തിങ്കളിൽ ചാർത്തുന്ന തമ്പിയെ കാണേണം.
വർഷങ്ങൾ നാൽപതായ് കേരളസംസ്ഥാനം വന്നു പിറന്നിട്ടും- മലയാള
ഭാഷയനാഥയായാസന്നമൃത്യുവെ കാത്തുകിടക്കുന്നു.

**ഒരു പുതിയ പാട്ട്**

പറയനും പുലയനും തല നീർത്തി നിൽക്കുന്ന
പുതിയൊരു ഭാരതത്തിനായ്
പണിയെടുപ്പോർക്കാണ് ഉലകമെന്നറിയുന്ന
പുതിയൊരു ഭാരതത്തിന്നായ്
മേലാളരില്ലാത്ത,കീഴാളരില്ലാത്ത
പുതിയൊരു ഭാരതത്തിന്നായ്
കുതികൊള്ളുവോരുടെ പടയണിയിൽ ഞാനു-
മൊരു തുള്ളിയായ് ലയിക്കുന്നു.

മർത്യരായ് മണ്ണിൽ പിറന്നവർ കോടികൾ
മർത്യരായ്മാറാത്ത നാട്ടിൽ
ചന്തയിൽ വില്ക്കപ്പെടുന്നവരാകുവാൻ
എന്താകിലും വയ്യ വയ്യ..
ഉണരാം ഉണർന്നെഴുന്നേൽക്കാം പരസ്പരം
പുണരുന്ന മർത്യരായ് തീരാം.
അതിനുള്ള വഴിയിൽ തടസ്സങ്ങൾ തീർപ്പവരാ-
രാകിലും മർത്ത്യരല്ല.
ഒരു മർത്യനെങ്കിലും ഭക്ഷണമില്ലാത്തോ-
രുലകിനു സൗന്ദര്യമില്ല.
ഒരു മർത്യനെങ്കിലും വേദനിക്കുന്നതാ-
മുലകിനു സൗന്ദര്യമില്ല.
കാലങ്ങളേറെയായ് കാൽക്കീഴിലമരുന്ന
കോലങ്ങളുയരുന്ന കണ്ടോ.
ഒരു പുതിയ പുലരിത്തുടുപ്പുകണ്ടോ, നിങ്ങൾ
ഒരു പുതിയ ഭാരതം കണ്ടോ.
**മുല്ലനേഴി**

## നവമാലിക

കറുത്ത പെണ്ണേ കരിങ്കുഴലീ ഹയ്ലസ

നിനക്കൊരുത്തൻ ഹയ്ല ഹയ്ലസ
പെണ്ണിന്റെ കയ്യിലെ കനകവള
കനകവള കിലുക്കം കേട്ടേ
കിളിപറന്നേ മലകടന്നേ.
(ദൃശ്യാവിഷ്ക്കരണം)

ഗായകസംഘം

നാട് ചുറ്റി ഊരു ചുറ്റി
പാടിയാടി പോകുവോരേ

നാടുണർന്ന കഥയൊന്നു പാടിതരാമോ
ഒന്നു പാടിതരാമോ.
മലനിരകൾ മുടിചൂടിയ
അലകടലിൻ പുടവചുറ്റിയ

മലനാടിൻ കഥയൊന്നു പാടിതരാമോ
ഒന്നു പാടിതരാമോ
തെന്തിനം തെന്തിനം തെന്തിനം താരോ
പാടിതരാമേ ഞങ്ങൾ പാടിതരാമേ.

നരേറ്റർ : ഇതൊരു പുരാവൃത്തമാണ്. നമ്മുടെ മലനാടിന്റെ കഥ. നിരവധി നൂറ്റാണ്ടുകളിലൂടെ അനേകം വികാസങ്ങളിലൂടെ നാം ഇവിടെ വരെ എത്തിയ കഥ.

കോറസ്സ് : പാടിതരാമേ ഞങ്ങൾ പാടിതരാമേ (2)

നരേറ്റർ : അന്ന് അടിമകളും ഉടമകളും ഇല്ലായിരുന്നു. രാജാവും പ്രജകളും ഇല്ലായിരുന്നു. ചൂഷകനും ചൂഷിതനുമില്ലായിരുന്നു. കാടുവെട്ടി മലനിരത്തി വയലൊരുക്കിയ ജനത. അധ്വാനത്തിന്റെ ഫലം അവർ കൂട്ടായി പങ്കിട്ടു. സഹ്യാദ്രി ചെരിവുകളിൽ അറബിക്കടലോരത്ത് അധ്വാനിക്കുന്നവരുടെ മാത്രമായ ഒരു നാട് മലനാട്.

ഗായകസംഘം : കന്നിമാസം കണ്ണുതുറന്നേ
പാടിതരാമേ ഞങ്ങൾ പാടിതരാമേ
കളവരമ്പിൽ കറ്റനിരന്നേ
പാടിതരാമേ.
കണ്ണൻമീന് കണ്ടങ്ങളിൽ
തുള്ളിച്ചാടുന്നു
പാടിതരാമേ ഞങ്ങൾ പാടിതരാമേ
കള്ളുമോന്താൻ കയ്യിലിത്തിരി
കാശുകെടച്ചേ
പാടിതരാമേ ഞങ്ങൾ പാടിതരാമേ.

(ആക്ഷൻ)

ഗായകസംഘം : ചേറിൽ പണിതവർ
ചോരയൊന്നായവർ
ചേരിതിരിഞ്ഞുപോയ്

ചോരചിന്താൻ
നാടുഭരിക്കാൻ മലനാട്ടിൽനിന്നൊരു
നായകനാനയിച്ചെത്തുകയായ്
ഓഹോയ്...ഓഹോയ്...ഓഹോ ഓഹോ, ഓഹോയ്
വാഴ്ക...വാഴ്ക...വീരചേരപെരുമാൾ

നരേഷൻ : നോക്കൂ, അങ്ങനെ പേരുമാക്കന്മാർ കേരളത്തിലെത്തി. രാജവാഴ്ചയുടെയും നാടുവാഴിത്തത്തിന്റേയും തുടക്കം. ഉത്തരഭാരതത്തിൽനിന്നും ഒരു പുത്തൻ ഭാഷയും സംസ്ക്കാരവും കേരളത്തിലെത്തി. പെരുമാക്കന്മാർ ആര്യബ്രാഹ്മണരെ കേരളത്തിൽ അധിവസിപ്പിച്ചു. വൈദീകമതവും സംസ്ക്കാരവും കേരളത്തിലെത്തി.

ഓം തത് സവിതുർവരേണ്യം
ഭർഗ്ഗോ ദേവസ്യ ധീമഹിം.
ദീയോയോന പ്രജോതയാത്

(ബ്രാഹ്മണരുടെ വരവ്)

ഭൂതനാം പ്രാണിനശ്രേഷ്ട
പ്രാണിനാം ബുദ്ധിജീവിതാം

ബുദ്ധിമസ്സു നരഃശ്രേഷ്ഠഃ
നരേഷു ബ്രാഹ്മണ സ്മൃതഃ

നരേഷൻ : നാട്ടുഭാഷയുടെ നാവടച്ചുകെട്ടി നാട്ടുകാർക്ക് മനസ്സിലാവാത്ത ഭാഷ വന്നു. ജീവജാലങ്ങളിൽവെച്ച് ഏറ്റവും ശ്രേഷ്ഠൻ ബ്രാഹ്മണരാണെന്ന് അവർ പറഞ്ഞു പരത്തി. ഭൂസ്വത്ത് ബ്രാഹ്മണനു മാത്രം അവകാശപ്പെട്ടതായി, ദേവസ്വവും ബ്രഹ്മസ്വവും. ചാതുർവർണ്ണ്യം

ജാതി വിഭജനമായി ജീർണ്ണിച്ചു.

(മൂന്നു ബ്രാഹ്മണർ വരുന്നു. അധഃസ്ഥിതരെ കാണുന്നു.)

(ഹേ...ഹോയ് എന്നുറക്കെ പറഞ്ഞ് അവരെ ആട്ടി അകറ്റുന്നു.)

അധഃസ്ഥിതർ : മാറാൻ പറയുവാൻ എന്താണ് കാരണം.

മാറ്റാനാണോ മറുതയാണോ

നിങ്ങളെ കുത്തിയാലും ഒന്നല്ലെ ചോര

എങ്ങളെ കുത്തിയാലും ഒന്നല്ലെ ചോര

(ബ്രാഹ്മണൻ പോകുന്നു. ബുദ്ധഭിക്ഷുക്കൾ വരുന്നു.)

ബുദ്ധം ശരണം ഗച്ഛാമി

ധർമ്മം ശരണം

സംഘം ശരണം.

(അവർ ആളുകളെ വിളിച്ചുകൂട്ടി ആതുരശുശ്രൂഷ നടത്തുന്നു.) എഴുത്തു പഠിപ്പിക്കുന്നു.

നരേഷൻ : ക്രിസ്ത്വബ്ദത്തിന്റെ ആദ്യദശകങ്ങളിലെ കേരളമാണിത്. വൈദിക സംസ്ക്കാരത്തിന്റെ വൈകാരിക വൃന്ദങ്ങളെ വെല്ലുവിളിച്ചുകൊണ്ട് ചാതുർവർണ്ണ്യത്തെ ചവിട്ടിതെറിപ്പിച്ചുകൊണ്ട് അങ്ങകലെ ഭാരതത്തിന്റെ ഉത്തരദിശകളിൽ ബുദ്ധൻ സഞ്ചരിച്ചു. ബുദ്ധസന്ദേശം കേരളത്തിലെത്തിയത് നൂറ്റാണ്ടുകൾക്കുശേഷമാണ്. പള്ളികളും പള്ളിക്കൂടങ്ങളുമായിരുന്നു ബുദ്ധവിഹാരങ്ങൾ ആതുരശുശ്രൂഷാകേന്ദ്രങ്ങൾ. ജാതിബോധത്തെ കുഴിവെട്ടി മൂടി. ബ്രാഹ്മണമേധാവിത്വത്തിന് അറുതി വന്നു. രാജാക്കന്മാരിലും മാറ്റം വന്നു. അവരിൽ ഒരാൾ ബുദ്ധമത അനുയായിയായി. പള്ളിഭാണ പെരുമാൾ.

ഗായകസംഘം : ഭജഗോവിന്ദം ഭജഗോവിന്ദം

ഗോവിന്ദം ഭജ മൂഢമതേ

സംപ്രാപ്യേ സന്നിഹിദേ കാലേ

നഹി നഹി രക്ഷതി സുകൃഞ്ജകരണേ.

നരേഷൻ : എട്ടാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ഉജ്ജ്വല പ്രതിഭയാൽ ഭാരതവർഷത്തെ ഉത്തേജിപ്പിച്ച ജഗദ്ഗുരു ശങ്കരാചാര്യർ സർവ്വജ്ഞപീഠം കയറി കേരളത്തിലെത്തിയ കേരളീയനായ ആചാര്യൻ. ബുദ്ധമത സംസ്ക്കാരത്തെ തിരസ്ക്കരിക്കാൻ നേതൃത്വം നൽകി. യജ്ഞങ്ങളും യാഗങ്ങളുമായി വീണ്ടും ബ്രാഹ്മണ മേധാവിത്വം ഉയിർത്തെഴുന്നേറ്റു. ആചാരങ്ങളിൽ പലതും ആചാരങ്ങൾക്കു വേണ്ടിയായി ദുരാചാരങ്ങളായി.

(വൈദികർ വരുന്നു. വൈദികരും ബുദ്ധഭിക്ഷുക്കളും തമ്മിൽ മത്സരിക്കുന്നു. വൈദികർ പോയ വഴിയിലൂടെ ബുദ്ധഭിക്ഷുക്കളെ ആക്രമിക്കാൻ ആളുകൾ വരുന്നു, ഏറ്റുമുട്ടുന്നു.)

ഗായകസംഘം : താനാരോ തന്നാരോ തക

താനാരോ തന്നാരോ

അമ്മേ മഹാമായേ കാളിയമ്മേ

ചോര ചെമ്മേ നിവേദിച്ചു കുമ്പിടുന്നേ.

(താനാരോ...)

ജാതിയും ബോധവും കൈവിട്ട

ബൗദ്ധരേ

നാടുകടത്തി പടിയടച്ചു

(താനാരം...)

നരേഷൻ : ചരിത്രത്തിന്റെ ക്രൂരവും വികൃതവുമായ പരിണാമം. ബുദ്ധമതസംസ്ക്കാരത്തിന്റേതായ ആ സുവർണ്ണകാലം മധുരസ്മൃതിയായി. സംഘകാലത്തിന്റെ ഓർമ്മക്ക് ഏതാനും സാഹിത്യകൃതികളും ശാസ്താവെന്ന ആരാധനാമൂർത്തിയും ബാക്കിയായി. ബ്രാഹ്മണമേധാവിത്വം ജന്മിത്തമായും നാടുവാഴിത്തമായും വേഷം മാറി. മലനാട് മൂന്ന് നാട്ടുരാജാക്കന്മാരുടെ ചവിട്ടടിയിലായി. കോഴിക്കോട്, കൊച്ചി, തിരുവിതാംകൂർ.

(വിദേശവാഴ്ചയുടെ ആരംഭം, പായ്ക്കപ്പലിൽ വെള്ളക്കാരായകച്ചവടക്കാർ വരുന്നു. ചരക്കു വാങ്ങുന്നു.)

ഗായകസംഘം : അറബിക്കടലിന്റെ കരളും പിളർന്നു-
കൊണ്ടൊരു കൊച്ചുപായ്ക്കപ്പലെത്തി.
കടലിന്നും മലകൾക്കുമകലെ നിന്നാ-
വെള്ളക്കഴുകന്മാർ ചിറകടിച്ചെത്തി.
കുരുമുളകുമേലവും മലകളിൽ മരതക-

കുടനീർത്തും നാട്ടിലേക്കെത്തി
മെയ്യാകെ വറ്റാത്ത വേർപ്പുമായി വിഭവങ്ങൾ
കൊയ്യും കൃഷിക്കാർ തൻ നാട്ടിൽ.

നരേഷൻ : അതെ. കാലഗതി മാറുകയായി. നൂറ്റാണ്ടുകളായി അറബികളും ചീനക്കാരും കച്ചവടം നടത്തിവന്ന കേരളത്തിൽ പടിഞ്ഞാറുനിന്നും പുതിയ ശക്തികൾ കടന്നുവന്നു. ഡച്ചുകാരും പോർച്ചുഗീസുകാരും അവരെ തോൽപ്പിച്ചുകൊണ്ട് ബ്രിട്ടീഷുകാരും. നൂറ്റാണ്ടുകളിലൂടെ നൂറു നൂറു കുതന്ത്രങ്ങളിലുടെ മലനാടിന്റെ ഭരണം അവർ തട്ടിപ്പറിക്കുന്നു. നാടുവാഴികൾ അവരുടെ വിടുപണിക്കാരായി. അവശ ലക്ഷങ്ങൾ അശരണരായി.

ക്രൂരം വിദേശീയ രാജ്യഭാരത്തിനാൽ
പാരം തളർന്നുപോയ് മാതൃഭൂമി
വീറോടെ പോരാടാൻ അങ്കം കുറിച്ചല്ലോ
വീരപഴശ്ശിയും വേലുത്തമ്പിയും

(പഴശ്ശിയുടേയും വേലുത്തമ്പിയുടേയും അന്ത്യം)

നരേഷൻ : ഒരു ഭാഗത്ത് വികൃതമായ വിദേശഭാഷ മറുഭാഗത്ത് ജന്മിനാടുവാഴിത്ത വ്യവസ്ഥ. ഈ ഇരുട്ടിൽ ഇടിമിന്നൽപോലെ ആ മഹാൻ വന്നു. ശ്രീനാരായണൻ.

ഗായകസംഘം : ജാതിഭേദം മതദ്വേഷം
ഏതുമില്ലാതെ സർവ്വരും

സോദരത്വേന വാഴുന്ന
മാതൃകാസ്ഥാനമാണിത്

ഒരു ജാതി ഒരു മതം
ഒരു ദൈവം മനുഷ്യന്

(ആക്ഷൻ)

അന്തണനെ ചമച്ചുള്ളോരു കയ്യല്ലോ
ഹന്ത നിർമ്മിച്ചു ചെറുമനേയും

കാലം വൈകിപ്പോയി കേവലമാചാരനൂലുക-
ളെല്ലാം പഴകിപ്പോയി.

മാറ്റുവിൻ ചട്ടങ്ങളെ സ്വയം
അല്ലെങ്കിൽ മാറ്റും അതുകളീ
നിങ്ങളെത്താൻ.

(സവർണ്ണർ പിൻവാങ്ങുന്നു.)

നരേഷൻ : ഇരുപതാം നൂറ്റാണ്ടിന്റെ പ്രഭാതം. അടിമത്വത്തിനെതിരെ പോരാടൻ ഭാരതം തയ്യാറാവുന്നു. അതിന്റെ അലയടികൾ മലനാട്ടിലുമെത്തി. തിരുക്കൊച്ചിയിൽ രാജഭരണത്തിനെതിരെ മലബാറിൽ ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരെ.

ഭാരത് മാതാ കീ ജയ്! മഹാത്മാഗാന്ധികീ ജയ്! ബ്രിട്ടീഷുകാർ ഇന്ത്യ വിടുക!

(വെള്ളപ്പട്ടാളക്കാരുമായുള്ള ഏറ്റുമുട്ടൽ)

നരേഷൻ : കേരളത്തിലെ സ്വാതന്ത്ര്യസമരത്തിന് വിവിധ മുഖങ്ങളുണ്ടായിരുന്നു. അടിമത്വത്തിനും ജാതീയതയ്ക്കുമെതിരായ സംഘടിത സമരമായി അത് മാറി. ആരാധനാ സ്വാതന്ത്ര്യത്തിനുവേണ്ടിയും പോരാടി. വൈക്കം, ഗുരുവായൂർ, പാലിയം സമരങ്ങൾ. വയലാർ, കയ്യൂർ പോരാട്ടങ്ങൾ. കണ്ണിൽ ചോരയില്ലാത്ത ജന്മിത്വത്തെ ചെറുക്കാൻ അനേകം പേർ രക്തസാക്ഷികളായി.

(ഓടിവന്ന് വരിവരിയായി നിന്ന് പാടുന്നു.)

പാട്ട് : മിഴികളിൽ ആവേശ തെളിനാളം
ഹൃദയത്തിൽ വഴിയുന്ന

വിപ്ലവ വീര്യ ബോധം.
അലയടിച്ചെത്തുന്ന തെക്കൻ കൊടുങ്കാ
റ്റിൽ
അലറുന്ന വയലാറിൻ ശബ്ദം കേൾപ്പൂ.

(കയ്യൂരിലേയും കാവുമ്പയിലേയും ഏറ്റുമുട്ടലുകൾ).

അവകാശ സമരത്തിനഗ്നിസ്ഫുലിംഗങ്ങൾ
കരിവെള്ളൂർ കയ്യൂരിൽ കാവുമ്പായിൽ

അടിയേറ്റു വെടിയേറ്റു പതറാതെ മുന്നേറി പൂർവ്വികന്മാർ,

(ഞാറ്റുവേല പാട്ടിന്റെ പശ്ചാത്തലം. കോമനും കൂട്ടരും വിള കൊയ്യുന്നു. പോലീസുകാരും ജന്മികളും തടയുന്നു.)

ഗായകസംഘം : ആരേ പോയ പുകിൽക്കിപാട-
ത്തരിമയോടാര്യൻ വിത്തിട്ടു

കോമനുഴുതു മറിച്ചു പാടം
കോമൻ വിതച്ചു പൊന്നാര്യൻ.
ആരെ കൊയ്ത്തു കഴിച്ചതീയാണ്ടിൽ

കോമൻ വിളയിച്ച പൊന്നാര്യൻ
കോമനുമല്ല പണിക്കാരും ഒരു-

കോടതി ആമീനുമാൾക്കാരും.
ജന്മിക്കുചേല്ലേണ്ടും പാട്ടബാക്കിക്കുള്ള

ജപ്തിയും കൊയ്ത്തുമീധിക്കാരം.

നരേഷൻ : ഇരുപതാം നൂറ്റാണ്ടിന്റെ മധ്യാഹ്നമായപ്പോഴേക്കും ഇന്ത്യൻ സ്വാതന്ത്ര്യസമരം തിളച്ചുമറിഞ്ഞു. രണ്ടാം ലോകമഹായുദ്ധത്തോടെ തകർന്ന് ബ്രിട്ടീഷ് സാമ്രാജ്യത്വം സമർത്ഥമായ രീതിയിൽ ഇന്ത്യ വിട്ടൊഴിഞ്ഞുപോയി

(യൂനിയൻ ജാക്ക് വലിച്ചു താഴ്ത്തുന്നു, ദേശീയപതാക ഉയർത്തുന്നു.)

ഗായകസംഘം : പോര പോര നാളിൽ നാളിൽ
ദൂര ദൂരമുയരട്ടെ
ഭാരതക്ഷ്മ ദേവിയുടെ തൃപ്പതാകകൾ

(ദേശീയപതാകയെ സല്യൂട്ട് ചെയ്യുന്നു.)

നരേഷൻ : ആയിരത്തി തൊള്ളായിരത്തി നാല്പത്തിഏഴ് ആഗസ്റ്റ് 15 ഒരു പുതുയുഗപ്പിറവി. പക്ഷേ ഭരണാധികാരം വിട്ടൊഴിയുമ്പോൾ ബ്രിട്ടീഷുകാരന്റെ കുടിലബുദ്ധി ഇന്ത്യയെ വെട്ടി മുറിച്ചു. മതവിദ്വേഷത്തിന്റെ ചുടലയിൽ അനേകം സഹോദരങ്ങൾ ചാമ്പലായി. സിന്ധു ഗംഗാ താഴ്‌വരയിൽ ചോരപ്പുഴ ഒഴുകി.

(ജനങ്ങൾ പരസ്പരം വെട്ടി മരിക്കുന്നു.)

നരേഷൻ : എന്നാൽ കേരളം ഇതിൽനിന്നും ഭിന്നമായിരുന്നു. മതജാതിചിന്തകൾക്കതീതമായി നാം മനുഷ്യമഹത്വത്തിന്റെ ഗാഥകൾ പാടി.

ഗായകസംഘം : ഹൈന്ദവരും ക്രൈസ്തവരും
മുസ്ലീം സഹോദരരും

കുന്നലനാട്ടിൽ അന്നും കൂടപ്പിറപ്പായ്
ഒരുമയിലും മമതയിലും ഒരു-

തറവാടെന്ന മട്ടിൽ
അരുമയിലും പെരുമയിലും

ജീവിതമാർന്നു.

നരേഷൻ : മാറ്റങ്ങൾ വീണ്ടും മാറ്റങ്ങൾ, മൂന്നായി വെട്ടിമുറിക്കപ്പെട്ട കേരളം 1956 നവംബർ 1–ാം തിയ്യതി ഒന്നായിത്തീർന്നു. ഐക്യകേരളം യാഥാർത്ഥ്യമായി.
സിന്ദാബാദ് സിന്ദാബാദ് ഐക്യകേരളം
സിന്ദാബാദ്!

പദം പദം ഉറച്ചു നാം
പാടി പാടി പോവുക
പാരിലൈക്യ കേരളത്തിൽ

കാഹളം മുഴക്കുവാൻ (2)

നരേഷൻ : മലയാളം സംസാരിക്കുന്ന മലനാട് ഒന്നായി. നൂറ്റാണ്ടുകളായി ജന്മിത്വത്തിലും അടിമത്വത്തിലുമാണ്ട ജനലക്ഷങ്ങൾ വീണ്ടും പരിവർത്തനങ്ങൾക്കുവേണ്ടി ദാഹിച്ചു. അവർ അതിനായി സംഘം ചേർന്നു.

(കുടിയിറക്ക്, കൊയ്ത്ത് തടയൽ)

ഇതിനൊക്കെ പ്രതികാരം ചെയ്യാത-
ടങ്ങുമോ പതിതരെ നിങ്ങൾ തൻ
പിന്മുറക്കാർ
പുത്തൻ കലവും അരിവാളും
കലർന്നൊത്തിടി വെട്ടി കണ്ടത്തിൽ
അധികാരം കൊയ്യണമാദ്യം നാം

അതിനുമേലാവട്ടെ പൊന്നാര്യൻ.

നരേഷൻ : മലയാളികൾ വീണ്ടും ചരിത്രം സൃഷ്ടിച്ചു. കേരളത്തിലെ ആദ്യത്തെ ജനകീയ ഭരണകൂടം. കുടിയൊഴിപ്പിക്കൽ തടഞ്ഞു. ജന്മിത്വം അവസാനിപ്പിച്ചു. സ്വതന്ത്രഭാരതത്തിൽ ആദ്യമായി കാർഷിക പരിഷ്ക്കരണം ആവിഷ്ക്കരിച്ചു. മാനവ സമത്വത്തിലേക്കുള്ള ഐതിഹാസിക പ്രയാണം.

കാടുകളും തോടുകളും കടലലയും പാടുന്നു
കായലുകൾ വയലേലകൾ മലനിരകൾ പാടുന്നു
പാടും പെടും മാനവരുടെ ചോരയൊന്നാണേ
നാടുനീളെ പുലരുന്ന മാനുഷരൊന്നേ.

നരേഷൻ : ഹിന്ദുക്കളും മുസ്ലീങ്ങളും ക്രൈസ്തവരുമായി രണ്ടേമുക്കാൽ കോടി മനുഷ്യർ ഏകോ

ദര സഹോദരങ്ങളെപോലെ അധിവസിക്കുന്ന നിത്യഹരിതമായ താഴ്‌വര. സാക്ഷരത യുടെ സൗഹൃദത്വത്തിന്റെ സാഹിത്യ കലാപാരമ്പര്യങ്ങളുടെ സാംസ്കാരിക മുന്നേ റ്റങ്ങളുടെ കൊടിക്കൂറയുമേന്തി ഇതാ കേരളം. മനുഷ്യ വിദ്വേഷം പ്രചരിപ്പിക്കുന്ന മഹി ഷാസുര ശക്തികൾക്കെതിരെ ആഞ്ഞടിക്കുന്നു. മനുഷ്യസ്നേഹത്തിന്റെ മധുരസംഗീതം ആലപിക്കുന്നു. വരൂ. നമുക്കും ഒപ്പം പാടാം.

കാടുകളും തോടുകളും കടലലയും പാടുന്നു
കായലുകൾ വയലേലകൾ മലനിരകൾ
പാടുന്നു
പാടുപെടും മാനവരുടെ ചോരയൊന്നാണേ
നാടുനീളേ പുലരുന്ന മാനുഷരൊന്നേ

ഹൈന്ദവരും ക്രൈസ്തവരും മുസ്ലീംസഹോദരരും
കുന്നല നാട്ടിൽ എന്നും കൂടപ്പിറപ്പായ്

തോളോടുതോൾച്ചേർന്ന് സ്നേഹാഭിരാമമായ
വീഥിയിലൂടെ വരൂ സോദരരേ

മാവേലി നാടു നന്നായ് മധുരക്കിനാക്കളുമായ്
മാനവരൊന്നാകും നാടുപിടിക്കാം
കേരളത്തിൽ വസന്തത്തിൻ തേരു തെളിക്കാം.

## മാലിന്യം

(ചെണ്ടമേളം. കോറസ്സ് ഇരുവശത്തുനിന്നും വന്ന് ഒരു വാതിലായി രൂപപ്പെടുന്നു. അകത്തുനിന്ന് ശാന്ത അരങ്ങിലേക്ക് എറിയപ്പെടുന്നു. പിന്നാലെ പാറു വന്നു നിൽക്കുന്നു. ബാലൻ തൊട്ടുപിറകെ ശാന്തയുടെ പെട്ടിയും മറ്റും ശാന്തയുടെ മുന്നിലേക്ക് എറിഞ്ഞുകൊടുക്കുന്നു.)

പാറു : ദേ....കിടക്കുന്നെടീ നിന്റെ പെട്ടീം പ്രമാണോമൊക്കെ. നിന്റെ തറവാട്ടുമഹിമകൊണ്ടൊന്നുമല്ല നിന്നെ ഇവിടെ കെട്ടിച്ചോണ്ടുവന്നത്. നിന്റെ പൊന്നാര അച്ഛനോട് ചെന്നു പറഞ്ഞേക്ക് സ്ത്രീധനത്തിന്റെ ബാക്കി നാളെത്തന്നെ കൊണ്ടുതന്നില്ലെങ്കിൽ എന്റെ അടിച്ചതിനകത്ത് കേറ്റത്തില്ലെന്ന്. ഇതാരാ....പറയണതെന്നറിയാമോ? കിഴക്കേടത്തെ പാറുക്കുട്ടിയാ....ങാ....

ബാലൻ : ചേട്ടത്തിയോട് വിരോധമൊന്നുമുണ്ടായിട്ടല്ല. ഇരുപത്തയ്യായിരം രൂപ കൊടുത്താലേ എനിക്കാ ജോലി ശരിയാകൂ. ഇവിടെ വേറെ മാർഗ്ഗമൊന്നുമില്ലെന്ന് ചേട്ടത്തിക്കറിയില്ലേ?

ശാന്ത : നീയെന്താ ബാലാ ഇങ്ങനെ പറയുന്നത്? എന്റെ വീട്ടിലെ സ്ഥിതി നിനക്കറിയില്ലേ. ഇനിയും മൂന്നാലു പെൺകുട്ടികളെ കെട്ടിക്കാനുള്ള വീടല്ലേ എന്റേത്?

പാറു : അതെന്തിനാടി ഞങ്ങളറിയണത്?

ബാലൻ : അമ്മയകത്തേയ്ക്കു പോ. ചേച്ചി ചെന്ന് ബാക്കി തുക വാങ്ങിക്കൊണ്ടുവരട്ടെ. (ഇരുവരും അകത്തേക്ക്. പാറുവിന്റെ ഭർത്താവ് മദ്യപിച്ച് ആടി ആടി വരുന്നു. ശാന്തയെ കണ്ട്.)

ഭർത്താ : അയ്യോ മോളേ എന്തുപറ്റി? നീയെന്താ ഇങ്ങനെയിരിക്കണത്? അല്ലേ പെട്ടീം പ്രമാണോമൊക്കെ ഒണ്ടല്ലോ. നീയങ്ങു വീട്ടിൽ പോകുവാണോ? (പാറു വരുന്നു.)

പാറു : നിങ്ങക്കെന്താ മനുഷ്യനെ ഇവിടെക്കാര്യം? അകത്തേയ്ക്കു പോ.

ഭർത്താ : അല്ലേലും ഞാനിത് നേരത്തേ കരുതിയതാ ഇങ്ങനേ വരൂന്ന്. പോടി....വീട്ടിൽപ്പോയി ബാക്കി കാശു വാങ്ങിക്കൊണ്ടു വാടീ. പാറൂന്റെ കെട്ടിയോനാ ഇപ്പറയുന്നത്.

പാറു : വാ മനുഷ്യാ ഇങ്ങോട്ട്. (പിടിച്ചുകൊണ്ട് അകത്തേയ്ക്ക് പോകുന്നു.)
(ശാന്തയുടെ ഭർത്താവ് വരുന്നു.)

ഭർത്താ : ശാന്തേ എന്താണിത്? (ശാന്ത കാൽക്കൽ വീണു പൊട്ടിക്കരയുന്നു.)
അമ്മേ....അമ്മേ.... (പാറു വരുന്നു. ബാലനും). അമ്മേ എന്താണിത്?

ബാല : ചേട്ടാ, ഇന്റർവ്യൂ കഴിഞ്ഞു. ഇനി 25,000 രൂപ കൂടി കൊടുത്താൽ എനിക്കാ ജോലി കിട്ടും.

ചേട്ടന്റെ കയ്യിലുണ്ടോ തരാൻ? ചേട്ടത്തിയോട് ചോദിച്ചപ്പോൾ അമ്മയും ചേട്ടത്തിയും കൂടി ഒന്നും രണ്ടും പറഞ്ഞു വഴക്കായി. അവർക്ക് ഇവിടെ കഴിയാൻ വയ്യത്രേ! വീട്ടിൽ പോകണമത്രേ! പോകട്ടെ. (ബാലൻ പോകുന്നു.)

ഭർത്താ : ശാന്തേ നീയീ സന്ധ്യയ്ക്കാണോ വീട്ടിൽപ്പോകുന്നത്? വേണ്ട. ഈ നേരത്ത് എങ്ങും പോകേണ്ട.

പാറു : അവളു പോകട്ടെടാ....പോയി സ്ത്രീധനം കൊണ്ടുവരട്ടെ.

ഭർത്താ : ഈ സന്ധ്യയ്ക്കാണോ നിങ്ങളവളെ പറഞ്ഞുവിടാൻ പോണത്?

പാറു : അല്ലല്ലേ: വേണ്ട വേണ്ട നീയവളെയങ്ങകത്തുകൊണ്ടുപോയി വച്ച് പൂജിക്ക്. (പോകുന്നു.)

ഭർത്താ : ശാന്തേ....എഴുന്നേൽക്ക്....അകത്തുപോ (പെട്ടിയും മറ്റും എടുത്ത് ശാന്തയേയും കൂട്ടി അകത്തേയ്ക്ക്.)

....ചെണ്ട....

കോറസ് അഞ്ചുപേർ പുറംതിരിഞ്ഞു നിൽക്കുന്നു. പാറുവും ഭർത്താവും ബാലനും വരുന്നു. തിരക്കിട്ട ചർച്ചകൾ. പാറുവാണ് നയിക്കുന്നത്....ചെണ്ടമേളം മാത്രം. മേളം നിലയ്ക്കുമ്പോൾ....

ഭർത്താ : നീയെന്താ പാറൂ ഈ പറയുന്നത്?

ബാലൻ : ചേട്ടനെന്താ വേറെ പെണ്ണിനെ കിട്ടില്ലേ? നമ്മളിതു പുറത്താരോടും പറയാതിരുന്നാൽ മതി?

ഭർത്താ : അതിനിങ്ങനെ തന്നെ ചെയ്യണൊന്നൊണ്ടൊ എന്റെ പാറൂ?

പാറു : ഇതേയുള്ളൂ അതിനൊരു മാർഗ്ഗം....

(ചെണ്ടമേളം മുറുകുന്നു....കോറസ് ഇരിക്കുന്നു. പിന്നിൽ തൂങ്ങി മരിച്ചുനിൽക്കുന്ന ശാന്ത. പാറുവും സംഘവും മുതലക്കണ്ണീർ പൊഴിക്കുന്നു. ചെണ്ടമേളം ഉയർന്ന് പൊടുന്നനെ നിലയ്ക്കുന്നു).

കോറസ് I : (എഴുന്നേറ്റു മുന്നോട്ടു വന്ന്) ഒരു മരണം?

കോറസ് II : ,, ,, അല്ല ആത്മഹത്യ.

കോറസ് III : ,, ,, അല്ല കൊലപാതകം.

IV : നമ്മുടെ നാട്ടിൽ ഇത്തരം എത്രയെത്ര സംഭവങ്ങൾ?

ഒരുമിച്ച് : ഇതിന്റെയെല്ലാം സത്യം ആർക്കറിയാം? എങ്ങനെയറിയും?

V : നമ്മുടെ നാട്ടിലേയും വീട്ടിലേയും ഇത്തരം പ്രശ്നങ്ങൾ നമ്മുടെ മുന്നിലെത്തിക്കുന്നത് പത്രങ്ങളാണ്. നമ്മുടെ നാട്ടിലുമുണ്ട് ഇത്തരം വാർത്തകളെത്തിക്കുന്ന പത്രങ്ങളും മാസികകളും.

(ചെണ്ടമേളം....കോറസ് പത്രമാഫീസാവുന്നു. പത്രാധിപർ കാളിംഗ് ബെല്ലടിക്കുന്നു. ഒരു ജോലിക്കാരൻ ഓടിവരുന്നു.)

പത്രാ : എവിടെപ്പോയി കിടക്കുകയാടോ താൻ? എത്ര നേരമായി വിളിക്കുന്നു? ഫീച്ചറൊക്കെ ശരിയായോ?

ജോലി : ഒരു കൊലപാതകം മരുന്നിനുപോലും കിട്ടാനില്ല. പിന്നെങ്ങനെ ഫീച്ചറുണ്ടാക്കും?

പത്രാ : ആരെക്കൊന്നിട്ടായാലും വേണ്ടില്ല; ഫീച്ചർ ഉണ്ടായിരിക്കണം.

ജോലി : ഞാൻ ഡിറ്റക്ടീവ് നോവലെഴുതിക്കൊണ്ടിരിക്കുകയായിരുന്നു സാർ....

പത്രാ : ഡോക്ടറോട് ചോദിക്കുക എന്തായി?

ജോലി : ഒരു പതിനഞ്ചു ചോദ്യവും ഉത്തരവും ഞാൻ തന്നെ എഴുതിക്കഴിഞ്ഞു.

പത്രാ : അതുമതി. പാചകവിധിയോ?

ജോലി : അതും ഞാൻതന്നെ എഴുതിയിട്ടുണ്ട്. മാങ്ങാണ്ടി ചമ്മന്തി.

പത്രാ : വാരഫലം ശരിയായില്ലേ?

ജോലി : അയ്യോ മറന്നു. ഇനിയിപ്പോ എന്തു ചെയ്യും സർ? സമയവുമില്ലല്ലോ?

പത്രാ : ഒരു കാര്യം ചെയ്യ്. രണ്ടുമാസം മുൻപത്തെ ഒരു വാരഫലം എടത്ത് നാള് പരസ്പരം മാറ്റി

ഫിറ്റ് ചെയ്യ്.

ജോലി : അങ്ങനെ ചെയ്യാം സർ....(പോകുന്നു.)

പത്രാ : എടോ; മുഖചിത്രം എന്താണ് ചേർക്കുന്നത്?

ജോലി : ഇത്തവണ അവാർഡ് കിട്ടിയ സംവിധായകന്റെ ചിത്രമായാലോ?

പത്രാ : സംവിധായകൻ! കുന്തം! എടോ പെണ്ണിന്റെ പടം വേണം....പെണ്ണിന്റെ പടം.

ജോലി : ശരി സർ. (പോകുന്നു.)

പത്രാ : ബാലമാലിന്യത്തെ ഒന്നു വിളിക്ക്.

ജോലി : ശോശാമ്മേ....ബാലമാലിന്യത്തെ വിളിക്കൂ.... (ബാലമാലിന്യം വരുന്നു.)

പത്രാ : ഈയാഴ്ചക്കുള്ളതെല്ലാം ആയോ? ഡിറ്റക്ടിവ്....ജയിംസ്ബോണ്ട്; യക്ഷിക്കഥ എല്ലാം.

ബാല:മാലി : ശരിയായിവരുന്നു.

പത്രാ : സർക്കുലേഷൻ ഇപ്പോഴെങ്ങനെ?

ബാല:മാലി : ഇപ്പോൾ കുറവാണ്. നാല് ലക്ഷം.

ജോലി : എടോ ഞങ്ങളുടെ മാലിന്യം 20 കഴിഞ്ഞു.

ബാല:മാലി : ഇതെന്റെ കുറ്റമല്ല. സർക്കുലേഷൻ കൂട്ടാൻ എന്തെങ്കിലുമൊക്കെ ചെയ്യണം. കലാമത്സരങ്ങളോ സമൂഹവിവാഹമോ....ഒക്കെ.

പത്രാ : എന്തു കുന്തം ചെയ്തിട്ടായാലും വേണ്ടില്ല സർക്കുലേഷൻ കൂട്ടണം.

(ഫോൺബെൽ. പത്രാധിപർ എടുത്ത് ശ്രദ്ധിക്കുന്നു.)

പത്രാ : ഹലോ!? മ....മ....മാലിന്യത്തിന്റെ പത്രാധിപർ ഇട്ടൂപ്പ്! എന്ത്? എന്ത്? കൊലപാതകമോ? സ്ത്രീയോ? ആത്മഹത്യയാണെന്നോ? ഉടൻ ആളെ അയയ്ക്കാം....എടോ....കൊലപാതകം .....സ്ത്രീ....ആത്മഹത്യ. രക്ഷപ്പെട്ടു. എവിടെ റിപ്പോർട്ടർ? റിപ്പോർട്ടർ....റിപ്പോർട്ടർ....

റിപ്പോർട്ടർ വരുന്നു.

റിപ്പോ : യെസ്....സർ.

പത്രാ : എടോ....ഉടൻ പോണം. മരണം. സ്ത്രീ....ഫീച്ചറുണ്ടാക്കണം. ഉടൻ പോകണം. ഫോട്ടോഗ്രാഫറെ വിളിക്ക്. ഉടൻ പുറപ്പെട്.

റിപ്പോ : എവിടെയാണ് സർ?

പത്രാ : എവിടെയെങ്കിലുമാകട്ടെടോ. ഉടൻ പുറപ്പെടടോ.

റിപ്പോ : യേസ് സർ....(പോകുന്നു.)

പത്രാ : ഓ, ആശ്വാസമായി. ഫീച്ചറിനു വകയായല്ലോ. ഇന്നൊരു നല്ല ദിവസംതന്നെ കൊലപാതകം വീണുകിട്ടിയതല്ലേ. ഇതൊന്നാഘോഷിക്കണം. ഒരു സിനിമയ്ക്കു പൊയ്ക്കളയാം; ഭാര്യയെക്കൂട്ടി. പട്ടാളം ജാനകിതന്നെ കണ്ടുകളയാം. (പോകുന്നു.)

....ചെണ്ട.... രംഗം മാറുന്നു.

ചായക്കട, ചായക്കടക്കാരൻ; വേറെ നാലുപേരും.

കോരൻ : എന്റെ കേശവൻനായരേ; സത്യമറിഞ്ഞാൽ നമ്മൾ ഞെട്ടിപ്പോകും. ഇതിന്റെയൊക്കെ വാസ്തവം എന്നെങ്കിലും പുറത്തുവരുമോ?

കേശ:നാ : ശരിയാ കോരാ....

ശശി : ഇത്തരം പ്രശ്നങ്ങൾക്കെതിരെ ഇന്നാട്ടുകാരായ നാമാണ് ഒത്തുചേരേണ്ടത്. പക്ഷെ, അതിന് നാട്ടുകാർ സത്യസ്ഥിതി എന്തെന്നറിയണം. അതിനുള്ള വഴികളാണ് നമ്മൾ ഉണ്ടാക്കേണ്ടത്.

തോമസ് : ഓ....അതൊക്കെ നമ്മളിവിടെയിരുന്നു പറഞ്ഞിട്ടെന്താ കാര്യം?

(റിപ്പോർട്ടർ വരുന്നു. തോമസ് കസേരയൊഴിഞ്ഞു കൊടുക്കുന്നു.)

തോമ : സാറിനൊരു ചായ....സാറിനെ മനസ്സിലായില്ല.

റിപ്പോ : ഞാനങ്ങ് പട്ടണത്തീന്നാ....ഒരു പത്രത്തിന്റെ ആളാ....മാലിന്യം! കേട്ടുകാണും.

തോമ : ഉണ്ടോന്നോ? അതില്ലാതെ വീട്ടിലോട്ടു ചെന്നാൽ ഭാര്യ എന്റെ കഴുത്തിനു പിടിക്കും.

റിപ്പോ : സ്ത്രീകൾക്കുവേണ്ടിയുള്ളതാണ് മാലിന്യം. അവർക്കായി സൗന്ദര്യവേദി...., പാചകരംഗം,

വാരഫലം, സമ്മാനപദ്ധതി, 5 നോവലുകൾ, അങ്ങനെ ധാരാളം വിഭവങ്ങളുണ്ട്. അവരാണ് ഞങ്ങളുടെ മുഖ്യവായനക്കാർ. പിന്നെ അവരുവഴി നിങ്ങളെപ്പോലുള്ളവരും....

കേശ:നാ : സാറെ....ആ നോവല് തീർന്നു ഇല്ലേ?

റിപ്പോ : തിർന്നു. പുതിയ ഉഗ്രനൊരു സാധനം വരുന്നുണ്ട്.

കേശ:നാ : വെട്ടുവഴി ഇട്ടൂപ്പിന്റെ നോവൽ സിനിമയാകുകയാണല്ലേ സാറേ?

റിപ്പോ : അതെ: ഒളിച്ചോടിയ അന്നാമ്മയല്ലേ? പരസ്യം ഈയാഴ്ച ഉണ്ടല്ലോ?

തോമ : സാറേ അതിലെ നടീനടന്മാരെ തെരഞ്ഞെടുക്കാൻ പറഞ്ഞിരുന്നില്ലേ വായനക്കാരോട്? എന്റെ ഭാര്യയും അയച്ചിട്ടുണ്ട്.

റിപ്പോ : ഒന്നാംസമ്മാനം എന്താണെന്നറിയില്ലേ. ഒരു പവനാ....പിന്നെ എല്ലാവരേയും പരിചയപ്പെടാൻ കഴിഞ്ഞതിൽ സന്തോഷം. ഞാനിങ്ങോട്ട് വന്നത് ഒരു പ്രത്യേക കാര്യത്തിനാണ്.

എല്ലാവരും : എന്താ സാറേ?

റിപ്പോ : ഇവിടെയടുത്ത് ഇയ്യിടെയൊരു മരണം നടന്നില്ലേ?

തോമ : മരണമോ? കൊലപാതകമാണു സാറേ.

കേശ:നാ : അല്ല സാറേ, അതൊരു ആത്മഹത്യയാണ്.

കോരൻ : ആ തള്ള ഒരു ഭയങ്കരിയാണ് സാറേ....

(റിപ്പോർട്ടർ തിരക്കിട്ട് എഴുതിയെടുക്കുന്നു. ചെണ്ട മേളം മാത്രം.)

കോരൻ : ഞാനാണ് സാറേ ആ വീട്ടില് പാല് കൊണ്ടുകൊടുക്കുന്നത്....

റിപ്പോ : എങ്കിൽ എനിക്ക് നിങ്ങളുടെ ഒരു ഫോട്ടോ വേണം. (ഫോട്ടോ എടുക്കാൻ ഒരുങ്ങുന്നു.) ഒരു പാൽക്കുപ്പി കയ്യിലെടുത്തോളൂ ദുഃഖിച്ച് നിൽക്കണം. ദുഃഖിതനായ ഗ്രാമവാസി എന്നാണിതിന്റെ അടിക്കുറിപ്പ്. (ഫോട്ടോ എടുക്കുന്നു. പുറത്തേക്ക് നടക്കുന്നു.)

എല്ലാവരും : സാറു പോകുവാണോ?

റിപ്പോ : അല്ല....കടയുടെ ഫോട്ടോ കൂടി വേണം. (ഫോട്ടോ എടുക്കുന്നു.) ഇനി ഒരുപകാരം കൂടി ചെയ്തുതരണം. ആ വീടുവരെ എനിക്കൊന്നു വഴി കാട്ടിത്തരണം.

എല്ലാവരും : അതിനൊരു വിഷമവുമില്ല സാറേ. ഞങ്ങളെല്ലാവരും വരാമല്ലോ.

റിപ്പോ : നമുക്കൊരുമിച്ചു പോകാം ഇല്ലേ?

(എല്ലാവരും പോകുന്നു. ചെണ്ടമേളം....)

തോമ : (ഓടിവരുന്നു.) എടാ....മാലിന്യം കിട്ടിയെടാ....

എല്ലാവരും ഓടിയടുക്കുന്നു. മാലിന്യം കയ്യിൽക്കിട്ടാൻ ബഹളം, തോമസ് ഇരിക്കുന്നു. എല്ലാവരേയും അടക്കി തോമസ് വായന തുടങ്ങുന്നു.

"മധ്യാഹ്ന സൂര്യന്റെ ചെങ്കതിരുകൾ ഏറ്റുകൊണ്ട് ആ ഗ്രാമവീഥിയിലൂടെ ഞങ്ങൾ നടന്നു. അങ്ങകലെ സസ്യശ്യാമളകോമളമായ വെട്ടുകുഴി ഗ്രാമം ഞങ്ങൾ കണ്ടു. കിലുകിലാരവത്തോടെ ഒഴുകുന്ന പുഴ. പുഴയുടെ തീരത്ത് പീലിവിടർത്തിയാടുന്ന ചെന്തെങ്ങുകൾ. പുഴയുടെ തീരത്തെ മരങ്ങളിൽ കിളികൾ കളകളാരവം പൊഴിക്കുന്നുണ്ടായിരുന്നു. പുഴയോരത്തെ പൊത്തുകളിൽനിന്ന് തവളകൾ ക്രോം....ക്രോം....ശബ്ദമുണ്ടാക്കി ഞങ്ങളെ ആ ഗ്രാമത്തിലേക്ക് സ്വാഗതം ചെയ്തു. ആ ഗ്രാമത്തിന്റെ മുഴുവൻ ദുഃഖവും പേറിക്കൊണ്ട് വൃക്ഷലതാദികളും തെങ്ങോലകളും ഇളംകാറ്റിൽ നിശ്ചലമായി നിന്നാടുന്നുണ്ടായിരുന്നു. ഏതാനും ദൂരം നടന്നു കഴിഞ്ഞപ്പോൾ ഞങ്ങൾ ഷാജിയുടെ ഓലമേഞ്ഞ ചായക്കടയിലെത്തി. ഗ്രാമവാസികളെല്ലാം ഞങ്ങളുടെ ചുറ്റും തടിച്ചുകൂടി. എല്ലാവരുടേയും മുഖത്ത് ദുഃഖം തളംകെട്ടിക്കിടന്നിരുന്നു. ഗദ്ഗദകണ്ഠനായി ഷാജി നടന്ന സംഭവങ്ങൾ ഞങ്ങളോട് വിവരിച്ചു. ഇതൊരു കൊലപാതകമാണെന്ന് തോമായും അല്ല ആത്മഹത്യയാണെന്ന് കേശവൻനായരും, ഞങ്ങളോട് വിവരിച്ചു. സംഭവത്തിന്റെ നിജസ്ഥിതിയറിയാൻ ഞങ്ങൾ മരണം നടന്ന വീട്ടിലേക്ക് പോയി. ഞങ്ങൾക്ക് പിന്നാലെ ഒരു ജനക്കൂട്ടംതന്നെയുണ്ടായിരുന്നു. നടന്നു നടന്ന് ഞങ്ങൾ ശാന്തയുടെ വീട്ടിലെത്തി. ചെറുതെങ്കിലും വൃത്തിയുള്ള വീട്. മരിച്ചിട്ട് മണിക്കൂറുകൾ കഴിഞ്ഞിട്ടും ബോധം തിരിച്ചുകി

ട്ടാതെ അവശനിലയിൽ കിടക്കുന്ന ശാന്തയുടെ അമ്മായിഅമ്മ; ശാന്ത കുടുംബത്തിന്റെ കെടാവിളക്കായിരുന്നു എന്ന് ഞങ്ങളോട് പൊട്ടിക്കരഞ്ഞുകൊണ്ട് പറഞ്ഞപ്പോൾ ഈ ലേഖകൻപോലും വിങ്ങിക്കരഞ്ഞുപോയി. അതാ-ഞങ്ങളങ്ങോട്ടു നോക്കി. ശാന്ത തൂങ്ങിമരിക്കാനുപയോഗിച്ച മാവിന്റെ കൊമ്പ് ഇളംകാറ്റിൽ ഊഞ്ഞാലാടുന്ന കാഴ്ച ദയനീയമായിരുന്നു. ഭാര്യ നഷ്ടപ്പെട്ട വേദന ഇപ്പോഴും വിട്ടുമാറാത്ത ശാന്തയുടെ ഭർത്താവ് താൻ ഇനി സന്യസിക്കാൻ പോവുകയാണെന്ന് ഗദ്ഗദകണ്ഠനായി ഞങ്ങളോട് പറഞ്ഞു. സംഭ്രമജനകമായ ഈ സംഭവങ്ങളുടെ നിജസ്ഥിതിയിലേക്ക് വെളിച്ചം വീശുന്ന വിശദമായ റിപ്പോർട്ട് അടുത്ത ലക്കത്തിൽ.''

അടുത്ത ലക്കത്തിൽ ശാന്ത പഠിച്ച ട്യൂട്ടോറിയൽ കോളേജധ്യാപകനുമായുള്ള അഭിമുഖസംഭാഷണം. ഫോട്ടോ 33-ാം പേജിൽ.

(ഫോട്ടോ കാണാൻ ബഹളം. അതിന്റെ മൂർദ്ധന്യത്തിൽ)

ശശി : നിർത്തിനെടാ....! ഓരോ മരണവും ഇവനൊക്കെ ഓരോ ലക്കത്തിനുള്ള വാർത്തകൾ. നമ്മുടെയൊക്കെ അമ്മമാരുടേയും സഹോദരിമാരുടേയും ശവങ്ങളിൽ ചവിട്ടിനിന്ന് ഇവനൊക്കെ പത്രപ്രവർത്തനംകൊണ്ട് പണമുണ്ടാക്കുന്നത് നോക്കിനിൽക്കാൻ നിനക്കൊന്നും നാണമില്ലേ. ഒരുത്തന് പാചകം - മറ്റൊരുത്തന് ജാതകം - നിന്റെയൊക്കെ മക്കൾക്ക് ഇക്കിളിപ്പെടുത്തുന്ന രംഗങ്ങളുള്ള കഥകളും നോവലുകളും - മനുഷ്യമനസിന്റെ മൃദുല വികാരങ്ങളിൽ വിരലമർത്തി ചൂഷണം ചെയ്ത് പണമുണ്ടാക്കുന്ന ഇത്തരം മാലിന്യങ്ങളാണോ നാം വാങ്ങേണ്ടതും വായിക്കേണ്ടതും.

(മാസിക വാങ്ങി വലിച്ചുകീറുന്നു.)

## കവിമാലിക

(രംഗത്ത് ആകെ വേണ്ടത് 10 പേർ. ഒരു നരേറ്ററും കുറഞ്ഞത് 2 പെൺകുട്ടികളെങ്കിലും അടങ്ങുന്ന ഒൻപതംഗ കോറസും)

കവിമാലിക ആരംഭിക്കുന്നത് ഈ ഗാനത്തോടെയാണ്. ഗായകന്റെ ഒറ്റയ്ക്കുള്ള ആലാപനത്തിനൊപ്പം കോറസ് രംഗത്തെത്തുന്നു. പെൺകുട്ടികൾ മദ്ധ്യത്തിലോ രണ്ട് അറ്റങ്ങളിലോ ആകാം. കോറസ് അരങ്ങിന്റെ പിൻഅതിരിൽ വരിയായി നിൽക്കുന്നു.

ഗാനം : നേരം പോയ് നേരം പോയ്
പൂക്കൈത മറപറ്റ്യേ
ഏനവിടെ ചെന്നേപ്പിന്നെ
കെട്ടാപ്പുര കെട്ടിച്ചേ
ഏനവിടെ ചെന്നേപ്പിന്നെ
വെട്ടാക്കുളം വെട്ടിച്ചേ

തുടർന്ന് സംഘം ഇത് ഏറ്റുപാടിക്കൊണ്ട് വളരെ മെല്ലെ മുന്നോട്ടു വരുന്നു. രംഗമദ്ധ്യമെത്തി അർദ്ധവൃത്താകൃതിയിൽ നിലത്ത് ഇരിക്കുന്നു. പാട്ട് മെല്ലെ മങ്ങി മങ്ങിത്തീരുകയും ഒരു വശത്തുകൂടി നരേറ്റർ പ്രവേശിക്കുകയും ചെയ്യുന്നു. സംഘം നിലത്ത് ഇരിയ്ക്കവേ നരേറ്റർ

പണ്ട് പണ്ട് ആരോ പാടിയ നാടൻപാട്ട്-
നൂറ്റാണ്ടുകളിലൂടെ ആ പാട്ടുകൾ ഒഴുകിയൊഴുകി
മലയാളത്തെ പച്ചപിടിപ്പിച്ചു.

കോറസ് അതേ ഇരിപ്പിൽ പാട്ട് ആവർത്തിക്കുന്നു. പാട്ട് തീരുമ്പോൾ നരേറ്റർ

പണ്ടുകാലം മുതൽക്കേ നമ്മെ പാടിയുണർത്തിയ
പാണന്മാരാണിവർ! തീനാളങ്ങൾ പോലുള്ള

സത്യങ്ങൾ തിരിച്ചറിഞ്ഞ കവികൾ

| | |
|---|---|
| സംഘം പാടിക്കൊണ്ട് മെല്ലെ എഴുന്നേൽക്കുന്നു. അർദ്ധവൃത്തം നിലനിർത്തിക്കൊണ്ട് നിന്ന്, പാട്ട് മുഴുമിക്കുന്നു. ഒരു കയ്യിൽ ഉടുക്ക് ഉള്ളതായും മറുകൈ കൊണ്ട് കൊട്ടുന്നതായും ഉള്ള ലഘുവായ കരചലനം. | കവലയിലങ്ങാടിമൂലയിൽ പാടുന്ന<br>കവികൾ ഞങ്ങൾ-നാടൻ കവികൾ ഞങ്ങൾ<br>പണ്ടത്തെപ്പാണന്റെ പിന്മുറക്കാർ നാടു<br>തെണ്ടുന്നോർ നാവേറു പാടീടുന്നോർ (കവല...)<br>പണ്ടത്തെപ്പാണന്റെ പിന്മുറക്കാരെന്നാൽ<br>ഞങ്ങൾക്കു ഞങ്ങളേ തമ്പുരാക്കൾ... (2)<br>പഴകിയ വീണകൾ തല്ലിയുടച്ചിവർ<br>പണിതതു വീണയും വില്ലുമാണേ...(2)<br>കവലയിലങ്ങാടി... |

നരേറ്റർ : നാമെല്ലാം പിറന്നുവീണ മണ്ണ്-നിത്യഹരിതമായ ഭൂമി-മലയാളക്കര

| | | |
|---|---|---|
| സംഘം : (രണ്ടു തവണ വീതം) | അലയാഴികൾ തഴുകുന്ന<br>മലയാളക്കരയിൽ<br>മലനിരകൾ മതിലിട്ട<br>മലയാളക്കരയിൽ | ക്രിയ നിരന്നുനിന്ന് സദസിനോടുള്ള കര ചലനങ്ങളോടെയും വലത് കാൽ മാത്രം എടുത്തുകുത്തിക്കൊണ്ടുള്ള ചെറുചുവടു വയ്പോടെയും. |
| ചേർത്ത് രണ്ട് തവണ: വീതം<br>ടു | തിരുവോണം പൂവിതറും<br>മലയാളക്കരയിൽ | ഇരുവർ വീതം പരസ്പരാഭിമുഖമായി വലം കൈയും വലംകൈയും ഇടംകൈയും ഇടം കൈയും ചേർത്തുപിടിച്ച്, വലതുകാൽ ചുവ വച്ച് വട്ടംചുറ്റിക്കൊണ്ട്...<br>തിരുവാതിര കൈകൊട്ടും |
| കൈകൾ വേർപ്പെടുത്തി, കുമ്മിയടിച്ച് വട്ടം<br>മലയാളക്കരയിൽ... ചുറ്റി | | |
| ടി | പെരുനാളുകൾ ശിവരാത്രികൾ<br>തുടികൊട്ടും മണ്ണിൽ<br>പെരിയാറും പേരാറും<br>കുളിരേകും മണ്ണിൽ | സദസ്സിനഭിമുഖം നിന്നും, പിന്നെ ഇരുകൈകളും ചേർത്ത് ആദ്യം വലത്തോട്ടും പിന്നെ ഇടത്തോട്ടും നദീപ്രവാഹത്തിന്റെ ചലനം കാട്ടി ചുവടു വച്ച് നിന്നും... |
| ടി. | വിവിധ മതവിശ്വാസികൾ<br>നാമെല്ലാമെന്നാൽ<br>മമതയിലൊരു മാതാവിൻ<br>മക്കളായ് തീർന്നു | കൈകൾ തലയ്ക്കുമുകളിൽ തൊഴുതുപിടിച്ചു കൊണ്ട് വലംകാൽ ചുവടുവച്ച് വട്ടം ചുറ്റി ചുറ്റി 3 പേർ വീതമുള്ള മൂന്ന് നിരകളായി ഒന്നിനു പിറകിൽ ഒരു നിര വീതം രംഗ മദ്ധ്യത്ത് എത്തി, ചുവടു വച്ച് വട്ടം ചുറ്റിക്കൊണ്ട് നിൽക്കുന്നു... |
| നരേറ്റർ : | അതെ-അതാണ് പരമാർത്ഥം നമ്മുടെ കവികൾ ജാതിമത വർണ ഭേദങ്ങൾക്കെതിരെ പാടി; പോരാടി; മനുഷ്യമഹത്വത്തെ വാഴ്ത്തി- | വട്ടംചുറ്റി, സദസ്സിനഭിമുഖമായി തിരിഞ്ഞ് എത്തി നിൽക്കുന്നു |
| മുഖ്യഗായകൻ<br>സംഘത്തിൽനിന്നും : | ജാതിനാമാദികൾക്കല്ല ഗുണഗണ-<br>ജാതനെന്നാകിൽ വരും സുഖം-<br>ദുഃഖവും... | ആദ്യവരി പാടുമ്പോൾ കൈകൾ, മുഖം, നോട്ടം ഇവ ഇടതു വശത്ത് മുകളിലേയ്ക്ക് ചരിച്ചു നീട്ടിയും രണ്ടാം വരി പാടുമ്പോൾ |
| സംഘം | ഏറ്റുപാടുന്നു. | അപ്രകാരം വലതുത്തേക്ക് വശനീട്ടിയും- |
| നരേറ്റർ : | മലയാളത്തിന് അക്ഷരമാല | സംഘം കൈകൾ താഴ്ത്തുന്നു. |

പിൻനിരക്കാർ കൊരുത്ത തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ പാടുന്നു

രണ്ടു പേർ ചേർന്ന് മൂന്നാമനെ അവരുടെ തോളിൽ ഉയർത്തിക്കൊണ്ടുവരുന്നു-തോളിൽ ഉയർത്തപ്പെടുന്നയാൾ നാരായവും പിടിച്ച് എഴുതുന്ന രീതിയിൽ ഇരിക്കയാണ് വേണ്ടത്.

മുഖ്യഗായകൻ : പ്രത്യുപകാരം മറക്കുന്ന
പൂരുഷൻ
ചത്തതിനൊക്കുമേ
ജീവിച്ചിരിക്കിലും...

രണ്ടാം നിരക്കാർ നിവർന്നും ഒന്നാം നിരക്കാർ മുട്ടുമടക്കിയും എഴുത്തച്ഛന് അഭിമുഖമായും സദസ്സിനു പുറംതിരിഞ്ഞും ശിരസ്സിനു മുകളിൽ കൂപ്പിയ കൈകളോടെയും നിൽക്കുന്നു.

നരേറ്റർ : വൈദിക മേധാവിത്വത്തിന്റെ പത്തായത്തിൽ കിടന്നിരുന്ന വിജ്ഞാനം,
അടിമത്തത്തിൽ കിടന്നിരുന്ന
അടിസ്ഥാന വർഗത്തിന്
വിളമ്പിക്കൊടുത്ത ആചാര്യനായിരുന്നു തുഞ്ചത്തെഴുച്ഛൻ

എഴുത്തച്ഛൻ മെല്ലെ താഴേയ്ക്ക്-എല്ലാവരും സദസ്സിനഭിമുഖമായി തിരിഞ്ഞുവരുന്നു.
പ്രത്യുപകാരം...വരികൾ ഒന്നിച്ചു പാടിക്കൊണ്ട് മുന്നോട്ടു നടന്നുവന്ന് രംഗത്ത് പലയിടത്തായി ഇരിക്കുന്നു - അക്ഷരശ്ലോകസദസ്സ്.

അക്ഷരശ്ലോകം:

ഒരാൾ : അജാഗളസ്ഥ സ്തനമുഷ്ട്രകണ്ഠം
നാസാന്തരേ ലോമ താഥാണ്ഡയുഗ്മം
വൃഥാ സുജൻ സായണമായണൗച
പൂജാം ന ലേഭേ ഭുവി പത്മജന്മാ

രണ്ടാമൻ : വ്യസനിന ഇവ വിദ്യാക്ഷീയതേ പങ്കജശ്രീ
ഗണി ഇവ വിദേശേ ദൈന്യമായാന്തി ഭൃംഗാ
കു നൃപതിരിവ ലോകം പീഡയത്യന്ധകാരോ
ധനമിവ കൃപണസ്യ വ്യർത്ഥതാമേതി ചക്ഷു

സംഘം : ഭേഷ്! ഭേഷ്

നരേറ്റർ : വരേണ്യവർഗത്തിന്റെ സംസ്കൃത ഭാഷാധിപത്യത്തിന്റെ വേലിക്കെട്ടുകൾ തകർത്ത് കോലത്തിരി കെട്ടിയ തൊട്ടിലിൽ കൈരളിയെ താരാട്ടു പാടിയ ചെറുശ്ശേരി

ഇരിക്കുന്നവരിൽ 2 പേർ ഒരു വശത്ത് ചതുരംഗം കളിക്കുന്നു. പെൺകുട്ടി കുട്ടിയെ തൊട്ടിലിൽ കിടത്തി ഉറക്കുന്നു, മറുഭാഗത്ത്. "ഉന്തുന്തുന്തുന്തുന്തു, ന്തുന്തുന്തു, ന്തുന്തുന്തു, ന്തുന്തുന്തു, ന്തുന്തുന്തു, ന്താളെയുന്ത്" മൂളിക്കൊണ്ട്

സംഘം : ഇന്ദിര തന്നുടെ പുഞ്ചിരിയായോരു
ചന്ദ്രിക മെയ്യിൽ പരക്കയാലേ-
പാലാഴി വെള്ളത്തിൽ പള്ളികൊണ്ടീടുന്ന
നീലാഭമായൊരു ശൈലം പോലേ

ആദ്യം വലതുഭാഗത്തുനിന്ന്, പിന്നെ ഇടതുഭാഗത്തുനിന്ന് എന്ന ക്രമത്തിൽ ഓരോരുത്തരായി പാടി ക്രമേണ എഴുന്നേറ്റ് വരുന്നു. ആദ്യത്തെയാളിന്റെ പുറകിൽ, ഒരു വരിയായി നടക്കുന്നു-ഇടതുവശത്തേയ്ക്ക് നടന്ന് വലംവച്ച് രംഗമദ്ധ്യത്തെത്തി അകന്ന് വൃത്താകൃതിയിൽ ഇരിക്കുന്നു. നിശ്ചലരാകുന്നു.

നരേഷൻ : ഇളനീരിന്റെ തെളിമയും മാധുര്യവുമുള്ള
പച്ച മലയാളത്തിൽ കൃഷ്ണഗാഥ പാടിയ
ചെറുശ്ശേരി-സാധാരണക്കാർക്ക് രസിക്കുന്ന
തനിസാധാരണമായ രീതി.

സംഘം : ഓട്ടൻതുള്ളലിന്റെ ഈണം മൂളുന്നു : ഇപ്പോൾ എല്ലാവരും വിഭവസമൃദ്ധമായ ഭക്ഷണം കഴിക്കുകയാണ്. നോക്കി

ക്കൊണ്ട്

നിൽക്കുന്ന രാജാവ് സമീപം. ഒരാൾ പായസം
വിളമ്പുന്നു. എല്ലാവരും, വളരെ സ്വാദിഷ്ട
മെന്ന ഭാവചലനങ്ങളോടെ കഴിക്കുന്നു.

രാജാവ് : ഇന്നത്തെ പാൽപ്പായസ
ത്തിന് കലശലായ കയ്പ്

സ്വാദോടെ കഴിച്ചുകൊണ്ടിരുന്നവരിൽ ഒരാ
ളൊഴികെ എല്ലാവർക്കും അത് ശരിവയ്ക്കുന്ന
ഭാവ-ചലനങ്ങൾ. വിളമ്പിയ പായസത്തെ
വെറുപ്പോടെ നോക്കുന്നു. വിളമ്പുകാരനോട്
കൊണ്ടുപോകൂ എന്ന് ആംഗ്യം കാട്ടുന്നു. ഒര
റ്റത്ത് ഇരിക്കുന്ന കുഞ്ചൻ മാത്രം സ്വാദോടെ
കഴിയ്ക്കുന്നു-വിളമ്പുകാരനെ അടുത്തേയ്ക്ക്
വിളിച്ച് വീണ്ടും വിളമ്പിക്കുന്നു-മറ്റുള്ളവർ
അതിശയത്തോടെയും രാജകോപം ഭയന്നും
നിരീക്ഷിക്കുന്നു. കുഞ്ചൻ പായസം കഴി

ച്ച ശേഷം രാജാവിനെയും

ഇതരരെയും നോക്കി
ചൊല്ലുന്നു:

കുഞ്ചൻ : ഒരുത്തർക്കും ലഘുത്വത്തെ
വരുത്തുവാൻ മോഹമില്ല

ഒരുത്തന്നും ഹിതമായി
പ്പറവാനും ഭാവമില്ല

സംഘം നിശ്ചലം ശ്രദ്ധിച്ചിരിക്കുന്നു
അറിയാത്ത മഹാമൂഢൻ
തെറിവാക്കു പറയുമ്പോൾ
എറിഞ്ഞു കാലൊടിക്കുമെ-
ന്നറിഞ്ഞുകൊൾവിനെല്ലാരും

നരേറ്റർ : സമൂഹത്തിലെ തിന്മകളെ പരിഹാ
സത്താൽ തൊലിയുരിച്ച കവി,

എല്ലാവരും എഴുന്നേൽക്കുന്നു

ഒറ്റ നിരയായി നിൽക്കുന്നു.
തുള്ളൽക്കലയുടെ കച്ചമണികെട്ടി
യാടിയ മലയാള കവിത - കലക്ക
ക്കത്ത് കുഞ്ചൻനമ്പ്യാർ

കുഞ്ചൻ : ആശാനക്ഷരമൊന്നുപിഴച്ചാൽ
അമ്പത്തൊന്നു പിഴയ്ക്കും ശിഷ്യന്

സംഘം : (ഏറ്റുപാടുന്നു.)

ഏറ്റുപാടുമ്പോൾ മുതൽ എല്ലാവരും ഇടതു

കുഞ്ചൻ : എമ്പ്രാനല്പം കട്ടുഭുജിച്ചാൽ
അമ്പലവാസികളൊക്കെ കക്കും

കൈ ഇടത്തോട്ടു നീട്ടിയും വലതു കൈ
നെഞ്ചിനുനേരെ വരെ മടക്കി പിടിച്ചും നൃത്ത
മുദ്രകൾ കാണിച്ചുകൊണ്ട്,

സംഘം : (ഏറ്റുപാടുന്നു.)

തുള്ളൽ ചുവടുവച്ച്, ഒറ്റ നിരയായി ഇട

ത്തോട്ട്
തിരിഞ്ഞ്

കുഞ്ചൻ : വേലികൾതന്നെ വിളവുമുടിച്ചാൽ
കാലികളെന്തു നടന്നീടുന്നു

ചുവടുവച്ചുകൊണ്ട്, പൂർണ്ണമായി

സദസ്സിനു
പുറംതിരിഞ്ഞ് എത്തി നിൽക്കുന്നു - പാടി
ത്തീരുകയും ചെയ്യുന്നു.

സംഘം : (ഏറ്റുപാടുന്നു.)

നരേഷൻ : മലയാള കവിതയിൽ മാറ്റത്തിന്റെ അതേ നിലയിൽ നിശ്ചലം
മഹത്തായ സംഗീതം

സംഘം : ബുദ്ധം ശരണം ഗച്ഛാമി
സംഘം ശരണം ഗച്ഛാമി
ധർമ്മം ശരണം ഗച്ഛാമി

പുറംതിരിഞ്ഞുനിൽക്കുന്ന സംഘത്തിന്റെ ഒരു ഭാഗത്തുനിന്ന് വരുന്ന പെൺകുട്ടി രംഗ മുൻഭാഗത്ത് വന്ന് കിണറ്റിൽനിന്നു വെള്ളം കോരുന്നു. മറുഭാഗത്തുനിന്ന് തലയിൽ മുണ്ടിട്ടുവരുന്ന ബുദ്ധഭിക്ഷു കുനിഞ്ഞ് കൈനീട്ടി ദാഹജലം ചോദിക്കുന്നു. സ്ത്രീ ഭയപ്പാടോടെ അരുത് എന്നു വിലപിക്കുന്നു. രംഗം നിശ്ച
ല
മാകുന്നു.

മുഖ്യഗായകൻ : ജാതി ചോദിക്കുന്നില്ല ഞാൻ
സോദരീ... ഏറ്റുപാടുമ്പോൾ
ചോദിക്കുന്നു നീർ
സ്ത്രീ വെള്ളം ഒഴിച്ചു കൊടുക്കുന്നു
നാവു വരണ്ട ഹോ... ബുദ്ധഭിക്ഷു വെള്ളം കുടിക്കുന്നു
ആ ദൃശ്യം നിശ്ചലം നിൽക്കുന്നു.

സംഘം : ഏറ്റുപാടുന്നു

നരേറ്റർ : മഹാകവി കുമാരനാശാൻ-
സമൂഹത്തിലെ ഉച്ചനീചത്വ
ങ്ങൾക്കെതിരെ പാടി-

പോരാടി

സംഘം : കാലം വൈകിപ്പോയീ-
കേവലമാചാരനൂലുകളെല്ലാം
പഴകിപ്പോയീ-
കെട്ടിനിറുത്താൻ കഴിയാതെ

സംഘം സദസ്സിനഭിമുഖമായി തിരിയുകയും ഒന്നായി പാടിക്കൊണ്ട് മുന്നോട്ടുവരികയുമാണ്. രംഗമധ്യത്തിൽ നിശ്ചലം നിന്നവരുടെ (സ്ത്രീ-ബുദ്ധഭിക്ഷു) തൊട്ടുപുറ
കിലെത്തി
ദുർബലപ്പെട്ട ചരടിൽ ജനത നിൽക്കാ-
അവർ നിൽക്കുന്നു. 'മാറ്റുവിൻ ചട്ടങ്ങളേ' പാടു
മാറ്റുവിൻ-ചട്ടങ്ങളേ, മ്പോൾ കുമാരനാശാന്റെ പ്രസിദ്ധമായ ഒരു
മാറ്റുവിൻ-ചട്ടങ്ങളേ സ്വയം, കൈ അകലേക്ക് ചൂണ്ടിക്കൊണ്ടുള്ള പോസ്.
അല്ലെങ്കിൽ മാറ്റും ആ നിലയിൽ നിശ്ചലദൃശ്യം.
അതുകളീ നിങ്ങളെത്താൻ

സംഘം : ഒരൊറ്റ മതമുണ്ടുലകിന്നുയിരാം ഈ വരികൾ പാടുന്നത് സംഘം ഒറ്റ വരി
യായി
പ്രേമമതൊന്നല്ലോ-
നിരന്നു നിന്നുകൊണ്ട് സദസ്സിനെ നേരിൽ
പരക്കെ നമ്മെ പാലമൃതൂട്ടും അഭിസംബോധന ചെയ്യുന്നതുപോലെ-
പാർവണ ശശിബിംബം

നരേഷൻ : മതസൗഹാർദ്ദത്തെക്കുറിച്ചും
മാനവ സമത്വത്തെക്കുറിച്ചും ഉള്ളു
തുറന്നു പാടിയ മഹാകവി ഉള്ളൂരിന്റെ

ശബ്ദമാണത്...

സംഘം : നമുക്കു നാമേ പണിവത് നാകം
നരകവുമതുപോലെ (2 തവണ)

വെറുതെ നിരന്നു നിന്നുകൊണ്ട് തന്നെ പാടുകയാണ്.

ഗായകൻ : പോരാ പോരാ നാളിൽനാളിൽ
ദൂരദൂരമുയരട്ടെ

സംഘം ചിതറി, ഒരാൾ നടുക്ക് പിൻനിരയിൽ. രണ്ടുപേർ വീതം 2 നിരകളിൽ വിട്ടുവിട്ട് ഇരു

ഭാരതാക്ഷ്മാദേവിയുടെ വശങ്ങളിലും (8 പേർ) മറ്റുള്ള 3 പേരും ഇരു
തൃപ്പതാകകൾ വശത്തുമായി ഉചിതമായ സ്ഥാനങ്ങളിൽ
എത്തിനിൽക്കണം-എല്ലാവരും ഉൾവശത്തേ
ക്ക് തിരിഞ്ഞാണ് നിൽക്കേണ്ടത്.

നിശ്ശബ്ദത പുറകിൽ നിന്ന ആൾ പതാക ഉയർത്തുക
യാ ണ്. മറ്റുള്ളവർ ഉയരുന്ന പതാക
നോക്കി
നിൽക്കുന്നു. ഉയർത്തിക്കഴിഞ്ഞ പതാകയെ
നോക്കി സല്യൂട്ട് നൽകുന്നു.

നരേഷൻ : മഹാകവി വള്ളത്തോൾ- സ്റ്റിൽ
ഭാരതത്തിന്റെ സമരാങ്കണ
ങ്ങളിൽ മാറ്റൊലിക്കൊണ്ട
മലയാളത്തിന്റെ ധീരഗംഭീര
നാദം

സംഘം : പോരാ പോരാ... (ആവർത്തിക്കുന്നു) തത്സമയം പിന്തിരിഞ്ഞ് അരങ്ങിന്റെ ഏറ്റവും
പിന്നിലേക്ക് പോവുകയും അവിടെയെത്തി
പിന്തിരിഞ്ഞു തന്നെ നിൽക്കുകയും ചെയ്യു
ന്നു.

നരേഷൻ : കേരള പ്രകൃതിയെ അന്തരാത്മാവി
ലേയ്ക്കേറ്റുവാങ്ങിയ രണ്ട്
ടി
കവീശ്വരന്മാർ

സംഘം : കനകച്ചിലങ്ക കിലുങ്ങിക്കിലുങ്ങി ഇപ്പോൾ പിൻനിരയിൽനിന്നും ഇരു
കൈയിലും കാഞ്ചനകാഞ്ചി കുലുങ്ങിക്കുലുങ്ങി
ഓരോ നീളമുള്ള വർണ റിബണുകൾ താള
കടമിഴിക്കോണുകളിൽ സ്വപ്നം ത്തിലുയർത്തി വീശിക്കൊണ്ട് രംഗത്തിന്റെ
മയങ്ങികതിരുതിർ പൂപ്പുഞ്ചിരി വലതുഭാഗത്തുകൂടി മുന്നോട്ടു വന്ന് രംഗത്ത്
ചെഞ്ചുണ്ടിൽ തങ്ങി (രണ്ട് തവണ) വൃത്താകാരത്തിൽ താളത്തിനൊത്ത ചെറു
ചുവടുവയ്പോടെ ചുറ്റിനടക്കുകയാ
ണ്-വലതു
കൈയിലുള്ളത് ചുമന്ന റിബൺ ആണ്.

നരേഷൻ : കനകച്ചിലങ്ക കെട്ടിയ കേരളഭൂമിയെ
ക്കുറിച്ച്, മാമ്പൂവിന്റെ സുഗന്ധമോലുന്ന

അതിന്റെ തനിമയെക്കുറിച്ച്, ഉള്ളലി നരേഷൻ സമയത്തും സംഘം നിശബ്ദ
ഞ്ഞുപാടിയ മലയാളികളുടെ മായി, റിബൺ വീശി ചുവടുവച്ച് വട്ടംചു
റ്റി പ്രിയപ്പെട്ട കവികൾ-ചങ്ങമ്പുഴയും
ക്കൊണ്ടിരിക്കുകയാണ്.
പി. കുഞ്ഞിരാമൻനായരും

സംഘം : എങ്ങുനിന്നീ മണ്ണിൽ വന്നു വട്ടത്തിൽ നിന്ന് (വട്ടം ചുറ്റൽ നിർത്തി)
മംഗളാംഗിമാരേ നിങ്ങൾ റിബൺ ഉള്ളിലേക്ക് താളത്തിൽ വീശി
തെങ്ങിനത്തിൽ തങ്ങിനിൽക്കും ക്കൊണ്ട് (ചുവടുവയ്പോടെ)
പൂങ്കുലയിൽനിന്നോ വന്നു

നല്ലിളയ വെൺകവുങ്ങിൽ

അല്ലികളിൽനിന്നോ വന്നു

കാറ്റിലാടും നീർക്കരിമ്പിൻ

നീരിൽനിന്നോ നിങ്ങൾ വന്നു.

നരേറ്റർ : മലയാള കവിത കരുത്തു നേടുന്നു-

ലോകത്തെമ്പാടുമുള്ള പരിവർത്തനങ്ങൾ

ക്കൊത്ത് മലയാള കവിത പ്രതികരി

ക്കുന്നു. അവശലക്ഷങ്ങളുടെ

ടി തുടരുന്നു, നിശ്ശബ്ദമായി
ആത്മാക്കൾക്ക് ആവേശം നൽകുന്ന

അനശ്വര ശക്തിയാണ് കവിതയെന്ന്

ഇടശ്ശേരി പ്രഖ്യാപിച്ചു

സംഘം : പുത്തൻ കലവും അരിവാളും
കലർന്നൊത്തിടിവെട്ടി കണ്ടത്തിൽ
അധികാരം കൊയ്യണമാദ്യം നാം

ഇടതുകയ്യിലെ റിബൺ താഴെയിടുന്നു.
നിന്നിരുന്ന ഇടത്തുനിന്ന് പുറത്തേയ്ക്ക്
ചടുലമായി തിരിഞ്ഞും ഒരു ചുവട്

അതിനുമേലാകട്ടെ പൊന്നാര്യൻ

മുന്നോ
ട്ടുവച്ചും വലംകൈകൊണ്ട് ഊർജസ്വല
മായി റിബൺ തലങ്ങും വിലങ്ങും ചുഴറ്റി
ക്കൊണ്ട് (ചുമന്ന് റിബണുകൾ) നിന്ന്
പാടുന്നു.

സംഘം : ചോര തുടിയ്ക്കും ചെറുകയ്യുകളേ

പേറുക വന്നീ പന്തങ്ങൾ

ഇടത്തോട്ട് തിരിഞ്ഞ് ജാഥയായി മാർച്ചു

ഏറിയ തലമുറയേന്തിയ പാരിൽ
വാരൊളി മംഗള കന്ദങ്ങൾ
പാരിൽ മനുഷ്യപുരോഗമനക്കൊടി
പാറിച്ചവയീ പന്തങ്ങൾ
അടിമച്ചങ്ങല നീറ്റിയുടപ്പാൻ
അഭിനവലോകം നിർമ്മിപ്പാൻ

ചെയ്ത് റിബൺ വീശി, നടക്കുന്നു വള
ഞ്ഞുപുളഞ്ഞ വഴിത്താരയിലൂടെയെന്ന
വണ്ണം പാട്ടു തീരുമ്പോൾ നിൽക്കുന്നു.
റിബൺ ഉയർത്തിപ്പിടിച്ചിരിക്കുന്നു. സ്റ്റിൽ
വേണ്ട. താളത്തിൽ ചുവട് മൃദുവായി
വയ്ക്കാം.
ചോരതുടിക്കും ചെറു കയ്യുകളേ

പേറുക വന്നീ പന്തങ്ങൾ

നരേറ്റർ : മലയാള കവിതയെ ആധുനിക

യുഗത്തിലേയ്ക്കാനയിച്ച മഹാകവി

വൈലോപ്പിള്ളിയാണ് അത് പാടിയത്

നരേറ്റർ : ഇനി ഇതാ സമൂഹത്തിലെ അനീതി
കൾക്കെതിരെ അമർഷത്തിന്റെ
അഗ്നിഗാഥകൾ പാടിയ കവി
വയലാർ

സംഘം മറ്റേ കയ്യിൽ നീണ്ട വടികൾ എടു
ത്ത് മുന്നോട്ട്വന്ന് (കൂട്ടമായി) നിന്നും മുട്ടു
കുത്തി ഇരുന്നും വടികൾ വിലങ്ങനെയും
നെടുകെയും പിടിച്ച് ഒരു ജയിൽമുറിയുടെ
അഴിവാതിലും ജയിലിനുള്ളിൽ

കിടക്കുന്ന
തടവുപുള്ളികളെയും സ്വയം ദൃശ്യവൽക്ക
രിക്കുന്നു.

സംഘം : സ്നേഹിക്കയില്ല ഞാൻ
നോവുമാത്മാവിനെ സ്നേഹിച്ചിടാത്ത
ഒരു തത്വശാസ്ത്രത്തെയും...

പാട്ട് തീരുമ്പോൾ പെരുകി ഉയരുന്ന ചെണ്ട ശബ്ദം. അതിന്റെ പാരമ്യതയിൽ തടവറ തകർത്ത് നിവർന്ന് എഴുന്നേറ്റ് നിൽക്കുന്ന തടവുപുള്ളിസംഘം

നരേറ്റർ : മനുഷ്യൻ-തളരാത്ത മനുഷ്യൻ-

മനുഷ്യമഹത്വത്തിന്റെ കൊടിക്കൂറ

സംഘത്തിൽ ഒരാളൊഴികെ മറ്റെല്ലാവരും

വാനോളമുയർത്തിയ കവികൾ-

മുട്ടുകുത്തി സദസ്സിനഭിമുഖമായി അർദ്ധ

ഇവിടെ വയലാർ തനിച്ചല്ല; എഴു

ചന്ദ്രാകൃതിയിൽ ഇരിക്കുന്നു.

ത്തച്ഛൻ മുതൽ ആശാൻ വരെ;

വലംകൈയിലെ റിബൺ വലതു

തോളത്തു

ചെറുശ്ശേരി മുതൽ ഇടശ്ശേരി വരെ;

കൂടി പുറകോട്ട് ഇടണം-ഇടതു കാൽമുട്ട്

കുഞ്ചൻ മുതൽ വൈലോപ്പിള്ളി

ഉയർത്തിക്കുത്തിയിരിക്കണം. ഇടതുകൈ

വരെ; വള്ളത്തോൾ മുതൽ

നീട്ടി മുഷ്ടി ചുരുട്ടി ഇടതുമുട്ടിൽ വയ്ക്ക

ണം.

വയലാർ വരെ...ഇതൊരു

സംഘത്തിൽനിന്നു മാറിനിൽക്കുന്ന ആൾ

തുടർച്ചയാണ്....സഞ്ചിത

റിബണുകളുടെ അറ്റങ്ങൾ ചേർത്തുപിടിച്ച്

സംസ്കാരത്തിന്റെ സൗന്ദര്യം പൂത്തുലഞ്ഞ

സംഘത്തിന് പിറകിൽ മധ്യഭാഗത്ത്

നമ്മുടെ കവിത...മലയാള കവിത...

അനേകം കുതിരകളെ പൂട്ടിയിരിക്കുന്ന

അല്ലയോ പാണന്മാരേ പാടുക,

രഥം തെളിക്കുന്ന സാരഥിയെപോലെ

നിങ്ങൾ പാടുക...

നിൽക്കണം. ഇടതു കൈയിൽ റിബണു

കൾ. വലതു കൈയിൽ ചാട്ട.

സംഘം : പരിവർത്തനത്തിന്റെ

(നരേഷൻ സമയത്ത് ഇതിന് ഒരുങ്ങു

കയും

ഞാണൊലിമാത്രം കേൾക്കാം

പാടുമ്പോൾ ഈ ദൃശ്യം രൂപപ്പെടുകയും

അരികത്തെല്ലായ്പോഴും വേണം.)

നിമിഷങ്ങളിലൂടേ

ഞങ്ങളിൽ ജീവിക്കുന്നു

ഞങ്ങൾ തൻ മുത്തച്ഛന്മാർ

ഞങ്ങളിൽ തുട

ങ്ങുന്നു

നാളെയും മറ്റന്നാളും...

ഞങ്ങളിൽ ജീവിക്കുന്നു...

.....................

.............................മറ്റന്നാളും.

- താളം മെല്ലെ തുടങ്ങി, ഉയർന്ന്, മങ്ങിത്താഴുന്നു.

സംഘം പിൻവാങ്ങുന്നു.

**പേനകൾ കഥ പറയുന്നു**

എഴുത്താണി
ഹീറോപെൻ അധ്യാപകന്റെ
ബോൾപെൻ സാഹിത്യകാരന്റെ
പെൻസിൽ കച്ചവടക്കാരന്റെ
സ്ലേറ്റ് പെൻസിൽ വിദ്യാർത്ഥിയുടെ
സ്വർണപേന രാഷ്ട്രീയക്കാരന്റെ

(പേനകൾ രംഗത്തുവന്ന് നിരാശയോടെ സംസാരിക്കുന്നു. എഴുത്താണി പ്രവേശിക്കുന്നു)

എഴുത്താണി-എന്താ അമ്പരന്നു നോക്കുന്നത്.എന്നെ അറിയില്ലേ? ഞാ നിങ്ങളൊക്കെ കുട്ടികളല്ലെ,ഏറിയാൽ ഒരു നൂറ് വയസ്സ് കാണും. എനിക്കല്ല നിങ്ങൾക്ക്. എന്റെ വയസ്സ് എത്രയെന്ന് എനക്കുതന്നെ

അറിയില്ല. ചോദിക്കാനാണെങ്കിൽ കാരണവന്മാർ ഇല്ലതാനും.
സംഘം- ആ മനസ്സിലായി,മനസ്സിലായി.എഴുത്താണി മുത്തശ്ശൻ.എഴുത്താണി മുത്തശ്ശൻ.എത്രയെത്ര മഹാന്മാരുടെ കൈകളിൽ താലോലമാടിയിരുന്ന ആളാണ് മുത്തശ്ശൻ.അങ്ങയുടെ ആ കാലം.
എഴുത്താണി- എന്റെ  കാലം... ശൂദ്രം അക്ഷരസംയുക്തം ദുരതപരിവർജയേത്,മനസ്സിലായില്ല അല്ലേ. അന്നും കുറച്ചുപേർക്കേ സംസ്കൃതം അറിയൂ. കീഴ്ജാതിക്കാർക്കൊക്കെ അക്ഷരം നിഷിദ്ധമായിരുന്നു. വളരെ കുറച്ചു പേരേ എന്നെ ഉപയോഗിച്ചിരുന്നുള്ളു.ഇന്നുകാലം മാറിയില്ലേ.
എഴുത്തുകാരന്റെ പേന- ഉവ്വ് ഉവ്വ് കാലം മാറി. മുത്തശ്ശനറിയാമോ ഞാനൊരു സാഹിത്യകാരന്റെ പേനയാണ്. സമൂഹത്തിലെ അനീതികൾക്കെതിരെ പോരാടേണ്ടതിനുപകരം പണത്തിനും പദവിക്കും വേണ്ടിയാണിന്നെന്നെ ഉപയോഗിക്കുന്നത്.
(കാഴ്ചബംഗ്ലാവിലെ കാവൽക്കാരൻ വരുന്നു)
കാവൽക്കാരൻ- ഏയ് കെളവാ ഇവിടെ നിക്ക്വാണോ. കണ്ണുതെറ്റിയാലോ കാഴ്ചബംഗ്ലാവിന്റെ മതിലും ചാടി ഇങ്ങുപോന്നു അല്ലേ. ആൾക്കാര് അവിടെ കാണാൻ ക്യൂ നിൽക്ക്വാ അപ്പോ നീ ഇവിടെ വന്ന് വായിനോക്കി നിക്ക്വാ.
(എഴുത്താണിയെ കൊണ്ടുപോകുന്നു)
കോറസ്- കണ്ടില്ലേ മുത്തശ്ശന്റെ ഒരു സ്ഥിതി)
കച്ചവടക്കാരന്റെ പേന- എന്റെ സ്ഥിതിയും മറിച്ചല്ല. കച്ചവടക്കാരന്റെ പരുക്കൻ മനസ്സിനിടയിൽ കിടന്ന് എന്റെ എല്ലു നുറുങ്ങി കള്ളക്കണക്കെഴുതിയെഴുതി കരിഞ്ചന്തക്ക് കൂട്ടുനിന്ന് ഞാനാകെ കറുത്തുപോയി.
രാഷ്ട്രീയക്കാരന്റെ പേന-(പ്രസംഗശൈലി) കച്ചവടക്കാരന് താൻ കച്ചവടം ചെയ്യുകയാണെന്ന് ബോധ്യമുണ്ട്.നിനക്കറിയുകയും ചെയ്യാം. എന്നാൽ എന്റെ നില നിങ്ങൾക്കറിയാമോ? ഒരു സാധാരണക്കാരന്റെ കയ്യിലായിരുന്നെങ്കിലെന്ന് ഞാനെത്ര കൊതിച്ചിട്ടുണ്ടെന്നോ.
സംഘം-ഓ നീയൊരു നേതാവിന്റെ പേന. സാധാരണക്കാരല്ലെ പിന്നെ നിന്നെ കൈവശം വക്ക്യാ
രാഷ്ട്രീയ പേന- അയാൾ സാധാരണക്കാരനായിരുന്നു പണ്ട്. സാധാരണക്കാരെ പറ്റിച്ചുതന്നെ അയാൾ നേതാവായി. മന്ത്രിയായി
സാഹിത്യപേന- പാവങ്ങൾ ഒന്നുമറിയാത്തവർ, അവാർഡുകളും പദവികളും നേടിയെടുക്കാൻ കരുവായത് ഞാൻ. ലോകത്തിലെ അവസാനത്തെ തിന്മയും ഇല്ലാതാകുന്നതുവരെ പോരാടേണ്ടതിനുപകരം രണ്ടുപണത്തിനായി ഒറ്റിക്കൊടുക്കുന്നതും എന്നെത്തന്നെ.
സംഘം- കഷ്ടം കാലത്തിന്റെ ഒരു പോക്കേയ്..
അധ്യാപകന്റെ പേന- കാലത്തിന്റെ പോക്കിനെക്കുറിച്ച് ശരിയായി അറിയുകയും അറിയിക്കുകയും ചെയ്യാൻ ബാധ്യസ്ഥനായ ഒരധ്യാപകന്റെ കയ്യിൽ ഹാജർവക്കുമ്പോഴും ശമ്പളം ഒപ്പിടുമ്പോഴും മാത്രം ജീവൻ വക്കുന്ന എന്റെ സ്ഥിതിയോ?
രാഷ്ട്രീയക്കാരന്റെ പേന- അധ്യാപകർ രാഷ്ട്രശില്പികളാണ് ജീവനുള്ള കുട്ടികളെ ജീവനുള്ള ഭൂമിയിൽ മനുഷ്യരായി ജീവിക്കാൻ പഠിപ്പിക്കേണ്ടവരാണ്.
സ്ലേറ്റ് പെൻസിൽ- (ഞൊണ്ടിക്കൊണ്ട് പ്രവേശിക്കുന്നു)
കാട്ടുമരത്തിൻ കൊമ്പുകൾ തോറും
കയറാം മറിയാം ചാടാം
വാലാൽ ചില്ലത്തുമ്പിൽ ചുറ്റി
മറിഞ്ഞു കിടന്നൊന്നാടാം
സംഘം- (കളിയാക്കി ചിരിക്കുന്നു)
സ്ലേറ്റ് പെൻസിൽ- എന്നെ കളിയാക്ക്വൊന്നും വേണ്ട. എന്റെ കൂട്ടുകാര് കൊച്ചുകുട്ടികളല്ലെ. അവരെന്നെ കടിക്കും,ഉരയ്ക്കും,പൊട്ടിക്കും. എന്നാലും എനിക്കവരെ ഇഷ്ടാ.എന്റെ കാല് ഒടിഞ്ഞാലും അവര് പഠിച്ച് വലുതാവുന്നുണ്ടല്ലോ.
സംഘം-(കളിയാക്കി) പക്ഷെ എല്ലാവരും അങ്ങനെ ആവണുണ്ടോ?
സ്ലേറ്റ് പെൻസിൽ-എല്ലാവരും അങ്ങനെയാവണില്ലെങ്കിലും അതിനു വേണ്ടിയാ ഞാനൊക്കെ ശ്രമിക്കുണത്. പഠാത്തവര് അക്ഷരം പഠിക്കാൻ തുടങ്ങിയിട്ടുണ്ടത്രേ. ആ പാവങ്ങൾക്ക് ഇപ്പം വേണ്ടത് എന്നെയാണ്. അതുകൊണ്ട് ഞാൻ അവരുടെ അടുത്തേക്ക് പോക്വാ.
(കച്ചവടക്കാരൻ പ്രവേശിക്കുന്നു)
കച്ചവടക്കാരൻ- നീയ്യെവിടെ പോയിക്കെടക്ക്വാ ശവീ... കണക്കെഴുതാൻ നേരത്ത് നോക്കിയപ്പം ആളുണ്ടോ സ്ഥലത്ത്. വാ ഇവിടെ (പിടിക്കാൻ ചെല്ലുന്നു)
പെൻസിൽ- എന്നെ തൊട്ടുപോകരുത്. കുറെക്കാലമായി നിങ്ങടെ വെരലിന്റെ എടയില് ഞെരിഞ്ഞി

രുന്ന് ഞാൻ കള്ളക്കണക്കെഴുതി കൂട്ടണത്. കള്ളക്കണക്കും കരിഞ്ചന്തയും ഇല്ലാത്ത കച്ചോടക്കാർ വല്ലോരും ഉണ്ടെങ്കിൽ അവരുടെ അടുത്തു ഞാൻ ജീവിച്ചോളാം. അതും പറ്റില്ലെങ്കിൽ ഞാൻ തൂങ്ങി ച്ചാവും.
(സാഹിത്യകാരൻ വരുന്നു)
സാഹിത്യകാരൻ- എന്റെ പ്രിയ തൂലികേ.. നീ എങ്ങു പോയ് നാളെ അയച്ചുകൊടുക്കേണ്ട നാലു നോവലുകളുടെ നാല് അധ്യായങ്ങൾ ഇനിയും പൂർത്തിയാക്കാനുണ്ട്. എങ്കിലും എന്റെ മേശപ്പുറത്തു നിന്ന് നീ അപ്രത്യക്ഷമായവുകയോ?
പേന- അങ്ങനെ എങ്ങോട്ടെങ്കിലും ഓടിപ്പോകാൻ മാത്രം നിങ്ങടെ നോവലിലെ ഭീരുവായ കഥാനാ യികയൊന്നുമല്ല ഞാൻ
സാഹിത്യകാരൻ-ഇനി സമയം കളയാതെ എന്റെ കൂടെ വരൂ. ചീത്തയായാൽ ഞാൻ ചന്തമുക്കിലെ ചട്ടമ്പിയാണ്.
പേന- അത് നിങ്ങടെ ആ പന്ന നോവലിന്റെ പേരല്ലേ. അത് പറഞ്ഞ് എന്നെ പേടിപ്പിക്കല്ലെ.ഞാനിനി എന്തെങ്കിലും തന്റേടമുള്ള എഴുത്തുകാരുണ്ടോ എന്നും നോക്കട്ടെ
(തൂലിക പോകുന്നു)
സാഹിത്യകാരൻ-എന്റെ തൂലികേ...
രാഷ്ട്രീയപേന- യജമാനന്മാർ അന്വേഷിച്ചുവരും മുമ്പ് നമുക്കും സ്ഥലം വിടാം. നമ്മെ തിരിച്ചറിയുന്ന നമ്മെ വഞ്ചിക്കാത്ത ഈ ലോകത്തെ വഞ്ചിക്കാത്ത യഥാർത്ഥ മനുഷ്യരെ തേടാം.
അധ്യാപകന്റെ പേന- അങ്ങിനെ ലക്ഷ്യബോധമില്ലാതെ പ്രതിഷേധിച്ചുപോയതുകൊണ്ട് കാര്യമില്ല. ആ സ്ലേറ്റ്പെൻസിൽ എത്ര സന്തോഷത്തോടുകൂടിയാണ് പോയത്. അവൾ പറഞ്ഞത് കേട്ടില്ലേ. അക്ഷരമറിയാത്ത ലക്ഷങ്ങളിലേക്കാണവൾ പോയത്.അവളുടെ ജീവിതം തീരുമ്പോഴേക്കും എഴുത്തു പഠിക്കുന്നവർക്ക് നിങ്ങളേയാണാവശ്യം. നമ്മൾ പോകേണ്ടത് അവരുടെ അടുത്തേക്കാണ്.
അക്ഷരദീപം കൈകളിലേന്തി
അജ്ഞത നീക്കാനുണരുന്നവരെ
നിങ്ങടെ കൈകളിലായുധമാവാൻ
ഞങ്ങൾ വരുന്നു ഞങ്ങൾ വരുന്നു
ബി.ജി.വിജെ മലയാള ആവിഷ്കാരം. ടി.വി. വേണുഗോപാലൻ,എൻ. വേണുഗോപാലൻ
മുല്ലനേഴി

**യശോധര- മുല്ലനേഴി**

യശോധര- പാതിമെയ്യാളെ പിരിഞ്ഞു സിദ്ധാർത്ഥൻ
പാതിരായ്ക്കെങ്ങോട്ടിറങ്ങി
കൊട്ടാരവാതിൽ കടന്നു സിദ്ധാർത്ഥൻ
ഒററയ്ക്കതെങ്ങോട്ടിറങ്ങി

    പാതിവഴിക്കുപേക്ഷിക്കാനോ നീയെന്നെ
    പാണിഗ്രഹണം ചെയ്തു
    സൂര്യനടർന്നൊരാകാശമായ് ജന്മം
    നീറണമെന്നോ നിയോഗം
    അറിയേണ്ടതെല്ലാം അറിഞ്ഞതിൻ മുമ്പ്
    പിരിയുവാൻ നീ ഉറച്ചെന്നോ
    നിറയേണ്ടതെല്ലാം നിറഞ്ഞതിൻ മുമ്പി
    ലെരിതീയെനിക്കു നീ തന്നു

ഭർത്താവ് ജീവിച്ചിരിക്കെ വിധവയായ്
ഉൽത്താരു കത്തണമെന്നോ
റാണിയാകാനില്ല മോഹം
റാണിയാകാനെ കൊതിച്ചു
കണ്ണുനീർ മുത്തു പതിച്ച കിരീടം
തന്നു നീ പോയതെങ്ങോ
സംഘം- സോദരി യശോധര കേഴതെ
നീ തിന്നുന്ന വേദനയറിയുന്നു സിദ്ധാർത്ഥൻ
അവൻ നിന്നെ പിരിഞ്ഞിട്ടില്ലവനെ കാൺകെ

ദുരിതത്തീയിൽ വേവും സഹജീവികൾക്കൊപ്പം
തെരുവീഥിയിൽ നീങ്ങുന്നു സിദ്ധാർത്ഥൻ
വിശപ്പാൽ മരിക്കുന്ന മാനവർക്കൊരേ ദുഃഖം
വിഷ തുപ്പിടും സ്വാർഥമോഹത്തിന്നോരെ മുഖം
മുടിങ്കോൽ പിടിക്കുന്നൊരിടയൻ കൊടുക്കുന്ന
മുടന്തൻ സ്വാതന്ത്ര്യത്തെ, കണ്ടു ദുഃഖിപ്പു സിദ്ധാർത്ഥൻ
മണ്ണിന്റെ ഗന്ധം, വേർപ്പു മുത്തിന്റെ വില, സ്നേഹം
എന്നല്ല എന്തും പണത്തിന്റെ താഴെയായ് കാൺകെ
പോയ്പ്പോയ സ്വാതന്ത്ര്യത്തെ, ഭൂമിതൻ സൗന്ദര്യത്തെ
വീണ്ടെടുക്കുവാനല്ലോ വീടുവിട്ടിറങ്ങുന്നു സിദ്ധാർത്ഥൻ

ദേവദത്തൻ വളരും ഭൂമിയിൽ
ജീവിതദുഃഖം പെരുകും ഭൂമിയിൽ
ആയുധങ്ങൾ കുന്നു കൂടി ചൂഷണത്തിനൊരുങ്ങി
നിൽക്കുവതാരവർക്കൊരു
വെല്ലുവിളിയാൽ ബുദ്ധനെത്തുന്നു.
പ്രിയമെഴുന്നൊരു ഭാരാതാംബ തളർന്നു നിൽക്കുമ്പോൾ
മഹിതമോക്ഷപദം വിരിക്കാൻ
സംഘമൊന്നേ ശരണമെന്നൊരു മാർഗമോതുന്ന
ബുദ്ധൻ മമത വിട്ടവനല്ല, സ്വന്തം കർമ്മമറിയുന്നോൻ (സംഘം)
ഇന്നുനിൻ മിഴിനീർ തുടക്കുക, നീ തനിച്ചല്ലെന്നുമോർക്കുക
മന്നിനാകെ ശാന്തിയേകും പാതയിൽ പദമൂന്നി നീങ്ങുക
ഊഴിയിലൊരായിരം തീമലചുമന്നും
അറിയാത്ത വഴികളിൽ കാലിടറിവീണും
നിലവിളികൾ മുറിയുന്ന നെഞ്ചിനു കുളിരായ്
കരുണയുടെ വറ്റാത്തൊരുറവനീളുന്നു
എന്റെ സ്വപ്നങ്ങളും ദുഖങ്ങളും
എന്റേതു മാത്രമല്ലെന്നറിയുന്നു
എന്നീ പ്രപഞ്ചം മനുഷ്യനു വീടാകു-
മന്നുവരെ നീളുന്നു പാതയിൽ പോക നാം.

# സ്പാർട്ടക്കസ്

അവതരണഗാനം:

കടുംപാറപൊട്ടിച്ചുടയ്ക്കുന്ന കൈകൾ
ഇരുമ്പൊത്തു തല്ലിത്തഴമ്പിച്ച കൈകൾ
ഉലയ്ക്കുള്ളിലൂതിപ്പഴുപ്പിച്ച കൈകൾ
കലപ്പക്കഴുത്തിൽ തുടിക്കുന്ന കൈകൾ
കൊഴുക്കുന്നചേറിൽ പുളയ്ക്കുന്ന കൈകൾ
ഒടുങ്ങാത്ത ദണ്ഡങ്ങൾ കൊയ്യുന്ന കൈകൾ
ഒടുങ്ങാത്ത ദണ്ഡങ്ങൾ കൊയ്യുന്ന കൈകൾ
മനഷ്യന്റെ കൈകൾ മനുഷ്യന്റെ കൈകൾ

പ്രോസ്: സുഹൃത്തുക്കളെ, ആ ഗൈകളുടെ ഉടമകളെപ്പറ്റിയാണ് ഞാൻ നിങ്ങളോട് പറയുന്നത്. റോമാസാമ്രാജ്യത്തിന്റെ പ്രഭാവത്തിൽ ലോകമെല്ലാം മുങ്ങിപ്പോയ ഒരു പഴയ കാലഘട്ടം. ജനാധിപത്യത്തിന്റെ കളിത്തൊട്ടിലാണത്രെ റോം! പക്ഷെ ആ തൊട്ടിലിൽ കളിക്കുവാൻ പ്രഭുക്കൻമാർക്കുമാത്രമേ അന്ന് സ്വാതന്ത്ര്യമുണ്ടായിരുന്നുള്ളു. ജനങ്ങളിൽ രണ്ടുസൗകര്യങ്ങളും അനുഭവിക്കുന്ന പ്രഭുവർഗം. മറ്റേ വർഗമോ?

ഗാനം: പരിപൂർണ്ണ നഗ്നരായ് പൊടി
മരുഭൂമിയിൽ
പാറപൊട്ടിക്കുന്ന വർഗം
വയലിലും ഖനിയിലും കനകംവിളയിച്ചു
വയറൊട്ടി വലയുന്ന വർഗം

പ്രോസ്: പൊടിമുഭൂമിയിലെ പൊള്ളുന്ന ചൂടിൽ ഖനികളിൽ എല്ലുമുറിയെ പണിയെടുക്കുന്ന അടിമവർഗം. അവരെ അവിടെ എത്തിക്കുന്നത് പ്രഭുവർഗത്തിന്റെ കങ്കാണിമാരാണ്. തങ്ങൾ മനുഷ്യരാണെന്ന ബോധംപോലും തലമുറകളായി അടിമകൾക്ക് നഷ്ടപ്പെട്ടിരിക്കുന്നു. ഉടുവസ്ത്രമില്ലാതെ, ഭക്ഷണമില്ലാതെ ഖനികളിൽ ഉരുകിത്തീരുകയാണ് ആ ജീവിതങ്ങൾ. രാപ്പകലില്ലാതെ അധ്വാനിക്കാൻ വിധിക്കപ്പെട്ടവർ. പണിയെടുക്കാൻ മടികാണിക്കുന്നവരേയും കൂടുതൽ തടിമുടുക്കുള്ളവരേയും ഖനികളിൽ നിന്ന് 'അറീന'കളിലേക്കു കൊണ്ടുപോകുന്നു. അടിമമല്ലൻമാരെ മെരുക്കി വളർത്തുന്ന അറീനകളിലേക്ക്.

ഗാനം: അറീന അറീന അറീന....
അടിമയുമടിമയുമടരാടു ന്നൊരറീന
റോമൻ പ്രഭുക്കൾതൻ ഉല്ലാസകേന്ദ്രം
അറീന അറീന അറീന....

പ്രോസ്: ആഫ്രിക്കക്കാരനും റോമാക്കാരനും കറുത്തവനും വെളുത്തവനുമെല്ലാം അറീനയിലുണ്ട്. എല്ലാവരുമവിടെ ഗ്ലാഡിയേറ്റർമാർ. വെറും വളർത്തുമൃഗങ്ങൾ! നമുക്കൊരറീനയിലേക്കുപോകാം. അതാ!

ഗാനാ: അണിയണിയായ് നീങ്ങിവരും
അടിമകളെ കണ്ടോ
കൈവിലങ്ങും ചങ്ങലയും
അണിഞ്ഞവരെ കണ്ടോ

പ്രോസ്: ഈ അടിമകളെല്ലാം പരസ്പരം യുദ്ധം ചെയ്യേണ്ടവരാണ്. ഒരു ഫുട്ബാൾ കളി കാണുന്ന ലാഘവത്തോടെ, കോഴിപ്പോരുകാഎണുന്ന ലാഘവത്തോടെ റോമൻപ്രഭുക്കൾക്ക് അതുകണ്ട് രസിക്കണം. മദ്യപിച്ച് മദോൻമത്തരായ പ്രബുക്കൾ ഈ മല്ലയുദ്ധം കാണുന്നതിന് എത്ര പണം മുടക്കാനും മടുക്കില്ല. പക്ഷെ, മല്ലൻമാരിൽ ഒരാൾ മരിച്ച് ചോര തെറിക്കുന്നതുന്നതുകാണആന അഞ്ഞ അവർക്ക് വലിയ സന്തോഷമാണ്. സ്വർണഖനികളിൽ കൊടുംപട്ടിണിയായിരുന്നെങ്കിൽ അറീനയിൽ വയറുനിറയെ ഭക്ഷണമാണ്. ഈ പണക്കാരനാണ്. അയാളവരെ തീറ്റിപോറ്റുന്നത് കൂടുതൽ ലാഭമുണ്ടാക്കുവാനാണ്.

ഗാനം: ഗോതമ്പുവിളയിച്ച കാലത്തുപട്ടിണി
സ്വർണവിലയിച്ച കാലത്തുംപട്ടിണി

പ്രോസ്: അത് പണ്ടത്തെ കഥ. ഇത് ബതിയാത്തൂസിന്റെ അറീനയിൽ... റോമൻപ്രഭുക്കളുടെ മുന്നിൽ....

ഗാനം: സ്വന്തം സഹോദരനെ വെട്ടിവീഴ്ത്തുമ്പൊഴോ
മൃഷാടാന്നഭോജനം...മൃഷാടാന്നഭോജനം

പ്രോസ്: ആ കാണുന്നത് അടിമകളുടെ കൂടാരങ്ങളാണ്. സമയം രാത്രി. അടിമകളെല്ലാം ഉറക്കംപിടിച്ചിരിക്കുന്നു. ഒരു കൂടാരത്തിൽനിന്നുമാത്രംഅരണ്ട വെളിച്ചം പുറപ്പെടുന്നു! നമുക്കങ്ങോട്ടു നീങ്ങാം. ആ വെളിച്ചം കാണുന്ന കൂരയിലേക്ക് ഒരു കറുത്ത മനുഷ്യപർവ്വതം നടന്നടുക്കുന്നു.! അത് 'ഡ്രാബ'യാണ്. ആഫ്രിക്കക്കാരൻ. അടിമമല്ലൻ. അക്ഷരാർഥത്തിൽ കറുത്ത പർവതം തന്നെ. അയാളെങ്ങ്ാങ്ങോട്ടാണീ രാത്രിയിൽ....? ആ വെളിച്ചംകണ്ട കൂടാരത്തിനുള്ളിൽ മറ്റൊരു അടിമ

മല്ലൻ കിടന്നുറങ്ങുന്നുണ്ട്. നോക്കൂ! ചെമ്മരിയാടിന്റെ മുഖം! പിച്ചള പ്രതിമകണക്കെയുള്ള ശരീരം! മൂക്കിനുതാഴെ ചാട്ടവാറടിയേറ്റ മുറിവ്! അയാൾക്കെന്തൊക്കെയോ പ്രത്യേകതകളുണ്ട്. അതാണ് 'സാപാർട്ടക്കസ്'. അടിമകളുടെ ആരാധ്യപുരുഷൻ. ആരുടെ മുമ്പിലും തലകുനിക്കാത്തവൻ! മറ്റു മല്ലൻമാരുടെ ജീവിതത്തിൽ സ്നേഹത്തിന് സ്ഥാനമില്ല. പക്ഷെ സ്പാർട്ടക്കസിന് സ്ഥാനമുണ്ട്. ഉറങ്ങിക്കിടക്കുന്ന അയാളുടെ കാലിൽ കെട്ടിപ്പിടിച്ച് ഒരു സ്ത്രീ കരയുന്നു. ഈ സ്ത്രീ എന്തിനാണ് കരയുന്നത്? നേരത്തെ കണ്ട ആ കറുത്ത മനുഷ്യപർവ്വതം, ഡ്രാബ അവിടെ എത്തിക്കഴിഞ്ഞു അയാളാകാഴ്ച കാണുന്നുണ്ട്. കരയുന്ന സ്ത്രീയുടെ കണ്ണുകൾ ഡ്രാബയോട് എന്തോ അഭ്യർഥിക്കുന്നില്ലേ....?

ഗാനം: എന്നെയും എന്റെ കണവനേയും നീ
ഇന്ന് കൊല്ലുമോ നിർദയം?

പ്രോസ്: "ഡ്രാബാ, ഞങ്ങളെയൊന്നു കൊന്നുതരാമോ?" ഡ്രാബക്ക്, ആ നോട്ടവും കരച്ചിലും സഹീക്കാൻ കഴിയുന്നില്ല. അയാൾ സ്പാർട്ടക്കസിനെ വിളിച്ചുണർത്തി. " വയ്യ സാപാർട്ടകസ്, എനിക്ക് നാളെ പൊരുതാൻ കഴിയില്ല. എന്നെക്കൊണ്ടതാവില്ല സ്പാർട്ടക്കസ്, എനിക്ക് നിങ്ങളെ കൊല്ലാൻ കഴിയില്ല". ആ കറുത്ത മനുഷ്യൻ പൊട്ടിക്കരയുകയാണ്. അതുകണ്ട ആ സ്ത്രീ വീണ്ടും കരയുന്നു. സ്പാർട്ടക്കസിനുമാത്രം ഒരു കുലുക്കവുമില്ല. പിറ്റേന്ന് അറീനയ.ിൽ ഏറ്റുമുട്ടേണ്ടവരാണ്. സ്പാർട്ടക്കസും ഡ്രാബയും. ബതിയാത്തൂസ് എന്ന പണക്കൊതിയൻ പോരിന് നേരം കുറിച്ചുകഴിഞ്ഞു. ആ മനുഷ്യപ്പോര് കണ്ടാനന്ദിക്കുന്നതിന് റോമൻ പ്രഭുക്കൻമാരോട് അയാൾ അഡ്വാൻസും വാങ്ങിച്ചുകഴുഞ്ഞു. സാപാർട്ടക്കസിന്റെ പ്രിയപ്പെട്ടവളാണ് സോഫിയ.

ഗാനാ: സൗന്ദര്യധാമമാണുസോഫിയ
സൗശീല്യരത്നമാണുസോഫിയ
പാഴ്ച്ചെളിക്കുള്ളിലെ താമരപ്പുമൊട്ട്
പാരാവാരത്തിലെവർണമുത്ത്
പാരാവാരത്തിലെവർണമുത്ത്

പ്രോസ്: അവൾ സ്പാർട്ടക്കസിന്റെ സ്വന്തമായതിന്റെ പിന്നിൽ ഒരു കഥയുണ്ട്. ബതിയാത്തൂസ് എന്ന പണക്കൊതിയന് സ്പാർട്ടക്കസിനോട് പരയാണ്ടായിരുന്നു. അടിമകളൊക്കൊ സ്പാർട്ടക്കസിനെ ആരാധിക്കുന്നത് അയാൾക്ക് സഹിച്ചില്ല. ആയിടക്ക് അടിമച്ചന്തയിൽനിന്ന് ബതിയാത്തൂസ് വാങ്ങിയ ജർമ്മൻ അടിമപ്പെണ്ണാണ് സോഫിയ. അവൾക്കാരുമില്ലായിരുന്നു. അവളെ സ്വന്തമാക്കാമെന്നുകരുതി, ബതിയാത്തൂസ്. പക്ഷെ അയാളുടെ കണക്കുകൂട്ടലുകൾ പിഴച്ചു അടിമപ്പെണ്ണാണെങ്കിലും അവളസാധാരണ ധൈര്യം കാണിച്ചു.

ഗാനം: ഉടമുണ്ടഴിച്ചിട്ടുചാട്ടവാർവീശി
അടിയേറ്റുചെഞ്ചോരപ്പുഴകളൊഴുകി
അവളൊട്ടും ചൂളിയില്ലടിപതറാതെ
കരയാതെ, കുനിയാത്ത ശിരസ്സുമായ് നിന്നു.

പ്രോസ്: ആ അടിമപ്പെണ്ണിന്റെ ധൈര്യം എല്ലാവരെയും അദ്ഭുതപ്പെടുത്തി. ബതിയാത്തൂസിന്റെ മോഹം വിഫഉലമായി. "എങ്ങനെയെങ്കിലും ഇവളെ മര്യാദപഠിപ്പിക്കണം. പരമസുന്ദരിയായ ഇവളെ ചെമ്മരിയാടിന്റെ മുഖമുള്ള ആ മൂക്കുമുറിയൻ അടിമക്ക് സമ്മാനിച്ചേക്കാം. അവളൊരു പാഠം പഠിക്കട്ടെ" പക്ഷെ അവളൊരസാധാരണപെണ്ണായിരുന്നു. സ്പാർട്ടക്കസ് എന്ന അടിമമല്ലന്റെ ഉള്ളിലെ വലിയ മനഷ്യനെ അവൾ കണ്ടു. ഒറ്റ സന്ദർശനംകൊണ്ട് അവർ പരസ്പരം അറിഞ്ഞ്. സ്പാർട്ടക്കസ് പറഞ്ഞേു.

ഗാനം: അംഗലാവണ്യമല്ല, നിന്റെ സൗശീനമല്ല
എന്നയാകർഷിച്ചത് നിന്റെ ധൈര്യം.

പ്രോസ്: സോഫിയ

ഗാനം: അംഗലാവണ്യമല്ല............
.................................................

പ്രോസ്: അവരിങ്ങനെ ഇഴുകിച്ചേരുമെന്ന് ബതിയാത്തൂസ് തീരെ പ്രതീക്ഷിച്ചിരുന്നില്ല. എരിതീയിൽ എണ്ണ പകർന്നതുപോലെ ബതിയാത്തൂസിന് സ്പാർട്ടക്കസിനോടുള്ള പക ആളിക്കത്തി. എങ്ങനെയും സാപാർട്ടക്കസിന്റെ കഥ കഴിക്കണം. അതിനാണങ്ങൾ ഡ്രാബയേയും സ്പാർട്ടക്കസിനേയും നാളെ അറീനയിലിറക്കുന്നത് “ആ കറുത്ത മനുഷ്യപർവതം ഡ്രാബ, ധിക്കാരിയായ മുക്കുമുറിയനെ വകവരുത്തിക്കൊള്ളും.” പക്ഷെ ഡ്രാബയ്ക്കത് ആലോചിക്കാനുംകൂടി കഴിഞ്ഞില്ല. സാപാർട്ടക്കസ് അയാളുടെ കാണപ്പെട്ട ദൈവമാണ്. അതുകൊണ്ടാണീ രാത്രിയിൽ ആ കറുത്ത മനുഷ്യപർവതം സ്പാർട്ടക്കസിനെ സന്ദർശിക്കാൻ വന്നത്. പക്ഷെ സ്പാർട്ടക്കസ് ഡ്രാബയെ ആശ്വസിപ്പിച്ചു. “കരയരുത് ഡ്രാബാ; നാളെ നീ പോരാടണം നിന്റെ ചാട്ടുളികൊണ്ട് എന്നെ ആഞ്ഞാഞ്ഞുകുത്തണം. അടിമമല്ലന് ഹൃദയമില്ല ഡ്രാബാ. ഉണ്ടെങ്കിൽ തന്നെ അത് കല്ലുകൊണ്ടായിരിക്കണം--അതാണറീന.”

ഗാനം: അറീന അറീന അറീന....
അടിമയുമടിമയുമടരാടു ന്നൊരറീന
..............................................................................
............................................................ അറീനാ

പ്രോസ്: ഡ്രാബയ്ക്ക് എന്തു പറയണമെന്നറിയില്ല. അയാൾ ഉറക്കെ കരഞ്ഞുകൊണ്ട് മടങ്ങിപ്പോയി. അപ്പോഴും സോഫിയയുടെ കണ്ണുകൾ അയാളോടെന്തോ അഭ്യർത്ഥിക്കുന്നതുപോലെ തോന്നി. പിറ്റേന്നു പ്രഭാതമായി. പോരിനു സമയമായി, അതാ മണിമുഴങ്ങുന്നു. സ്പാർട്ടക്കസിന്റെ മരണമണി! പ്രഭുക്കൻമാർ നിരന്നുകഴിഞ്ഞു. കുടിച്ചുകൂത്താടിയിരിക്കുന്ന അവർക്ക് ഇന്ന് നല്ലൊരു പോരുകാണാം. സ്പാർക്കസിന്റെ മരണമണി! പ്രഭുക്കൻമാർ നിരന്നുകഴിഞ്ഞു. കുടിച്ചുകൂത്താടിയിരിക്കുന്ന അവർക്ക് ഇന്ന് നല്ലൊരു പോരുകാണാം. സ്പാർട്ടക്സിന്റെ കഥ കഴിയും. ബതിയാത്തൂസ് മറ്റാരേക്കാളുമധികം ആഹ്ലാദിച്ചു. ഒരു വെടിക്ക് രണ്ടുപക്ഷി, ഇതോടെ സോഫിയയുടെ അഹങ്കാരത്തിനറുതിവരും. അതാ വീണ്ടും മണിമുഴങ്ങുന്നു! മനുഷ്യപ്പോരുതുടങ്ങാറായി. മല്ലൻമാരെ അറീനയിലെത്തിച്ചു കഴിഞ്ഞു. ഒരു വശത്ത് ഡ്രാബ എന്ന കറുത്ത മനുഷ്യപർവതം തലകുനിച്ചുനിൽക്കുന്നു. മറുവശത്ത് ചെമ്മരിയാടിന്റെ മുഖമുള്ള പിച്ചളപ്രതിമ, സ്പാർട്ടക്കസ്. അയാളുടെ മുഖത്ത് നിസ്സംഗഭാവം. കാണികൾ ശ്വാസം അടക്കിപ്പിടിച്ചിരുക്കുന്നു. പെട്ടെന്നാണതു സംഭവിച്ചത്!! ഡ്രാബ കാണികളിരിക്കുന്ന ഗ്യാലറിയിലേക്കുപാഞ്ഞുകയറി. കണ്ണിൽകണ്ട പ്രഭുക്കളെയെല്ലാം കുത്തിമുറിവേൽപ്പിച്ചു. ചിലരെയെല്ലാം വലിച്ചെറിഞ്ഞു. എറിയപ്പെട്ടവർ വീണ്ടും കുന്തമുനയിൽ തന്നെ വന്നുവീണു. റോമൻ പടയാളികൾ അങ്ങോട്ട് നീങ്ങി. ഡ്രാബ വിശിഷ്ടാടാതിഥികളിരിക്കുന്ന ഗ്യാലറിയിലേക് കടന്നകയറുകയാണ്. പട്ടാളക്കാർ വളഞ്ഞുനിന്ന് ഡ്രാബയെ തെരുതെരെ കുത്തി. പിന്നിൽനിന്നൊരു ഭടന്റെ കുത്തേറ്റ് ഡ്രാബ നിലംപതിച്ചു. എല്ലാം നിമിഷങ്ങൾക്കുള്ളിൽ കഴിഞ്ഞു. ഡ്രാബ മരിച്ചു!! സ്പാർട്ടക്കസ് തലകുനിച്ചു!!! അയാളുടെ ഉള്ളിൽ ഒരു സംഘട്ടനം നടക്കുകയാണ്. “ആർക്കുവേണ്ടിയാണ് ഡ്രാബ മരിച്ചത്?” ബതിയാത്തൂസിന് കലികയറി അയാൾ അലറി—“എല്ലാത്തിനേയും ചുട്ടപാഠം പഠിപ്പിക്കുക.” അയാളുടെ കൽപ്പന നിറവേറ്റപ്പെട്ടു.

ഗാനം: പിറ്റേന്നു കുന്തമുനയിൽ നിർത്തീ....
മറ്റൊരാഫ്രിക്കനെ, ഡ്രാബയേയും
മുള്ളുവേലിയ്ക്ക് മുഖം ചുളിഞ്ഞൂ
മുകളിൽ കഴുകൻ ചിറകടിച്ചൂ... ചിറകടിച്ചു.

പ്രോസ്: അറീനയുടെ വേലിയ്ക്കരുകിൽ മരിച്ച ഡ്രാബയുടെ ജഡത്തോടൊപ്പം മറ്റൊരു കറുത്തവനെക്കൂടികൊന്ന് തറച്ചു. ബതിയാത്തൂസിന്റെ പ്രതികാരപ്രകടനം. സ്പാർട്ടക്കസ് പിന്നെയും അജയ്യനായി നിൽക്കുകയാണ്. ബതിയാത്തൂസ് ചന്തയിൽ പോയ സമയം. അടിമകൾ പ്രഭാതഭക്ഷണത്തിനിരുന്നു. ആരും ഒരും കഴിക്കുന്നില്ല. എല്ലാവരുടേയും കൺമുമ്പിൽ ഡ്രാബയുടെ മുഖം അറീനയിലെ ഗ്യാലറിയിലേക്ക് കുതിച്ചുകയറിയ ഡ്രാബയുടെ മുഖം. കുന്തമുനയിൽ കുത്തി

നിർത്തിയ ഡ്രാബയുടെ മുഖം. "ഡ്രാബ മരിച്ചതാർക്കുവേണ്ടി? ആരും ഒന്നും കഴിക്കുന്നില്ല. എല്ലാവരും സ്പാർട്ടസിനെ ഉറ്റുനോക്കുന്നു. സ്പാർട്ടക്കസ് ഉറക്കെ പ്രഖ്യാപിച്ചു."ഞാൻ സ്വത ന്ത്രനായ ഒരു മനുഷ്യനാണ്, നിങ്ങളാരെങ്കിലും എന്നോടൊപ്പം പോരുന്നുണ്ടോ?" പെട്ടെന്നൊരു പൊട്ടിത്തെറിയുണ്ടായി. അടിമകൾ കൂർത്തകല്ലുകളുമായി കാവൽക്കാരോടേറ്റുമുട്ടി. അമ്പതില ധികം വരുന്ന റോമൻ പടയാറികളെ നിരായുധരായ അടിമകൾ നിമിഷങ്ങൾക്കുള്ളിൽ വകവരു ത്തി, "അടിമകൾ അറീന വിട്ടോടി." വിവരമറിഞ്ഞ 'കാപ്യാ' നഗരത്തിലെ പട്ടാളം മുഴുവൻ അവരെ വേട്ടയാടാനിറങ്ങി. കാട്ടിലൊളിച്ച അടിമ മല്ലൻമാരെ പിൻതുടർന്ന് പട്ടാളക്കാർ അവരെ വളഞ്ഞു." സ്പാർട്ടക്കസ് പറഞ്ഞു "ആരും ഓടരുത് തിരിഞ്ഞു നിൽക്കുവിൻ."

ഗാനം: "വിജയഭേരിയാർക്കുവിൻ പടയുടുപ്പണിയുവിൻ
അജയ്യമായ ശക്തിയാണു നമ്മളെന്നതോർക്കുവിൻ
ഗ്ലാഡിയേറ്റർമാരെ നമ്മൾ റോമിനെ തകർക്കണം
അടിമവർഗമോചനത്തിനണികളായി നീങ്ങണം"

പ്രോസ്: അടിമകൾ പിന്തിരിഞ്ഞോടിയില്ല. ചെറുത്തുനിന്ന് വിജയവരിച്ചു അങ്ങനെ, ഒരു ദിവസ ത്തിൽ രണ്ടു പ്രാവശ്യം അടിമ, യജമാനനെ തോൽപിച്ചു. സ്പാർട്ടക്കസിന്റെ നേതൃത്വത്തിൽ റോമൻ പട്ടാളക്കാരുടെ വസ്ത്രങ്ങളും ആയുധങ്ങളുമണിഞ്ഞ് അടിമകൾ നീങ്ങുകയാണ്. വഴി നീളെ അടിമകൾ ആ സംഘത്തിൽ ചേർന്നു. വൈകുന്നേനമായപ്പോഴേക്കും അവരുടെ സംഖ്യ രണ്ടായിരമായി, "നമ്മൾ റോമാസാമ്രാജ്യത്തിലെ മുഴുവൻ അടിമകളേയും മോചിപ്പിക്കും"—സ്പാർട്ട ക്കസ് പ്രഖ്യായാപിച്ചു. അവർഒരു മൈതാനത്ത് വിശ്രമിക്കുകയാണ്. വാർത്തയറിഞ്ഞ സെനറ്റ് ഒരു സംഘം പട്ടാളത്തെ അവിടേക്കയച്ചു. പക്ഷെ.....

ഗാനം: വന്ന വന്ന ഭടൻമാരെയെല്ലാം
കൊന്നൊടുക്കിയടിമസൈന്യങ്ങൾ (2)
പിന്നൊരാളെ നിരായുധനാക്കി
അന്നെവിട്ടൊരു ദൂതനായിട്ട് (2)

പ്രോസ്: സെനറ്റിന് കുലുക്കമുണ്ടായി. "സ്പാർട്ടക്കസിന്റെ സന്ദേശവുമായി ഒരു റോമൻ പടയാളി മടങ്ങിവരികയോ! ക്രാസസ് എന്ന പടത്തലവന്റെ നേതൃത്വത്തിൽ ഒരു വലിയ സൈന്യം അടിമ കളെ നേരിടാനെത്തി, ആഴ്ചകളോളം നീണ്ടുനിന്ന അതിഭയങ്കരയുദ്ധം. ആദ്യവിജയം സ്പാർട്ട ക്കസിനുതന്നെ. പക്ഷെ തന്ത്രശാലിയായ ക്രാസസ് പ്രയോഗിച്ച ചതിയിൽ സ്പാർട്ടക്കസ് വീണു. അടിമകളുടെ വിജയസൂര്യൻ അസ്തമിച്ചു." "എന്ത്? സ്പാർട്ടക്കസ് മരിച്ചെന്നോ?"— അടിമകൾ അതു വിശ്വസിച്ചില്ല. "സ്പാർട്ടക്കസ് ഇന്നും ജീവിക്കുന്നു. അടിമത്തം നിലനിൽക്കുന്നിടത്തൊക്കെ. തലമുറകളിലൂടെ ആ അടിമ വർഗവിമോചകൻ ഉയർന്നെഴുന്നേൽക്കുന്നു. അധ്വാനിക്കുന്നവന്റെ നിശ്വാസവുമായി, ബന്ധിക്കപ്പെട്ട കൈകളുടെ പ്രതീക്ഷയായി. ഇലകടലും അംബരവും ഭേദിച്ചു കൊണ്ട് ആ അദ്ഭുതനാമധേയം ഇന്നും മുഴങ്ങുന്നു."

"സ്പാർട്ടക്കസ്"

ഗാനം: കടുംപാറ..........................................
..........................................................
..........................................................
........................മനുഷ്യന്റെ കൈകൾ

**സമതലം**

**നാടകം**

കഥാപാത്രങ്ങൾ:

1. വൃദ്ധൻ
2. സംവിധായകൻ

3. കുട്ടി
4. 'അ'
5. 'ഇ'
6. 'ഉ'
7. യുവാവ്

(കേളികൊട്ടിന്റെ ശബ്ദം ഉയർന്നുവരുന്നു. അതിന്റെ അവസാനത്തിൽ സംവിധായകൻ പ്രവേശിക്കുന്നു. സംവിധായകന്റെ കയ്യിൽ നീണ്ട ഒരു കൃത്രിമ താടി ഉണ്ട്.)

സംവിധായകൻ: ഞങ്ങൾ ഇവിടെ ഒരു നാടകം അവതരിപ്പിക്കുകയാണ്. തികച്ചും നൂതനമായ പ്രമേയം. രംഗത്ത് യഥാർഥ്യത്തിന്റെ പ്രതീതി ജനിപ്പിക്കാൻ ഞങ്ങൾ ഉദ്ദേശിച്ചിട്ടില്ല. ഞാനാണീ നാടകാവതരണത്തിന്റെ സംവിധായകൻ. (രംഗത്തിന്റെ ഒരു ഭാഗത്തേക്കുചൂണ്ടി) ഇതാ, ഇവിടെ ഉയർന്നു നിൽക്കുന്ന മലകളാണ്. (മറ്റൊരു സ്ഥലത്തേക്കു ചൂണ്ടി) ഇവിടം അഗാധമായ താഴ്‌വര. അഭിനയിക്കാനായി ഞാൻ പ്രധാന നടനെ വിളിക്കാം. (കൈകൊട്ടി വിളിക്കുന്നു. വൃദ്ധനായി അഭിനയിക്കുന്ന നടൻ വരുന്നു.)

സംവിധായകൻ: ഈ മലകൾ വെട്ടിമാറ്റി ഇവിടം സമതലമാക്കുന്ന വൃദ്ധനായാണ് നിങ്ങൾ അഭിനയിക്കേണ്ടത്. (കൃത്രിമ താടിയെടുത്ത് നടനെ ധരിപ്പിക്കുന്നു. സംവിധായകൻ കയ്യിലുള്ള തമരും കൂടവും വൃദ്ധന്റെ കയ്യിൽ പിടിപ്പിക്കുന്നതായി നടിക്കുന്നു) ആക്ഷൻ. (സംവിധായൻ പോകുന്നു.)

(നടൻ വൃദ്ധനാകുന്നു. രംഗത്തിൽ മലകൾ കാണിച്ച സ്ഥലത്തുപോയി മലകൾ പൊളിക്കുന്നതായി നടിക്കുന്നു. 'അ' പ്രവേശിക്കുന്നു.)

അ: ഏയ്....കാർന്നോരെ (വൃദ്ധൻ ശ്രദ്ധിക്കുന്നില്ല. വീണ്ടും വിളിക്കുന്നു. ശ്രദ്ധിക്കുന്നില്ലെന്ന് കണ്ട്) ചെവീം കേട്ടൂടേ? പാവം! വയസുകാലത്തുകണ്ട ഒരു പണ്യേയ് എന്താ ചെയ്യാ?

(ഈ സമയം 'ഇ' എന്ന വഴിപോക്കൻ കടന്നുവരുന്നു)

ഇ: അതേതെ, ചെവീം കേട്ടൂടെന്നാ തോന്നണെ, എന്താ ചെയ്യാ?

(വൃദ്ധനേയും അ-യേയും മാറിമാറി നോക്കുന്നു)

അ: നിങ്ങളീ വൃദ്ധനെ അറിയ്യോ?

ഇ: എവിടെ? കണ്ണിക്കണ്ട അലവലാതികളെയൊക്കെ അറീന്നോനാണോ ഈ ഞാൻ.

അ: നിങ്ങളെ ഞാൻ എവിടൊക്കെയോ കണ്ടിട്ടുണ്ടല്ലോ? (ഓർക്കുന്നനു)

ഇ: ണ്ടാവും....ണ്ടാവും....എന്നെ പലേടത്തും കാണാം. എന്റെ പേര് 'ഇ'. ഈ വഴി വന്നൂന്നേള്ളു. ഒക്കപ്പാടങ്ങനെ കണ്ടപ്പം നോക്കി നിന്നൂന്നേള്ളൂ. കാർന്നോരടെ പണികണ്ടു നിൽക്കാൻ നല്ല രസണ്ടേനും. (പണിനോക്കിനിൽക്കുന്നു)

അ: (വാച്ചുനോക്കി) ഓ! ഈ പ്രാന്തും നോക്കി നിന്നാൽ കടേം പൂട്ടും കഞ്ഞീം മുട്ടും. (ധൃതിയിൽ പോകുന്നു)

ഇ: (യാന്ത്രികമായി) കടേം പൂട്ടും, കഞ്ഞീം മുട്ടും. ('ഉ' കടന്നുവരുന്നു. 'അ' കടന്നുപോയ വഴിയേ ആണ് 'ഉ' വരുന്നത്. അയാളും വന്ന വഴി വൃദ്ധനെയും 'ഇ' യേയും മാറിമാറി നോക്കുന്നു. ഒടുവിൽ 'ഇ' യെ സമീപിച്ച്)

ഉ: എന്താണിത്?

ഇ: ആവോ! (വൃദ്ധനെ ചൂണ്ടി തലക്ക് നല്ല സുഖമില്ലെന്ന് ആംഗ്യം കാണിക്കുന്നു)

ഉ: നിങ്ങളീ വൃദ്ധന്റെ ആരാ?

ഇ: ഞാനോ? ഇയ്യാളട്യോ? ആരല്ല. എന്റെ പേര് 'ഇ'. ഈ വഴ്യേ വന്നൂന്നേള്ളൂ. കാർന്നോരടെ പണികണ്ടു നിൽക്കാൻ നല്ല രസണ്ടേനും. (പണി നോക്കി നിൽക്കുന്നു)

ഉ: (വൃദ്ധനെ സമീപിച്ച്) കാർന്നോരെ! കാർന്നോരെ! എന്തു പ്രാന്തായീ കാണിക്കണേ ങ്ങേ! (ഒന്നും മിണ്ടുന്നില്ലെന്നു കണ്ട്) ചെവീം കേട്ടൂടേ?

ഇ: അതേതെ, ചെവീം കേട്ടൂടെന്നാ തോന്ണേ! എന്താ ചെയ്യാ?

ഉ: (ഉറക്കെ) കാർന്നോരേയ്.

(വൃദ്ധൻ പണിനിർത്തി സാവകാശം 'ഉ' വിനെ നോക്കുന്നു. "ഉം"....? എന്നു ചോദിക്കുന്നു)

ഉ: കാർന്നോരക്കെന്താ പറ്റ്യേ? വയസുകാലത്ത് അടങ്ങ്യാതുങ്ങി ഇരുന്നൂടേ?

വൃദ്ധൻ: വയസുകാലമോ? (ചിരിക്കുന്നു) സുഹൃത്തെ, എന്റെ ശരീരത്തിനു മാത്രമേ വയസായിട്ടുള്ളൂ.

ഇ: അതുകൊള്ളാം തരക്കേടില്ല. കാർന്നോരടെ ഒരു മോഹം കണ്ട്ല്യേ.

ഉ: വട്ടാണന്നാ തോന്നണേ (വൃദ്ധനോട്) അപ്പഴേയ് ഈ മല മുഴുവൻ പൊളിച്ചു മാറ്റാം എന്നുവെച്ചിട്ടാ?

വൃദ്ധൻ: എന്താ എനിക്കത് പറ്റില്ലേ!

ഇ: ങ്ും....പിന്നെപ്പിന്നെ. ഈ മലയല്ല, ഇതുപോലൊരു പത്തുമല വേണോങ്കി പൊളിച്ചുകളയാം. പക്ഷെ....വേറെ ആളു വരണം.

ഉ: ഈ മല നീക്കം ചെയ്യാനാശിച്ച് എത്രയോപേർ വന്നു. കാർന്നോരേ, നടക്കണ വല്ലകാര്യോം ചെയ്യൂ. വെറുതെ ജീവിതം പാഴാക്കേണ്ട.

വൃദ്ധൻ: ഒരു ദിവസം....ഈ മലയായ മലയൊക്കെ മാറ്റപ്പെടും. അന്ന് സമനിരപ്പായി ഭൂമിയിൽ സമാധാനത്തിന്റെ വെള്ളപ്പൂക്കൾ വിരിയും.

ഇ: വിരീം....വിരീം....നോക്കിയിരുന്നാമതി. അപ്പോ നിങ്ങൾ പറഞ്ഞത് നേരന്ന്യാ.

ഉ; കാർന്നോർക്ക് വീടും കൂടൊന്നൂല്ല്യേ?

വൃദ്ധൻ: എന്റെ വീടിന് ആകാശം മേൽക്കൂര. ചക്രവാളം മതിലുകൾ. ചരാചരങ്ങൾ വീട്ടുകാർ. സുഹൃത്തെ, അതെ, ആ ദിവസംവരും. ഞാൻ പണിചെയ്യട്ടെ (പണിതുടരുന്നു.)

(ആകാശത്തേക്കു നോക്കി സമയബോധം ഉൾക്കൊണ്ട്)

ഉ: പറഞ്ഞപോലെ നേരം കൊറേ വെറുതെപോയി. ഈ പ്രാന്ത് നോക്കി നിന്നാ പച്ചവെള്ളം കിട്ടൂല്ല്യാ (പോകുന്നു)

ഇ: എല്ലാവരും പൂവാച്ചാൽ ഞാനും പുവ്വന്ന്യാ (പോകാനായുമ്പോൾ ഒരു യുവാവ് കടന്നുവരുന്നു.)

യുവാവ്: അതിന് നിങ്ങളെ ആരെങ്കിലും കെട്ടീട്ടിട്ടുണ്ടോ? പൂവ്വോ കായോ എന്താച്ചാൽ ആയിക്കൂടെ?

ഇ: അതുശരിയാ, പറഞ്ഞപോലെ എന്നെ ആരും കെട്ടീട്ടിട്ട്ല്യല്ലോ (സ്വയംപരിശോധിക്കുന്നു) എന്റെ പേര് 'ഇ'. ഈ വഴ്യേവന്നൂന്നേള്ളു. ഒക്കപ്പാടിങ്ങനെ കണ്ടപ്പോ നോക്കി നിന്നൂന്നേള്ളൂ. കാർന്നോരടെ പണികണ്ട് നിൽക്കാൻ നല്ലരസണ്ടേനും.

യുവാവ്: (വൃദ്ധന്റെ പണിനോക്കി) അല്ല ഈ കാർന്നോർക്കിതെന്താപറ്റ്യേ?

വൃദ്ധൻ: മോനേ, പറ്റിയത് കാരണവർക്കല്ല ഈ മലയ്ക്കാ

"ഒരു മലയിരുമല മല മല മാമല
മലകൾ മാത്രം മുന്നിൽ
കാറ്റിൻ ചിറകിലൊരൊച്ച
കാതുതുളച്ചെത്തുന്നു.
തമരിന്നറ്റത്തീഞ്ഞാൻ
തകർത്തടിക്കുന്നു.
കാണെക്കാണെമലകൾ
താനേതാണുവരുന്നു
മനസ്സിലായോ?"
ഇനിയെങ്കിലും ഒരു കൈനോക്കുന്നോ?

യുവാവ്: പിന്നെപ്പിന്നെ? വേറെ പണിയൊന്നൂല്ല്യേ? ഞാൻ ക്ലബ്ബിൽ പോവ്വാ.

ഇ: ഞാനും ക്ലബ്ബിലേക്ക് തന്ന്യാ. ന്നാ നമുക്ക് പൂവ്വല്ലേ?

യുവാവ്: നമ്മളൊരുമിച്ചല്ലല്ലോ വന്നത് ഒരുമിച്ച് പോകേം വേണ്ട.

ഇ: എന്നാലും അങ്ങനാണോ. ചേരേണ്ടവര് ചേരേണ്ടതുപോലെ ചേരേണ്ടസമയത്ത് ചേരണമെന്നല്ലേ പ്രമാണം. കുഞ്ഞേ നമ്മളൊക്കെ ഇത്തിരിമാന്യൻമാരല്ലേ? കണ്ടാ കൈപിടിച്ചു കുലുക്കാ, കടിഞ്ഞാണിട്ട് ഇത്തിരി ചിരിക്ക്യാ, കാപ്പ്യോ ചായ്യോ കള്ളോ വാങ്ങികൊടുക്കാ, ഇതൊക്കല്ലേ ഇപ്പഴത്തെ ഒരു സമ്പ്രദായം. ഞാനാണെങ്കി ഒരു കാലിച്ചായ കുടിക്കണം കുടിക്കണംന്ന് വിചാരിച്ചിരിക്കാ.

യുവാവ്: എടോ വിടുവായത്തം പുലമ്പാണ്ടെ തന്റെ പണിനോക്കിപോ ചായകുടിക്കണ ക്ലബ്ബ് മാത്രമറ്യേണ ഒരു മാന്യൻ ഥൂ.... (പുറത്തേക്ക് പോകുന്നു.) ('ഇ'വിഷണ്ണനായി നിൽക്കുന്നു. വൃദ്ധൻ അത് ശ്രദ്ധിക്കുന്നു.)

വൃദ്ധൻ: ഇത്തിക്കണ്ണി എപ്പോഴും പടരില്ല.

ഇ: (ക്ഷുഭിതനായി) താനെന്താ പറഞ്ഞത്? ഇത്തിക്കണ്ണീന്നോ? കാർന്നോര് ഞാൻ വിചാരിച്ച മാതിര്യല്ലല്ലോ.

വൃദ്ധൻ: നിങ്ങൾ വിചാരിച്ച മാതിരിയാകൻ എനിക്ക് കഴിയില്ലല്ലോ. ഞാൻ ഞാനല്ലെ. വെറുതെ കളഞ്ഞ സമയം ഈ കൂടം വാങ്ങി നാലടി അടിക്കാമായിരുന്നില്ലേ?

ഇ: കൂടമെടുത്ത് തന്റെ തലമണ്ടക്കാ അടിക്കണെ.

(കൊഞ്ഞനം കാണിച്ച് പോകുന്നു.)

വൃദ്ധൻ: മലകളായ മലകളൊക്കെ

മാറിടുന്നകാലം
മധുരമുള്ളകനികളൊക്കെ
കൈയ്യിൽവരുംകാലം
മനുഷ്യന്റെ മനസ്സിന്റെ
മട്ടുമാറുംകാലം
പണിയെടുക്കുന്നോരുനേടും
പച്ചയായലോകം
അണയുവാനീത്തമരിനറ്റം
ആഴ്ന്നിറങ്ങിടട്ടെ!....
ആഞ്ഞടിതുടരട്ടെ!

(കൂടംകൊണ്ട് ആഞ്ഞാഞ്ഞ് അടിക്കുന്നു. ഇടക്ക് വിയർപ്പ് തുടച്ച് പണിതുടരുന്നു. ഈ സമയത്ത് അപ്പൂപ്പാ, അപ്പൂപ്പാ, അപ്പൂപ്പാ എന്ന് താളാത്മകമായി വിളിച്ചുകൊണ്ട് കുട്ടി വരുന്നു. വൃദ്ധൻ കുട്ടിയെ കെട്ടിപ്പിടിക്കുന്നു.)

വൃദ്ധൻ: മോനേ എന്താവേണ്ടത്?

കുട്ടി: പാറപൊളിക്കണൊരപ്പൂപ്പന്റെ പാട്ട് കേട്ടു ഞാൻ.

വൃദ്ധൻ: ഉവ്വോ? പാട്ടുകേട്ടുവന്നതാ?

കുട്ടി: പാട്ടും കേട്ടു. കൂടം തമരില്മുട്ടുന്നൊരെച്ചേം കേട്ടു. അപ്പോ അപ്പൂപ്പനോടൊരു ചോദ്യം ചോദിക്കണന്നും തോന്നി.

വൃദ്ധൻ: (സന്തോഷത്തോടെ) ചോദിക്കുമോനേ ചോദിക്കൂ. ചോദ്യം ചെയ്യുന്നവരെയെനിക്കിഷ്ടമാണ്.

കുട്ടി: ചോദ്യം ചോദിച്ചാൽ എന്നോട് ദേഷ്യപ്പെടോ?

വൃദ്ധൻ: പാവം കുട്ടി. നീയ്യ് എന്തു ചോദിച്ചാലും എനിക്ക് സന്തോഷമാണ് മോനേ....

കുട്ടി: എന്തിനാ അപ്പൂപ്പ ഈ പാറയൊക്കെ പൊളിക്കണേ?

വൃദ്ധൻ: അതോ ഈ പാറയായ പാറയെല്ലാം പൊളിച്ചു തീർന്നാൽ ഇവിടം സമനിരപ്പാകും. സമതലത്തിൽ സമാധാനത്തിന്റെ വെള്ളപ്പൂക്കൾ വിഴിയും. എല്ലാ കുട്ട്യോളുക്കും വേണ്ട മുലപ്പാല് ഭൂമിദേവി ചുരത്തിത്തരും.

കുട്ടി: അതുവോ? അപ്പനല്ലരസണ്ടാവും. എന്നേം കൂട്ടോ അപ്പൂപ്പാ പാറപൊളിക്കാൻ.

വൃദ്ധൻ: നിന്ന്യോ?

കുട്ടി: ഉം എന്താ? അപ്പൂപ്പൻ തന്നനെ പണിതാ ക്ഷീണിക്കില്ല്യേ?

വൃദ്ധൻ: അപ്പൂപ്പൻ ക്ഷീണിച്ചാ പണിനിക്കില്ല്യേ മോനേ.

കുട്ടി: അതല്ലേ ഞാൻ പറഞ്ഞത് ഞാനും കൂടാംന്ന്.

വൃദ്ധൻ: നിനക്കതിനുള്ള കരുത്തുണ്ടോ?

കുട്ടി: കുറച്ചുനേരോക്കെ ഈ കൂടടത്തടിക്കാൻ എനിക്കും പറ്റും.

വൃദ്ധൻ: നിന്റെ മാംസപേശികളുറച്ചോ?

കുട്ടി: ഒരു കഷണമെങ്കിലും പൊളിക്കാൻ പറ്റിയാൽ അത്രേമായല്ലോ.

വൃദ്ധൻ: (പുറത്തുതട്ടി) മിടുക്കൻ. തെളിഞ്ഞമനസ്സുള്ളവർക്കേ വഴിതുറക്കാനാവൂ. വാ മോനേ വാ.... (കൂടവും തമരും കുട്ടിയെ എൽപ്പിക്കുന്നു. കുട്ടിയുടെ കൈപിടിച്ച് ആദ്യത്തെ അടി അടിപ്പിക്കുന്നു. മൂന്നുപ്രാവശ്യം ആഞ്ഞടിച്ച് നാലാം പ്രാവശ്യം കൈയുയർത്തി still ആകുന്നു. സംവിധായകൻ പ്രവേശിക്കുന്നു. Cut Cut. രംഗം വീക്ഷിച്ച് മുന്നിലേക്ക് വന്നു.)

സംവിധായകൻ: ഞാൻ നേരത്തെ പറഞ്ഞല്ലോ. ഇവിടെയെല്ലാം മലകളാണെന്ന്. ഇപ്പോൾ മലയെല്ലാം പോയി സമതലമായിരിക്കുന്നു. ഞാൻ നുണപറയുകയാണെന്ന് നിങ്ങൾ ധരിക്കില്ലല്ലോ. ഇവിടെ നടന്നതെല്ലാം ശ്രദ്ധിച്ചു കണ്ടല്ലോ. വൃദ്ധനെ കൂടാതെ മറ്റുചിലരേയും ഞാൻ ഇങ്ങോട്ട് പറഞ്ഞയച്ചിരുന്നു. അവരെല്ലാം വീണ്ടും രംഗത്തുവരും. അവരുടെ പ്രതികരണമെന്താണന്ന് നോക്കാം. മറ്റുള്ളവരുടെ കാര്യം രഹസ്യമായി അറിയാൻ താൽപര്യമുള്ളവരല്ലേ നമ്മൾ? ഞാൻ ദാ....അങ്ങോട്ട മാറിയിരിക്കാം. (സംവിധായകൻ പോകുന്നു.)

('അ' രംഗത്ത് വരുന്നു. രംഗനിരീക്ഷണം നടത്തുന്നു. മലകൾ കാണാനില്ലാത്തതിൽ അദ്ഭുതം പ്രകടിപ്പിക്കുന്നു. താൻ കാണുന്നത് സ്വപ്നമാണോ യഥാർഥമാണോ എന്നറിയാൻ ശരീരത്തിൽ നുള്ളി നോക്കുന്നു. കുനിഞ്ഞ് തറയിൽ തപ്പിനോക്കുന്നു.)

അ: ഇതെന്തതിശയം. മലകളും വൃദ്ധനുമെവിടെപ്പോയി?

('ഇ' വരുന്നു.)

ഇ: കാർന്നോര് പറഞ്ഞപോലെ ഒപ്പിച്ചൂല്ലോ.

അ: ആവോ!

(‘ഉ’വും യുവാവും വ്യത്യസ്ത ദിശകളിൽ നിന്നു വരുന്നു. അവരും അദ്ഭുതപ്പെടുന്നു.)

ഉ: കാർന്നോരെവിടെ? മല എവിടെ?

യുവാവ്: സ്ഥലം മാറിപ്പോയോ നമുക്ക്.

ഉ: വയസൻ ആള് മോശല്ല്യലോ.

ഇ: ഞാൻ അപ്പഴേ പറഞ്ഞില്ല്യേ ആള് മോശക്കാരനല്ലാന്ന്.

(ഒരു ശബ്ദം-വൃദ്ധന്റെ-കേൾക്കുന്നു. എല്ലവരും ശ്രദ്ധിക്കുന്നു.)

അച്ചാലും മുച്ചാലും തക്കടതിരികിട
അവനേന്റെ പെരകത്തുമ്പോ
വെട്ടടവാഴ......... വെട്ടടവാഴ........വെട്ടടവാഴ

(വൃദ്ധൻ കുട്ടിയുടെ തോളത്ത് കൈയിട്ട് വരുന്നു. ‘അ’ ‘ഇ’ ‘ഉ’ യുവാവ് എന്നിവർ ഭീതിയോടെ നോക്കിനിൽക്കുന്നു.)

വൃദ്ധൻ: (എല്ലാവരോടുമായി) ബോധ്യമായോ?

എല്ലാവരും:

അ: മലയൊക്കെ?

ഉ: മലയൊക്കെ?

യുവാവ്: മലയൊക്കെ?

ഇ: മലയൊക്കെ?

വൃദ്ധൻ: മാനത്തേക്കുപറന്നില്ല
മണ്ണിന്നടിയിൽ മറഞ്ഞില്ല
മലയായ മലയൊക്കെ മൺതരിയാക്കി
മനുഷ്യന്റെ കരുത്തുള്ള ഞാനുമീക്കുഞ്ഞും.

(ഈ സമയമെല്ലാം ‘ഇ’ മറ്റുള്ളവരെ ശ്രദ്ധിക്കുകയായിരുന്നു. അവരിൽ നിന്ന് ഊർന്നുചാടാനുള്ള തയ്യാറെടുപ്പ്. ഓടി വൃദ്ധന്റെ കാൽക്കൽ വീഴുന്നു.)

ഇ: കാർന്നോരെ! എന്നെ തെറ്റിദ്ധരിക്കല്ലേ? രക്ഷിക്കണേ! അറിവില്ലാതെ ഞാനെന്തൊക്കയോ പറഞ്ഞു.

കുട്ടി: തണ്ടുതപ്പിത്തരം
തണ്ടുതപ്പിത്തരം
കണ്ടോ കണ്ടോ നാട്ടാരേ!

വൃദ്ധൻ: എഴുനേൽക്കൂ. (പിടിച്ചെഴുന്നേൽപ്പിക്കുന്നു.) നിങ്ങളെ രക്ഷിക്കാൻ ഒരാളെയുള്ളൂ.

ഇ: ആരാ? വേഗം പറയൂ.

വൃദ്ധൻ: നിങ്ങൾതന്നെ.

ഇ: ഞാൻ തന്ന്യോ?

വൃദ്ധൻ: അതെ, നിങ്ങൾ ഇത്തിക്കണ്ണിയാണ്. നിങ്ങൾക്ക് രക്ഷപ്പെടണമെങ്കിൽ നിങ്ങളെ അറിയുക. ആദ്യം അവനവനെ മനസ്സിലാക്കുക.

അ: ഞാൻ....?

വൃദ്ധൻ: നിങ്ങൾ ഭീരുവായിരുന്നു. ഈ ലോകം ഭീരുക്കൾക്കുള്ളതല്ല.

ഉ: ഞാൻ.....?

വൃദ്ധൻ: നിങ്ങൾ സംശയാലുവായിരുന്നു. ഈ ലോകം സംശയാലുക്കൾക്കുള്ളതല്ല.

യുവാവ്: ഞാൻ....?

വൃദ്ധൻ: നിങ്ങൾ സ്വാർഥിയായിരുന്നു. ഈ ലോകം സ്വാർഥികൾക്കുള്ളതല്ല.

കുട്ടി: ഞാനോ അപ്പൂപ്പാ.

വൃദ്ധൻ: അതെ. നീ ആത്മാർഥതയുള്ളവനും അധ്വാനിക്കാൻ തയ്യാറുള്ളവനുമായിരുന്നു. ഈ ലോകം നിനക്കുള്ളതാണ്. ആത്മാർഥതയുള്ള, അധ്വാനിക്കാൻ തയ്യാറുള്ള മനുഷ്യന് മാത്രം (Still-എല്ലാവരും)

സംവിധായകൻ: ഭേഷ്....ഭേഷ്.... (നടൻമാർ പിരിഞ്ഞുപോകുന്നു. പ്രധാനനടൻ താടിതിരിച്ചേൽപ്പിച്ച് സംവിധായകന്റെ അനുവാദം വാങ്ങിപോകുന്നു.)

സംവിധായകൻ: ഇവിടം സമതലമായിട്ടില്ല. കുന്നുകളും കുഴികളും ഇപ്പോഴും നിലനിൽക്കുന്നു. കുന്നുകൾ വെട്ടിനിരത്തി ഇവിടെ സമതലമാക്കാൻ നിങ്ങൾക്കാഗ്രഹമുണ്ടോ? എങ്കിൽ....... ഇതാ.........

(തന്റെ കൈയിലുള്ള താടി കാണികൾക്ക് നീട്ടിക്കാട്ടുന്നു. ജനങ്ങൾക്കിടയിലേക്ക് മറയുന്നു.)

## അരുതരുത്. വിശ്വസിക്കരുത്

**(വയലാർ രാമവർമ്മയുടെ 'കഴുമരത്തിന്റെ കഥ' എന്ന കവിതയോട് കടപ്പാട്)**

കടലിനും മലകൾക്കും അകലെ നിന്നക്കള്ള
ക്കഴുകന്മാർ ചിറകടിച്ചെത്തീ
കുരുമുളകുമേലവും മലകളിൽ മരതക-
ക്കുടനീർത്തും നാട്ടിലേയ്ക്കെത്തീ
വെയിലുകൾ ചോരാത്ത ചന്ദനക്കാടുകൾ
ക്കുയരത്തിൽ വട്ടമിട്ടെത്തി
മെയ്യാകെ വറ്റാത്ത വേർപ്പുമായ്, വിഭവങ്ങൾ
നെയ്യും കൃഷിക്കാർ തൻനാട്ടിൽ
കഴുകന്മാരൊളി കണ്ണിട്ടൊളികണ്ണിട്ടങ്ങനെ
കടലുകൾക്കകലെ നിന്നെത്തീ
കടലുകൾക്കകലെ നിന്നെത്തീ

കടലുകൾക്കകലെ നിന്നെത്തിയ സാമ്രാജ്യ—
ക്കഴുകന്മാരീ നല്ലമണ്ണിൽ
ചോരക്കൊതി മുട്ടിയോരവരുടെയധികാര
ത്തേരിന്റെ ചക്രമുരുട്ടീ

ഒഴുകിയെതിർത്തുയരുന്ന ശക്തിതടയുവാൻ
കഴുകന്മാർ കഴുമരം നാട്ടീ
ചിറകിട്ടടിച്ചാക്കഴുകുകൾ നാടിന്റെ
ചിറയും വരമ്പും തകർത്തു
അലരിടും മണ്ണിൽ കിനാവുകളെത്രയും
അവമാന്തിമാന്തിപ്പറിച്ചൂ

അധികാരി സായിപ്പിൻ കുതിരക്കുളമ്പടി
പതിവായിപ്പണിയുന്ന മണ്ണിൽ
അലയാഴി ഗർജ്ജിക്കെ ചോരത്തടത്തിലാ
ബലിപീഠമാദ്യമുയർന്നു
അലറിപ്പടർന്നിതാ രക്തത്തിൽ നിന്നുയർ
ന്നുലയാത്ത വിപ്ലവജ്വാല
ലഹളായ്; ഇന്ത്യാചരിത്രത്തിൽ ശിപ്പായി
ലഹളയായ് സ്ഥാനം പിടിച്ചു

പടയുടെ, കഴുകന്മാർക്കെതിരായ മോചന
പ്പടയുടെ കോട്ടകൾ പൊങ്ങീ
തുടരെത്തുടരെ പ്പടനയിച്ചോരുടെ
പടഹത്തിൻ മാറ്റൊലിപൊങ്ങി....

മലബാറിൽ, കയ്യൂരിൽ, ജാലിയൻ വാലയിൽ
വയലാറിൽ അജ്ഞാതധീരർ
ഹൃദയനിണം തളിച്ചുഗ്രമാം സാമ്രാജ്യ-
ക്കുതിരയോട്ടത്തെത്തുലയ്ക്കാൻ
അവരുടെ ഗർജ്ജനങ്ങൾ കേട്ടസായ്പിന്റെ
അധികാര ദുർഗ്ഗം പിളർന്നു....

കഴൽനക്കിച്ചുണകെട്ട നാവുകൾ ശബ്ദിച്ചു
"മുഴുവനും സ്വാതന്ത്ര്യമായി"

അരുതരുത്, വിശ്വസിക്കരുത് വഞ്ചന-
യ്ക്കടിയാ നിൽക്കുമോ നിങ്ങൾ?

പുലരികൾ പുലരുന്ന കണ്ടുവോ, നാടിന്റെ
വിളവുകൾ കണ്ണീരിൽ മുക്കി
പുഴകളിൽ പതയുന്ന വിഷജലം, വായുവിൽ
പടരുന്ന വിഷവാതകങ്ങൾ

അതു ശ്വസിച്ചവസാനശ്വാസം വലിച്ചവർ
പതിനായിരങ്ങൾ പുഴുക്കൾ
അരമനപ്പാതകൾതോറും തളർന്നുവീ-
ണടിയുന്നു തെണ്ടികളിന്നും
തരുണിതൻ മാംസം മസാലചേർക്കാതെയീ
കവലയിൽ പങ്കുവെയ്ക്കന്നു
ഒരിറക്കു പാലില്ലാതമ്മതൻ മുലചപ്പി
ക്കരയുന്ന പൈതലുണ്ടിന്നും
ബയണറ്റും ലാത്തിയും നീട്ടുന്നു നിർഭയ
മുയരെക്കിരീടങ്ങളിന്നും
രണനാദകാരിയാം മാനവസ്വാതന്ത്ര്യ
നിണഞരമ്പൊന്നു തുടിച്ചാൽ
തടവറയ്ക്കുള്ളിൽ അവയെപ്പിടിച്ചിട്ട്
തകരാറിലാക്കുന്നുണ്ടിന്നും
ഇതുപോലെ കോടിഗതികേടുകൾക്കെല്ലാ-
മെതിരായി നീങ്ങിയോർ ഞങ്ങൾ
തുടരൂ സഖാക്കളേ
കാലിൽ കിലുങ്ങുന്ന തുടലുകൾ
നോക്കുക നിങ്ങൾ
തുടരുക, സ്വാതന്ത്ര്യമതിനായിപ്പുതിയൊരു
പതറാത്ത, തളരാത്ത, യുദ്ധം

## വിശ്വമാനവൻ

എം.പി. പരമേശ്വരൻ

(അതാ നോക്കൂ, രണ്ടു കാലും അധ്വാനത്തിന്റെ പ്രതീകമായ മണ്ണിൽ ഉറപ്പിച്ചുകൊണ്ട്, ഒരു കയ്യിൽ വിജ്ഞാനത്തിന്റെ പ്രതീകമായ പുസ്തകമേന്തിക്കൊണ്ട്, മറുകൈ അണുവിന്റെ ഉള്ളിന്റെ ഉള്ളിലേക്കും ആകാശത്തിന്റെ അപാരതയിലേക്കും ചൂണ്ടിക്കൊണ്ട്, പ്രയോഗത്തെ സിദ്ധാന്തവുമായും ഭൂതത്തെ ഭാവി യുമായും ബന്ധിപ്പിച്ചുകൊണ്ട് വാനോളം വളർന്നുനിൽക്കുന്ന ആ മനുഷ്യനെ, വിശ്വമാനവനെ നോക്കൂ, അവനിന്ന് നാനാജാതികളായും നാനാവർഗങ്ങളായും നിന്ന് പോരടിക്കുകയാണ്. കൂടമേന്തിയ കൈകളും കൂട്ടായ അധ്വാനവും വാനരനെ നരനാക്കി. ഭാഷ, സർഗാത്മകമായ നാദബ്രഹ്മം, അവനെ വിശ്വമാനവനാക്കി. അധ്വാനിക്കുന്ന ആ കൈകൾ തന്നെ അധ്വാനിക്കുന്നവരുടെ ഭാഷയിലൂടെ ഈ പോരാട്ടത്തിന് അന്ത്യം കുറിക്കട്ടെ. അവരെ ഇന്ന് പൊതിഞ്ഞിരിക്കുന്ന അജ്ഞാനത്തിൻെറ ഇരുൾ നീങ്ങട്ടെ. വിജ്ഞാനത്തിന്റെ വെളിച്ചം പകരട്ടെ.)

(ഗായകൻ മധ്യത്തിൽ, വൃത്താകൃതിയിൽ എട്ടുപേർ ഇരിക്കുന്നു.)

ഗായകൻ : മാനവൻ, വിശ്വമാനവൻ
വാനോളം വളർന്ന മാനവൻ
വിശ്വമാനവൻ മാനവൻ
മാനവൻ

(സംഘം സാവധാനം എഴുന്നേറ്റ് കൈകൾ ഉയർത്തിക്കൊണ്ട്)

സംഘം : വിശ്വമാനവൻ, വാനോളം

(ഗായകൻ പുറത്തേക്കും ഒരാൾ നടുവിലേക്കും നീങ്ങിക്കൊണ്ട്)

ഗായകൻ : മാതാവായ അന്നദാതാവായ
ഭൂമിയിൽ കാലൂന്നി
(നടുവിലുള്ള ആൾ സാവധാനം ഇരിക്കുന്നു)

അണുവിന്നുള്ളിന്നുള്ളിൽ
ആകാശത്തിൻ അപാരതയിൽ
അറിവുതേടിപ്പോകും

മാനവൻ, വിശ്വമാനവൻ

(സംഘം ഇരുകൈകളും കമഴ്ത്തി ഒരേപോലെ ഭൂമിക്ക് സമാന്തരമായി അകത്തേക്ക് പിടിക്കുന്നു. നടുവിലുള്ള ആൾ കൈകൾ ഉയർത്തി ഉയരുന്നതോടൊപ്പം മറ്റുള്ളവർ സാവധാനത്തിൽ ഇരിക്കുന്നു – "അണുവിന്നുള്ളിന്നുള്ളിൽ" എന്ന വരികൾ പാടുമ്പോൾ)

ഗായകൻ : മാനവൻ

സംഘം : വിശ്വമാനവൻ....

.........................

(വിശ്വമാനവൻ എന്ന് ഏറ്റുപാടുമ്പോൾ സംഘം ഇരുകൈകളും മുകളിലേക്കുയർത്തി വരിയായി നീങ്ങി രണ്ടാമത്തെ ആവൃത്തിപാട്ട് അവസാനിക്കുമ്പോഴെക്ക് വേദിയിൽ കോണോടുകോൺ നിരയായി നിൽക്കുന്നു.)

ഗായകൻ : കൂടമേന്തിയ കൈകളാൽ
കൂട്ടായ ജീവിതത്താൽ (2)

സംഘം : നാദബ്രഹ്മത്താൽ (താണപിച്ച്)

ഗായകൻ : നരനായിത്തീർന്ന മാനവൻ

(ഒറ്റക്കും കൂട്ടായും വിവിധ പ്രവൃത്തികൾ ചെയ്യുന്നതായി നടിക്കുന്നു. 'നരനായിത്തീർന്ന മാനവൻ'എന്ന് ഗായകൻ പാടുമ്പോൾ താളം നിൽക്കുന്നു. ഫ്രീസ്. ഗായകൻ ആവർത്തിക്കുന്നു.

ഗായകൻ : നരനായിത്തീർന്ന മാനവൻ
മാനവൻ

സംഘം : വിശ്വമാനവൻ....

.........................

(സംഘം 'വിശ്വമാനവൻ' എന്നു പാടിത്തുടങ്ങുമ്പോൾ കോണോടുകോൺ ലൈൻ മധ്യത്തിൽ മുറിയുന്നു. ഓരോ ഭാഗവും മുന്നോട്ടുനീങ്ങി എതിർദിശയിൽ ചലിച്ച് രണ്ട് വൃത്തമാകുന്നു.)

ഗായകൻ : നാനാജാതികളായ് പിരിഞ്ഞു
പോരടിച്ചു.....
എന്നിട്ടും നശിക്കാതെ
അധ്വാനത്തിൻ മഹത്വത്താൽ
ഐക്യമാർജിച്ച മാനവൻ
വിശ്വമാനവൻ

(വരികൾ പാടുമ്പോൾ ഓരോ ഭാഗവും വിവിധ പ്രവൃത്തികളിൽ ഏർപ്പെടുന്നു. 'ഐക്യമാർജിച്ച മാനവൻ' എന്ന് കഴിയുമ്പോൾ ഫ്രീസ്)

ഗായകൻ : മാനവൻ

സംഘം : വിശ്വമാനവൻ

.........................

('വിശ്വമാനവൻ' എന്ന് പാടുമ്പോൾ ഗായകന്റെ ഇരുവശവും മൂന്നുപേർ വീതം നിൽക്കുന്നു. പെൺകുട്ടിയും ഒരാളും പിൻവാങ്ങുന്നു. വലതുവശത്തുള്ളവർ വലത്തോട്ടും ഇടതുവശത്തുള്ളവർ ഇടത്തോട്ടും നോക്കി ഒരു കൈ വിടർത്തി ഉയർത്തി മറ്റേ കൈ നെഞ്ചിനുനേരെ പിടിച്ച് ഫ്രീസ്)

ഗായകൻ : മണ്ണിലുറച്ചുനിന്ന്
വിണ്ണിനെ പുൽകിക്കൊണ്ട്
അനന്തതകൾതൻ നാൽക്കവലയിൽ
ഭൂതത്തെ ഭാവിയുമായി
പ്രയോഗത്തെ സിദ്ധാന്തവുമായി
ബന്ധിപ്പിച്ചടിപതറാതെ നിൽക്കുന്ന
മാനവൻ, വിശ്വമാനവൻ
മാനവൻ

(സംഘം 'വിശ്വമാനവൻ' എന്ന് തുടർന്നു പാടിക്കൊണ്ട് കൈകൾ കോർത്തു നിൽക്കുന്നു. താഴെ

ക്കൊടുക്കുന്ന വരികൾ പാടുമ്പോൾ ഗായകന്റെ പിന്നിൽനിന്ന് പരിഷത് അടയാളത്തോടുകൂടിയ കൊടി പിടിച്ച യുവാവ് പിന്നിലും വലിയ അടയാളം ഭംഗിയായി വരച്ച ബോർഡ് പിടിച്ച പെൺകുട്ടി മുമ്പിലുമായി മുന്നോട്ടുവരുന്നു.)

ഗായകൻ : നമ്മിലൊളിഞ്ഞിരിക്കുമീ വിശ്വമാനവനെ
വെളിവാക്കാൻ, വളർത്തീടാൻ
(സംഘം ആവർത്തിക്കുന്നു)
അവനെ പൊതിഞ്ഞിരിക്കും
അജ്ഞാനത്തിൻ ഇരുൾ നീക്കാൻ
(സംഘം ആവർത്തിക്കുന്നു)
അതിനായ് അണിനിരക്കൂ

(സംഘം "അണിനിരക്കൂ, അണിനിരക്കൂ" എന്ന് ഏറ്റുപാടിക്കൊണ്ട് ഇടതുവശത്തുള്ളവർ ഇടത്തോട്ടു തിരിഞ്ഞ് പിന്നിൽകൂടി വലത്തോട്ടും വലതുവശത്തുള്ളരവർ വലത്തോട്ട് തിരിഞ്ഞ് പിന്നിൽകൂടി ഇടത്തോട്ടും മാർച്ചു ചെയ്ത് V ആകൃതിയിൽനിന്നുകൊണ്ട്)

സംഘം : അണിനിരക്കൂ, അണിനിരക്കൂ, അണിനിരക്കൂ,
അണിനിരക്കൂ, അണിനിരക്കൂ, അണിനിരക്കൂ,

(ചുവടു ചവിട്ടുന്നു)

ഗായകൻ : ശാസ്ത്രത്തിന്റെ കൊടിക്കീഴിൽ

സംഘം : ശാസ്ത്രത്തിന്റെ കൊടിക്കീഴിൽ
ശാസ്ത്രത്തിന്റെ കൊടിക്കീഴിൽ (4)

(സംഘം പുറംകൈ മുഷ്ടി ചുരുട്ടി ഒരേപോലെ പുറത്തേക്ക് ഇടവിട്ട് ഇടവിട്ട് കാട്ടിക്കൊണ്ട് ഈ വരികൾ ആവർത്തിക്കുന്നു. ഗായകൻ മുട്ടുകുത്തി ഇരുന്നുകൊണ്ട് ഉച്ചത്തിൽ)

ശാസ്ത്രത്തിന്റെ കൊടിക്കീഴിൽ

(ഫ്രീസ് സംഘത്തിലെ ഓരോരുത്തരും കൊടിപിടിക്കുന്നതായി കാണിക്കുന്നു. സ്വല്പനേരത്തിനു ശേഷം ഗായകൻ, ബോർഡ്, കൊടി, സംഘം - കൊടിപിടിക്കുന്നതായി നടിച്ചുകൊണ്ടുതന്നെ - വരിയായി മാർച്ച് ചെയ്ത് പോകുന്നു.)

**കവിമാലിക**

ആൾക്കൂട്ടത്തിനിടയിലൂടെ തിക്കിത്തിരക്കി ചാക്യാരുടെ മട്ടിൽ ഉടുത്തുകെട്ടിയ സൂത്രധാരൻ വരുന്നു. മുഖം മിനുക്കി കണ്ണെഴുതിയിട്ടുണ്ട്. ജനങ്ങൾ അയാളെ ശ്രദ്ധിക്കുന്നു.

സൂത്രധാരൻ - നമസ്കാരം നമസ്കാരം. ഏവരും ഇരിയ്ക്ക്യാ. നിങ്ങൾക്കേവർക്കും വേണ്ടി അസാരം നേരമ്പോക്ക് ഒരിക്കിയിരിക്ക്യണ്.

നോക്കു.. നിത്യഹരിതമായ ഭൂമി. നാമെല്ലാം പിറന്നുവീണ( ഈ ) മണ്ണ് മലയാളക്കരയെന്ന നമ്മുടെ മാതൃഭൂമി.ഭാരതീയതയെന്ന ദേശീയ ധാരയിലേക്ക് ഒഴുകി പരന്ന മലയാളക്കവിതയെന്ന തെളിനീർച്ചോല.

ആ ചോലയിലിൽ നിന്ന് ഒരു കുടന്ന വെള്ളം കോരി നിങ്ങൾക്ക് നല്കുകയെന്നതാണ് എന്റെ ദൗത്യം. (ആൾക്കൂട്ടത്തിനിടയിൽ തിരിഞ്ഞുനോക്കി. എവിടെ നമ്മുടെ പാണന്മാർ.(സദസ്സിനോട്) കൂട്ടുകാരെ പാണന്മാർ കവികളാണ്. തലമുറകൾ തലകീഴായി മറിഞ്ഞപ്പോൾ നാടുവാഴിത്തം നാടുമുടിച്ചപ്പോൾ ഈ നാട്ടിൻപുറത്തുകാരായ കവികൾ സമൂഹത്തിന്റെ താഴ്ന്ന പടിയിലായിപ്പോയി എന്നാണ് ചരിത്രം. പാണന്മാരെ മടിച്ചുനില്കാത്തെ വരൂ.(പാണന്മാരുടെ വേഷത്തിൽ രണ്ടു പുരുഷന്മാരും ഒരു സ്ത്രീയും ബഹുമാനാതിരേകങ്ങളോടെ സദസ്സിന്റെ മുന്നിലേക്ക് വരുന്നു.

സൂത്രധാരൻ- എന്താണിത്ര അലംഭാവം. ഓ പഴയ ആചാരമര്യാദകളുടെ അനുസ്മരണങ്ങളാകാം. അതൊന്നും ആവർത്തിക്കണമെന്നില്ല. ഇവിടെ തട്ടകവും തമ്പ്രാക്കന്മാരുമില്ല. പുതിയ കാലം പുതിയ ലോകം. ഇവരാണ് ഈ ഇരിക്കുന്നവരാണ്, ജനങ്ങളാണ് എല്ലാത്തിന്റേയും പരമാധികാരികൾ.(പാണന്മാർ സദസ്സിനെ വണങ്ങുന്നു.)

സൂത്രധാരൻ കൂട്ടുകാരെ ഇനി ആരംഭിക്കൂ. ആദ്യമായി നിങ്ങൾ നിങ്ങളെതന്നെ പരിചയപ്പെടുത്തു.
പാണന്മാർ പാടുന്നു.
കവലയിലങ്ങാടി മൂലയിൽ പാടുന്ന

കവികൾ വെറും നാടൻ കവികൾ ഞങ്ങൾ
പണ്ടത്തെ പാണന്റെ പിന്മുറക്കാർ, നാടു
തെണ്ടുന്നോർ നാവേറു പാടിടുന്നോർ
പണ്ടത്തെ പാണന്റെ പിന്മുറക്കാർ എന്നാൽ,
ഞങ്ങൾക്ക് ഞങ്ങളെ തമ്പുരാക്കൾ
പഴകിയ വീണകൾ തല്ലിയുടച്ചവർ
പണിതതു വീണയും വില്ലുമാണെ.
ഒരു കയ്യിൽ വീണയും മറുകയ്യിൽ വില്ലുമായ്
കരളിലമർഷത്തിൻ അമ്പുമായി
കളവും കുരുതിയും കളിവാക്കും പൂജയും
സ്തുതികളും ഒഴിവാക്കി പാടിടുന്നോർ

സൂത്രധാരൻ- സ്നേഹിതന്മാരെ നിങ്ങൾ കേട്ടല്ലോ. തിരുനാൾ മംഗളങ്ങളും വഞ്ചീശ സ്തുതികളും പാടുന്നവരല്ല ഈ പുതിയ പാണന്മാർ. തീനാളങ്ങൾ പോൽ തിളങ്ങുന്ന സത്യങ്ങൾ തിരിച്ചറിയുന്നവരാണ് ഇവർ. തലപോയാലും ശരിമാത്രം പറയുന്നവർ. ഈ ഗായകരിലൂടെ മലയാള കവിത തലമുറ തലമുറകളായി നേടിയ ശക്തിയും ചൈതന്യവും നിങ്ങൾക്ക് കണ്ടെത്താൻ കഴിയും.(പാണന്മാരോട്) അല്ലയോ പാണന്മാരെ ആമുഖ ഗാനത്തോടെ പരിപാടിയുടെ പ്രാരംഭം കുറിക്കുക.

പാണന്മാർ പാടുന്നു.

അലയാഴികൾ തഴുകുന്ന മലയാളക്കരയിൽ
മലനിരകൾ മതിലിട്ട മലയാളക്കരയിൽ
തിരുവോണം പൂവിതറും മലയാളക്കരയിൽ
തിരുവാതിര കൈകൊട്ടും മലയാളക്കരയിൽ
കഥകളിയും പടയണിയും കളിയാടും മണ്ണിൽ
കുരുമുളകും ചന്ദനവും മണമോലും മണ്ണിൽ
പെരുന്നാളുകൾ ശിവരാത്രികൾ തുടികൊട്ടും മണ്ണിൽ
പെരിയാറും പേരാറും കുളിരേകും മണ്ണിൽ
തലമുറകൾതൻ പടവുകൾ നാം ചാടികടന്നു
പുതുമകളാൽ ഒരുമയിൽ നാം മുന്നോട്ട് വന്നു
കരുണരസം കരകവിയും കവനങ്ങളിലൂടെ
കവികളിവർ സമതയുടെ സംഗീതം പാടി.

സൂത്രധാരൻ-കേട്ടില്ലേ കേട്ടില്ലേ. അതാണ് പരമാർത്ഥം. സമതയുടെ ഗായകരായിരുന്നു നമ്മുടെ കവികൾ മതജാതി വർണ്ണഭേദങ്ങൾക്കതീതമായി മർത്യമഹത്വത്തെ വാഴ്ത്തിയവർ. എഴുത്തച്ഛൻ മുതൽ ആശാൻ വരെ, ചെറുശ്ശേരി മുതൽ ഇടശ്ശേരിവരെ, ഉള്ളൂർ മുതൽ വൈലോപ്പിള്ളി വരെ വള്ളത്തോൾ മുതൽ വയലാർ വരെ.

പാണന്മാർ പാടുന്നു.

ശ്രീരാമരാമരാമ ശ്രീരാമ ചന്ദ്രജയ
ശ്രീരാമരാമരാമ ശ്രീരാമ ഭദ്രജയ
ശ്രീരാമനാം പാടിവന്ന പൈങ്കിളിപ്പെണ്ണേ
ശ്രീരാമചരിതം ചൊല്ലീടുമടിയാതെ. (പാണന്മാർ മാറിനിൽക്കുന്നു)

സൂത്രധാരൻ- അതാ മലയാളഭാഷയുടെ പിതാവ് വരുന്നു. വൈദിക മതത്തിന്റെ വേലിക്കെട്ടുകൾ പൊളിച്ച് , വിജ്ഞാനം വരേണ്യവർഗ്ഗത്തിന്റെ വിനോദമാണെന്ന വീമ്പുപറച്ചിലിനെ തൃണവൽഗണിച്ച് വേദേതിഹാസപുരാണങ്ങളിലെ സാരാംശങ്ങൾ അടിമത്തത്തിന്റെ അന്ധകാരത്തിൽ കിടന്ന അടിസ്ഥാനവർഗ്ഗങ്ങൾക്ക് അവർക്ക് മനസ്സിലാകുന്ന ഭാഷയിൽ പാടിക്കൊടുത്ത ശൂദ്രൻ വെറും ചക്കാലനായർ.

(എഴുത്തച്ഛൻ വരുന്നു)

സൂത്രധാരൻ- ആ നാരായം കുറിച്ച അക്ഷരങ്ങൾ മലയാണ്മയുടെ ജാതകക്കുറിപ്പായി ബ്രാഹ്മണ്യത്തിന്റെ കളിപ്പാട്ടമായ ദൈവം, ജനസാമാന്യത്തിന്റെ അഭയസങ്കല്പമായി. രാമായണത്തലൂടെ,ഭാരതത്തിലൂടെ ആ മഹാനുഭാവൻ വളർത്തിയ ശാരിക പൈതലിന്റെ കിളിക്കൊഞ്ചലിലൂടെ ധർമ്മബോധങ്ങളുണർന്നു. കേൾക്കൂ. എഴുത്തച്ഛൻ പാടുന്നു.

എഴുത്തച്ഛൻ- (ശബ്ദം പാണരുടേത്)

ഭോഗങ്ങളെല്ലാം ക്ഷണപ്രഭാചഞ്ചലം
വേഗേന നഷ്ടമാമായുസ്സുമോർക്കനീ

പാന്ഥർ പെരുവഴിയമ്പലം തന്നിലെ
താന്തരായ് കുടി വിയോഗം വരുമ്പോലെ
ലക്ഷ്മിയും അസ്ഥിരയല്ലോ മനുഷ്യർക്ക്
നിൽക്കുമോ യൗവ്വനവും പുനരധ്രുവനം
താൻതാൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ
താൻതാൻ അനുഭവിച്ചീടുകെന്നേവരു.
പ്രത്യുപകാരം മറക്കുന്ന പൂരുഷൻ
ചത്തതിലൊക്കുമേ ജീവിച്ചിരിക്കിലും
മറ്റുള്ള ജനങ്ങൾക്ക് കുറ്റങ്ങൾ പറഞ്ഞീടും
മുറ്റും തന്നുടെ കുറ്റമൊന്നറിയുകയുമില്ല.
സൂത്രധാരൻ-ഈശ്വരഭക്തി മനുഷ്യസ്നേഹത്തിന്റെ മൂർത്തരൂപമായ് ആചാര്യൻ കരുതി. ദുഷിച്ചു നാറിയ ദുരാചാരങ്ങൾക്കെതിരെ അദ്ദേഹം മരുത്വാന്മലപോലെ വർത്തിച്ചു. ജാതിഭേതത്തെ അദ്ദേഹം ഭർത്സിച്ചു.
എഴുത്തച്ഛൻ-
കാര്യമല്ലാത്തതു ചെയ്യുന്നതാകില
ചാര്യനും ശാസനം ചെയ്കയെന്നേ വരു
ജാതിനാമാതികൾക്കല്ല ഗുണഗണം
ജാതനെന്നാകിലും വരും സുഖവും ദുഃഖവും
സുകൃതസ ദുരിതങ്ങളും കാര്യമകാര്യവും
സൂക്ഷിച്ചുചെയ്തുകൊള്ളേണം ബുധജനം
ദശനിയുകാഗതവയസ്സി ജീർണമെന്നാകിലും
ദേഹികൾക്കേറ്റവും പ്രിയ ദേഹമെപ്പോഴും
മരണജനിമയ വികൃതി ബന്ധമില്ലാത്തോർക്ക്
മറ്റുള്ള ബന്ധനം കൊണ്ടെന്തു സങ്കടം

എഴുത്തച്ഛൻ (നടന്നു മറയുന്നു.)
സൂത്ര- കൈരളിയുടെ അക്ഷരമാല കൊരുത്തത് ആ കരങ്ങളാണ്. ബ്രാഹാമണ മേധവിത്വത്തിലും നാടുവാഴിത്ത്വത്തിലും നാശഗർത്തത്തിൽ പതിച്ച നാടിനെ ലളിതമായ ധർമ്മോപദേശങ്ങളാൽ കരകയറ്റിയത് ആ നാരായമാണ്.
(പാണന്മാർ വരുന്നു പാടുന്നു)
കൊലത്തിരി കെട്ടിയ തൊട്ടിലിൽ കൈരളിയെ
താരാട്ടുപാടി ചെറുശ്ശേരി
(പാണന്മാർ മാറുന്നു)
സൂത്ര- തങ്ങിളനീരിന്റെ തെളിമയുള്ള മലയാളത്തിൽ കൃഷ്ണഗാഥ പാടിയ ചെറുശ്ശേരി അതാ വരുന്നു.
ചെറുശ്ശേരി (പാണൻമാർ പാടുന്നു)
പാലാഴുമാതു താൻ പാലിച്ചുപോരുന്ന
കോലാധിനാഥനുദയവർമ്മൻ
ആജ്ഞയെ ചെയ്കയാലജ്ഞനായുള്ള ഞാൻ
പ്രാജ്ഞനെന്നിങ്ങനെ ഭാവിച്ചപ്പോൾ...
സൂത്ര- അദ്ദേഹം പാട്ടുരീതിയിൽ, പച്ചമലയാളത്തിൽ, നാട്ടിൻപുറത്തെ പഴഞ്ചൊല്ലുകളുടെ താളത്തിൽ കൃഷ്ണഗാഥ രചിച്ചു.സരസനായ ചെറുശ്ശേരി അമ്പാടി മണിപ്പൈതലിന്റെ കഥ പാടുന്നതിനിടയിലും അടിസ്ഥാനങ്ങളായ മനുഷ്യാവസ്ഥകളെ വർണ്ണിച്ചു. ചുറ്റുമുള്ള സഹജാതരുടെ സ്വഭാവങ്ങൾ കണ്ടു ചിരിച്ചു. സാമാന്യ ജനതയ്ക്കു വേണ്ടിയാണ് തന്റെ കാവ്യരചനയെന്ന് അദ്ദേഹവും സമ്മതിക്കുന്നു.
ചെറുശ്ശേരി(പാണർ പാടുന്നു)
വേദങ്ങൾ ചൊല്ലരുതാത്ത ജനങ്ങൾക്കു
പാവകം പോക്കുവാൻ ഭൂതലത്തിൽ
ശ്രീവേദവ്യാസനാം മാമുനി നിർമ്മിച്ചു
ശ്രീമഹാഭാരതം മുന്നേതന്നെ
സംസാരമോക്ഷത്തിൻ കാരണമായതു
വൈരാഗ്യമെന്നല്ലോ ചൊല്ലിക്കേൾപ്പൂ
എന്നതുതന്നെവരുത്തിനിന്നീടുവാ-

നിന്നിതുതന്നെ ഞാൻ നിർമ്മിക്കുന്നു
സൂത്ര- തന്റെ കാവ്യധർമ്മത്തിന്റെ അതാണെന്ന് ചെറുശ്ശേരി സമർത്ഥിക്കുന്നു കൃഷ്ണഗാഥയിലൂടെയും ഭാരതഗാഥയിലൂടെയും മാനവധർമ്മങ്ങൾ അദ്ദേഹം വിളംബരം ചെയ്തു.
(ചെറുശ്ശേരി അപ്രത്യക്ഷനാകുമ്പോൾ കുഞ്ചൻനമ്പ്യാർ പ്രവേശിക്കുന്നു)
സൂത്ര- ജനതയെയും കവിതയെയും കുടുകുടെ ചിരിപ്പിച്ച കുഞ്ചൻ കുടിൽ തൊട്ട് കൊട്ടാരം വരെ താൻ കമ്ട കുന്നായ്മകളെ കുത്തിനോവിച്ച കവി, തുള്ളൽകലയുടെ കച്ചമണികെട്ടി തുള്ളിച്ചാടിയ മലയാള കവിത.അതാ കുഞ്ചൻനമ്പ്യാർമലയാണ്മയുടെ രോമാഞ്ചമായ കവിപ്രതിഭ.
കുഞ്ചൻനമ്പ്യാർ (പാണർ പാടുന്നു)
കവിതകൾ കേൾക്കുന്നേരം തന്നെ
ചെവിയുള്ളോർക്കാനന്ദം വേണം
ആശാനക്ഷരം ഒന്നുപിഴച്ചാ-
ലമ്പത്തൊന്നു പിഴക്കും ശിഷ്യന്
എമ്പ്രാനല്പം കട്ടുഭുജിച്ചാ-
ലമ്പലവാസികളൊക്കെ കക്കും
വേലികൾ തന്നെ വിളവുമുടിച്ചാൽ
കാലികളെന്തു നടന്നീടുന്നു
കുറുനരി ലക്ഷം കൂടുകിലും-ഒരു
ചെറുപുലിയോടു ഫലിക്കില്ലേതും
സൂത്ര- സുഹൃത്തുക്കളേ..... കുഞ്ചനെ അറിയുക. അടുത്തറിയുക. കാലഘട്ടത്തോട് ഇത്രയേറെ കൂറുപുലർത്തിയ മറ്റൊരു കവി വേറെയില്ല. ആ വാക്ശരങ്ങൾ കൊള്ളേണ്ടിടത്തു കൊണ്ടു. തമ്പുരാക്കൻമാരും സചിവൻമാരും കൊട്ടാരപരിഷകളും ജീർണ്ണിച്ച ബ്രാഹ്മണ്യവും ആ പരിഹാസത്തിന്റെ അമ്ലശക്തിയിൽ വെന്തു.
കുഞ്ചൻ (പാണരുടെ ശബ്ദം)
കുണ്ടുകിണറ്റിൽ തവളക്കുഞ്ഞിന്
കുന്നിനുമീതെ പറക്കാൻ മോഹം
അരിമണിയൊന്നു കൊറിക്കാനില്ല
തരിവളയിട്ടു കിലുക്കാൻ മോഹം
രണ്ടുകളത്രത്തെയുണ്ടാക്കിവെക്കുന്ന
തണ്ടുതപ്പിക്കു സുഖമില്ലൊരിക്കലും
മുല്ലപൂമ്പൊടിയേറ്റു കിടക്കും
കല്ലിനുമുണ്ടൊരു സൗരഭ്യം.
പണമെന്നുള്ളതു കൂടെവരുമ്പോൾ
ഗുണമെന്നുള്ളതു ദൂരത്താകും
സൂത്ര- കാവ്യരചനയെപ്പറ്റി നൂറ്റാണ്ടുകൾക്കുമുമ്പ് ആ കവി പ്രസ്താവിച്ചത് കേട്ടുവോ.......
കുഞ്ചൻ- പാണരുടെ ശബ്ദം
മാധുര്യഗുണങ്ങളും അക്ഷരവ്യക്തിയും വേണം
സാധുത്വം പദങ്ങൾക്കും സതതം സംഭവിക്കേണം
ബോധിപ്പിപ്പതിനുള്ള കുശലത്വം അതും വേണം
ബോധമുള്ളവർക്കുള്ളിൽ ബഹുമാനം വരുത്തേണം
ഒരുത്തർക്കും ലഘുത്വത്തെ വരുത്തുവാൻ മോഹമില്ല
ഒരുത്തന്നും ഹിതമായി പറവാനും ഭാവമില്ല
അറിയാത്ത മഹാമൂഢൻ തെറിവാക്കു പറയുമ്പോൾ
എറിഞ്ഞു കാലൊടിക്കുമെന്നറിഞ്ഞു കേൾവിനെല്ലാവരും
കാലം ദേശം അവസ്ഥകളെന്നിവ
കാലേതന്നെ അറിഞ്ഞീടേണം
ഭൂലോകങ്ങളിലുള്ള ജനങ്ങടെ
ശീലഗുണങ്ങളിറിഞ്ഞിടേണം
നാലു ജനങ്ങടെ നടുവിൽ ചെന്നാൽ
നാനാവിധമത് കാട്ടരുതവിടെ
കുഞ്ചൻ നമ്പ്യാർ പതുക്കെ നടന്നകലുന്നു

പാണർ പ്രവേശിക്കുന്നു.
പാണന്മാർ- പൂന്തേനാം പല കാവ്യം
കണ്ണന് നിവേദിച്ച
പൂന്താനം ജ്ഞാനപ്പാന
പാടിയ പുംസ്കോകിലം
സൂത്രധാരൻ- അതാ വരുന്നു ഭക്തരിൽ ഭക്തനായ ശുദ്ധരിൽ ശുദ്ധനായ പൂന്താനം മധുരവും ഹൃദ്യവുമായ മലയാളത്തിൽ ജ്ഞാനപ്പാന പാടിയ കവി.(ഓലക്കുട ചൂടി പൂന്താനം വരുന്നു)
പൂന്താനം- (പാണന്മാർ)
സ്ഥാനമാനങ്ങൾ ചൊല്ലി ക്കലഹിച്ചും
നാണകെട്ടുനടക്കുന്നിതു ചിലർ
മതമത്സരം ചിന്തിച്ചു ചിന്തിച്ചു
മതിയും കെട്ടു നടക്കുന്നിതു ചിലർ
ചഞ്ചലാക്ഷിമാർ വീടുകളിൽ പൂക്കു
കുഞ്ചിരാമനായാ ആടുന്നിതു ചിലർ
ബ്രാഹ്മണ്യം കൊണ്ട് കുന്തിച്ചു കുന്തിച്ചു
ബ്രഹ്മാവുമെനിക്കുമൊപ്പമെന്നു ചിലർ
വൃത്തിയും കെട്ട് ധൂർത്തരായെപ്പോഴും
അർത്ഥത്തെക്കൊതിച്ചെത്ര നശിക്കുന്നു
വിദ്യകൊണ്ടറിയേണ്ടതറിയാതെ
വിദ്വാനെന്നു നടിക്കുന്നിതു ചിലർ
കുങ്കുമത്തിന്റെ ഗന്ധമറിയാതെ
കുങ്കുമം ചുമക്കും പോലെ ഗർദ്ദഭം
എണ്ണിയെണ്ണിക്കുറയുന്നിതായുസ്സും
മണ്ടിമണ്ടി കരേറുന്നു മോഹവും
ഇദ്ധമോരോന്നു ചിന്തിച്ചിരിക്കവേ
ചത്തുപോകുന്നു പാവം ശിവശിവ.
ഒന്നിച്ചല്ല പിറക്കുന്ന നേരത്തു
ഒന്നിച്ചല്ല മരിക്കുന്ന നേരത്തു
മധ്യയിങ്ങനെ കാണുന്നനേരത്തു
മത്സരിക്കുന്നതെന്തിനു നാം വൃഥ.
സൂത്ര- മണിപ്രവാളശൈലി മലയാളത്തെ മത്തു പിടിപ്പിച്ച കാലത്താണ്,മയമുള്ള ഗ്രാമീണശീലുകളിൽ,പാവം! പൂന്താനം പാടിയത്. അന്തണൻമാരും ആചാരങ്ങളും അവശൻമാരെ ആട്ടിയോടിച്ചിരുന്ന കാലത്ത്, അന്തണനായി പിറന്നുവെങ്കിലും അന്ത്യജൻമാരോട് സന്താപം തോന്നിയ പൂന്താനം, അവരുടെ പക്ഷം പിടിച്ചു. മേൽപ്പത്തൂർ എന്ന പണ്ഡിതകവിയുടെ വിഭക്തിയേക്കാൾ തനിക്കിഷ്ടം പൂന്താനമെന്ന ഗാരമീണകവിയുടെ ഹൃദയംഗമമായ ഭക്തിയാണെന്ന് ശ്രീകൃഷ്ണൻ അരുളിചെയ്തതായിട്ടാണ് ഐതിഹ്യം. ഐതിഹ്യം എന്തോ ആകട്ടെ, ധനത്തിൽ ആർത്തി മടുത്ത സമൂഹത്തിന്റെ അല്പത്വം ആ കവി തുറന്നുകാട്ടി. സാമാന്യരിൽ സാമാന്യരായവരുടെ ഭാ,യിൽ സംസാരിച്ചു.
(ഇപ്പോൾ പശ്ചാത്തലത്തിൽ നിന്നും പാണൻമാരുടെ പാട്ട് ഉയരുന്നു)
സ്നേഹത്തിൽ നിന്നുദിക്കുന്നു ലോകം
സ്നേഹത്താൽ വൃദ്ധി നേടുന്നു
സ്നേഹം താൻ ശക്തി ജഗത്തിൽ
സ്നേഹം താനാനന്ദമാർക്കും
സൂത്ര- ആ ഗാനം കേട്ടില്ലേ അതു മലയാളകവിതയുടെ ഐതിഹസികമായ ഭാവപകർച്ചയുടെ മുഴക്കമാണ്. ഭാഷയുടെ- ജനതയുടെ കാലഘട്ടത്തിന്റെ ആശാൻ. എന്നുവെച്ചാൽ ആചാര്യൻ കുമാരനാശാൻ.
(കുമാരനാശാൻ വരുന്നു)
ആശാൻ-(പാണരുടെ ശബ്ദം)
ഉദ്യാനപാലകൻമാരെ ഭവാന്മാരുണ-
ർന്നുദ്യമിപ്പിൻ പുഷ്പകാലമായി
പൂജ്യരാം വൈദികൻമാരെ തുനിഞ്ഞിവൻ
യോജ്യമല്ലെങ്കിലുമോതിടുന്നേൻ

രാജ്യത്തെയോർത്തും മതത്തെയോർത്തും
പ്രാജ്യരാം നിങ്ങളെത്തന്നെയോർത്തും
കാലംവൈകിപ്പോയി കേവലമാചാര-
നൂലുകളെല്ലാം പഴകിപ്പോയി
കെട്ടിനിർത്താൻ കഴിയാതെ, ദുർബല-
പ്പെട്ട ചരടിൽ ജനത നില്ക്കാ-
മാറ്റുവിൻ ചട്ടങ്ങളെ സ്വയമല്ലെങ്കിൽ
മാറ്റുമതുകളീ നിങ്ങളെത്താൻ
സൂത്ര-മലയാളകവിതയിലെ മാറ്റത്തിന്റെ, മഹത്തായ സംഗീതം. സാഗരനിരപ്പിൽ നിന്നും ആകാശപര പ്പിലേയ്ക്കുയർന്ന കവി. മാനവസമത്വത്തിന്റെ മാധുര്യം ഉറന്നൊവുകുന്ന കവിത.
ആശാൻ- (പാണൻമാർ പാടുന്നു)
ക്ഷിതിയിലഹഹ മർത്ത്യജീവിതം
പ്രതി ജന ഭിന്ന വിചിത്ര, മാർഗ്ഗമാം
പ്രതിനവരസമാമതോർക്കുകിൽ
കൃതികൾ മനുഷ്യകഥാനുഗായികൾ
ഇന്നലെചെയ്തോരബദ്ധം മൂഢ- ർക്കിന്നത്തെയാചാരമാവാം
നാളത്തെശാസ്ത്രമതാവാം, അതിൽ മൂളായ്ക സമ്മതം രാജൻ.
സൂത്ര- ജീവിതത്തെ, സമൂഹത്തെ, രാഷ്ട്രത്തെ അതാതിന്റെ സമഗ്രഭാവത്തിൽ അദ്ദേഹം കണ്ടു. ഉച്ചനീ ചത്വങ്ങളുടെ നേരെ ആശാൻ ഉച്ചസ്ഥായിയിൽ പാടി.
ആശാൻ- എത്രപെരുമാക്കൾ ശങ്കരാചാര്യൻമാർ
എത്രയോ തുഞ്ചൻമാർ കുഞ്ചൻമാരും
ക്രൂരമാം ജാതിയാൽ നൂനമലസിപ്പോട്
കേരളമാതാവെ, നിൻ വയറ്റിൽ
സൂത്ര- ജാതിവ്യത്യാസമെന്ന മഹാപാതകത്താൽ ജീർണ്ണിക്കുന്ന ജീവിതവും സമൂഹവും ആശാന് ദുസ്വ പ്നമായിരുന്നു.
ആശാൻ- നെല്ലിൻചുവട്ടിൽ മുളക്കും കാട്ടു
പുല്ലല്ല സാധുപുലയൻ
സൂത്ര- ഒരു ഭാഗത്തു ജാതിവ്യത്യാസം. മറുഭാഗത്തു നാടുവാഴിത്തം, അതിന്നും മീതെ സാമ്രാജ്യത്വം. ആശാൻ ആവിന്നത്ര ഉച്ചത്തിൽ പാടി. നാടിന്റെ വർത്തമാന വിഹ്വലതകൾ ആ പാട്ടിൽ പ്രതിദ്ധ്വനിച്ചു.
ആശാൻ- സ്വാതന്ത്ര്യം തന്നെയമൃതം
സ്വതന്ത്ര്യം തന്നെ ജീവിതം
പാരതന്ത്ര്യം മാനികൾക്കു
മൃതിയേക്കാൾ ഭയാനകം
(പേഷ്ക്കാരുടെ വേഷത്തിൽ ഉള്ളൂർവരുന്നു)
ഉള്ളൂർ- ഒരൊറ്റ മതമുണ്ടുലകിന്നുയിരാം
പ്രേമമതൊന്നല്ലോ
പരക്കെ നമ്മെ പാലൂട്ടും
പാർവ്വണശശിബിംബം
നമിക്കിലുയരാം നടുകിൽത്തിന്നാം
നൽകുകിൽ നേടീടാം
നമുക്കു നാമേ പണിവതു നാകം
നരകവുമതുപോലെ
സൂത്ര- മതസഹിഷ്ണുതയുടെ മഹാസാദ്ധ്യതകളെക്കുറിച്ച് മലയാളത്തിൽ ആദ്യം പാടിയ വി. മാനവ സാഹോദര്യമായിരുന്നു. ഈ മഹാകവിയുടേയും രചനകളിലെ അന്തർധാര. ആഢ്യാനായി പിറന്നുവെ ങ്കിലും അവസാനശ്വാസം വരെ, അടിസ്ഥാനവർഗ്ഗങ്ങളുടെ അഭ്യുന്നതിയ്ക്കുവേണ്ടി ഉള്ളൂർ തൂലികയി ലൂടെ പോരാടി.
ഉള്ളൂർ- ഉണ്ടോ ഗുണം കെൾവനതൊന്നുമാത്രം
ഉൽപത്തിയും വംശവുമാരു, കണ്ടു
ആഢ്യൻ മുതല്ക്കന്ത്യജനോളമാർക്കും
പെറ്റമ്മ ഭൂദേവി, പിതാവു ദൈവം

നിശ്ചയമേതു ധർമ്മാദ്ധ്വാവിൽക്കൂടിയും
വിശേശസന്നിധിയിങ്കലെത്താം
ചേലുറ്റൊരദ്ദിവ്യക്ഷേത്ര കവാടങ്ങൾ
നാലുവഴിക്കും തുറന്നതല്ലോ
ഹിന്ദുവും ക്രിസ്ത്യനുമിസ്ലാമും ബൗദ്ധനു
മൊന്നു, പൃഥക്കല്ലൊരുത്തൻപോലും
ധർമ്മാഹങ്കാരവിയുക്തരായേവരും
ബ്രഹ്മാനന്താമൃതമാസ്വദിപ്പിൻ
സജീവമായുള്ളൊരു സർവ്വരാജ്യ-
സഖ്യം പ്രതിഷ്ഠാപിതമായിടട്ടെ
അതിന്റെ നാമ ശ്രവണക്ഷണത്തി-ലധർമ്മരക്ഷസ്സു നടുങ്ങിടട്ടെ
തന്നാൽക്കരേറണ്ടവരെത്രപേരോ
താഴത്തുപാഴ്ചേറിലമർന്നിരിക്കേ
താനൊറ്റയിൽ ബ്രഹ്മപദം കൊതിക്കും
തപോനിധിയ്ക്കെന്തൊരു ചാരിതാർത്ഥ്യം
സൂത്ര- സുഹൃത്തുക്കളേ, മിങ്ങൾ കേട്ടല്ലോ, എത്ര ഉദാരമായ ലോകവീക്ഷണം. ഈ ആകാശത്തിന്നു ചുവട്ടിൽ മനുഷ്യാകാരത്തിലുള്ളവരെല്ലാം ഒന്നാണെന്ന് ഉള്ളൂർ പ്രഖ്യാപിച്ചത്. അതാണല്ലോ സത്യത്തിന്റെ സത്ത.
(വടിയും കുത്തി ആജാനുബാഹുവായ വള്ളത്തോൾ വരുന്നു. പാണരുടെ പാട്ടുയരുന്നു)
വള്ളത്തോൾ- (പാണർ പാടുന്നു)
പോരാ പോരാ നാളിൽ നാളിൽ
ദൂരദൂരമുയരട്ടെ
ഭാരതക്ഷ്മാദേവിയുടെ തൃപ്പതാകകൾ
പച്ചനിറവും വെളുപ്പും നൽച്ചുകപ്പു മിണങ്ങുമീ-
മെച്ചമേറും വൈജയന്തി വാനിൽത്തിളങ്ങി
സൂത്ര- ചരിത്രത്തിന്റെ വികാസപരിണാമങ്ങളിൽ, ഭാരതത്തിന്റെ സ്വാതന്ത്ര്യ സമരസന്നാഹങ്ങളിൽ, മലയാലകവിത പ്രതികരിക്കുന്നത് നോക്കുക. ദേശീയതയുടെ കവിയായി വള്ളത്തോൽ ഉയരുന്നു. ജാതീയത, വർഗ്ഗീയത, ചൂഷണത്തിലധിഷ്ടിതമായ സമ്പദ്‌വ്യവസ്ഥ ഇതെല്ലാം വള്ളത്തോൽ കവിതയിൽ വിഷയമാകുന്നു. ലോകത്തിനും കാലത്തിനും അനുസരിച്ച് കവിത വികസിക്കുന്നു. കാലഘട്ടത്തിന്റെ ധർമ്മത്തിന്നു കവിത വിധേയമാകുന്നു.
വള്ളത്തോൾ- (പാണർ പാടുന്നു)
തീണ്ടൊല്ലാ തൊടല്ലെന്ന് തങ്ങൾ തങ്ങളെ മൗഢ്യം
പൂണ്ടാട്ടിയോടിക്കുന്ന ഘോഷമെന്നോളം നില്ക്കും
അന്നോലം ശ്രവിയ്ക്കാ, നാമാർഷധർമ്മത്തിൻ ഗാനം
അന്നോലം തിരിച്ചെത്താഭ്രഷ്ടർ നാം സ്വരാജ്യത്തിൽ
ബ്രഹ്മർഷിമാർ മുഖ്യനെ മുക്കുവത്തി
പെർരോരു പുണ്യക്ഷിതി മണ്ഡലത്തിൽ
അഹോമനുഷ്യന്നു മനുഷ്യനോടു-
സാമീപ്യസമ്പർക്കമധർമ്മമായി
മരിയ്ക്കസാധാരണമീവിശപ്പിൽ-
ദ്ദഹിയ്ക്കലൊ നമ്മുടെനാട്ടിൽ മാത്രം
ഐക്യക്ഷയത്താലടിമശ്ശവങ്ങൾ
അടിഞ്ഞുകൂടും ചുടുകാട്ടിൽമാത്രം
സൂത്ര- ഇരപുപതാം നൂറ്റാണ്ടിന്റെ ഉദയം- ലോകത്തെമ്പാടുമുള്ള തൊവിലാളികൾ സംഘടിതശക്തിയായി ഉണർന്നെഴുന്നേല്ക്കുന്ന കാലം. ഭാരതം സ്വതന്ത്ര്യത്തിന്നുവേണ്ടി വീറോടെ പോരാടുന്ന സമയം. മഹാകവിയുടെ പ്രതിഭ ആ പ്രതിഭാസങ്ങളോടെല്ലാം പ്രതികരിച്ചു. കേൾക്കൂ തൊവിലാളികളെക്കുറിച്ചാണ്.
വള്ളത്തോൾ- (പാണർ പാടുന്നു)
സാധുക്കളിക്കൂട്ടർ വിശപ്പടക്കാൻ
നട്ടെല്ലുപൊട്ടുംപടിവേലചെയ്യൂ

അതിൻ മഹത്താം ഫലമോ, പണക്കാർ-
ക്കഹോ നരൻതൻസമസൃഷ്ടമൈത്രി.
ഭാരതമെന്നപേർകേട്ടാലഭിമാന
പൂരിതമാകണമന്തരംഗം
കേരളമെന്നുകേട്ടാലോ തിളയ്ക്കണം
ചോര നമുക്കു ഞരമ്പുകളിൽ
സൂത്ര- ധീരമായ ആ ദേശാഭിമാനം! വീറുറ്റ ആ സാംസ്ക്കാരിക പ്രവർത്തനം! കേരളീയകലകളുടെ പുനരുദ്ധാരണം!! കലാമണ്ഡലസ്ഥാപനം. വള്ളത്തോൾ ജയിക്കുന്നു!!
വള്ളത്തോൾ- (പാണരുടെ ശബ്ദം)
വന്ദിപ്പിൻ മാതാവിനെ
വന്ദിപ്പിൻ മാതാവിനെ
വന്ദിപ്പിൻ വരേണ്യയെ
വന്ദിപ്പിൻ വരദയെ
പച്ചയാം വിരിപ്പിട്ട സഹ്യനിൽ തലവെച്ചും
സ്വച്ഛാബ്ധിമണൽത്തിട്ടാം
പാദോപധാനംപൂണ്ടും
പള്ളികൊണ്ടീടുന്നനിൻ
പാർശ്വയുഗ്മത്തെകാത്തു
കൊള്ളുന്നുകുമാരിയും ഗോകർണ്ണേശനുമമ്മേ!
(പശ്ചാത്തലത്തിൽ പാട്ടുയരുന്നു)
കനകച്ചിലങ്കക്കിലുങ്ങിക്കിലുങ്ങി
കാഞ്ചനകാഞ്ചികുലുങ്ങിക്കുലുങ്ങി
കടമിഴിക്കോണുകളിൽ സ്വപ്നം വിളങ്ങി
കതിരുതിർപൂപ്പുഞ്ചിരി ചെഞ്ചുണ്ടിൽത്തങ്ങി
സൂത്ര- മലയാളകവിതയുടെ മുഖം അരുണാഭമാകുന്നു. ആരാണത്? വികാരതരളിതമായ ആ ഗാനം ആരുടേതാണ്? കപടലോകത്തിൽ ആത്മാർത്ഥമായ ഒരു ഹൃദയവുമായി വന്ന കവി.!
ചങ്ങമ്പുഴ
വിത്തനാഥന്റെ ബേബിയക്കുപോലും
നിർദ്ധനച്ചെറുക്കന്നുമിനീരും
ഈശ്വരേച്ഛയിതെങ്കിലുമമ്മട്ടു-
ള്ളീശ്വരനെച്ചവിട്ടുക നമ്മൾ
ജടയുടെ സംസ്ക്കാരപ്പനയോലക്കെട്ടൊക്കെ
പ്പൊടികെട്ടിപ്പുഴുകുത്തിച്ചിതലുമുറ്റി
ചികയുന്നോ- ചിരിവരും- ചിലതിനിയുമുണ്ടെന്നോ
ചിതയിലേക്കവയെടുത്തെറിയൂവേഗം
സൂത്ര- അതൊരു പൊട്ടിത്തെറിയായിരുന്നു. വസന്തത്തിന്റെ ഇടിമുഴക്കം. ജീവിതത്തിലും സമൂഹത്തിലും സ്വഭാവത്തിലും പരിവർത്തനത്തിന്റെ കാറ്റ്. ആപ്രവാഹം ഭാഷയിലും കവിതയിലും. അതിന്റെ നായകനായി വന്ന ചങ്ങമ്പുഴ.
ചങ്ങമ്പുഴ- നവജീവൻ നവജീവൻ അതിന്മണിമുഴക്കത്തിൽ
നടുങ്ങട്ടെ നരച്ചോരാനീതിശാസ്ത്രങ്ങൾ
വർണ്ണാശ്രമവിധിനിന്നു വളംതിന്നുതഴച്ചോരീ-
പ്പർണ്ണശാലപെററമണ്ണുവരണ്ടുപോയി
പാരത്രികസൗഭാഗ്യത്തിൻ
കാവൽനായ്ക്കളാകുവാനൊ
പാരിതിങ്കൽ മനുഷ്യരായണഞ്ഞു നമ്മൾ?
തനിച്ചുമൊത്തൊരുമിച്ചും
തടസ്സങ്ങൾ തച്ചുടച്ചും
ജനിച്ചതിൻ പക ഞങ്ങൾ ജീവിച്ചുതീർക്കും
ഒരേവീട്ടിൽ ജനിച്ചവരാ
രൊരമ്മ തൻമക്കൾനമ്മൾ

ഒരുമിക്കാനിത്രമാത്രം വിഷമമാണൊ
നവമൊരുശുഭലോകം
രചിച്ചതിൽ മനുഷ്യത്വം
നടമാടുന്നതും നോക്കി രസിക്കും നമ്മൾ
സൂത്ര- ഉച്ഛൃംഖലമായ മനുഷ്യത്വം! മനുഷ്യത്വത്തെ നിരാകരിക്കുന്ന എല്ലാ ഛിദ്രശക്തികളോടുമുലള പക. പൊരുതുന്ന ഭാഷ. ഇതായിരുന്നില്ലേ ചങ്ങമ്പുഴ! വിനയമധുരമായ അഭ്യർത്ഥനകൾ നടത്തിയ ഭാഷ, വിട്ടുവീഴ്ചയില്ലാത്ത പോരാട്ടത്തിന്റെ ശൈലിയിലേയ്ക്കു മാറുന്നു.
ചങ്ങമ്പുഴ- അഴിമതിയക്രമമത്യന്തക്രൂരമാ-
മപധരാം നിശിതമാമശനിപാതം!
അവശന്മമാരാർത്തന്മാരാലംബഹീനന്മാ-
രവരുടെ സങ്കടമാരറിയാൻ
ഇതനൊക്കെ പ്രതികാരം ചെയ്യാതടങ്ങുമോ
പതിതരേ! നിങ്ങൾ തൻ പിൻമുറക്കാർ
സൂത്ര- അടിച്ചമർത്തപ്പെട്ട ജനലക്ഷങ്ങളോടുള്ള അനുകമ്പ, ചങ്ങമ്പുഴയിൽ പ്രതികാരവാഞ്ഛയുടെ അഗ്നിനാളങ്ങളാവുന്നു. ആർദ്രതയാണ് കവിതയുടെ ഉറവെന്ന ലോകതത്വം ശാശ്വതീകരിക്കപ്പെടുന്നു. അദ്ദേഹം പ്രഖ്യാപിക്കുന്നു.

ചങ്ങമ്പുഴ- പോയനാളിൻ ചുടലകൾ ചിക്കി
പേയുതീർക്കുന്നല്ലതന്റെശബ്ദം
മേൽക്കുമേൽ മാനവോൽക്കർഷദമാം
മാർഗ്ഗമോരോന്ന് വെട്ടിത്തെളിക്കും
മർത്ത്യനെ, മതം തിന്നാതെ നോക്കാൻ
മത്സരങ്ങളെ മണ്ണടിയിക്കാൻ
ജീവകാരുണ്യം പൂരം വിതയ്ക്കാൻ
ജീവിതങ്ങൾക്കു പച്ചപിടിക്കാൻ
എന്റെ നാടെന്റെ നാടെന്റെ നാടെ-
ന്നെന്റെ ഗായത്രി കേട്ടുവോ നിങ്ങൾ
സൂത്ര- കൂട്ടുകാരെ എത്ര പെട്ടെന്നാണ് ലോകഗതികൾ മാറുന്നത്. ഇരുപതാം നൂറ്റാണ്ടിന്റെ മദ്ധ്യാഹ്നമായപ്പോഴേക്കും ഇന്ത്യ സ്വതന്ത്രയായി. ഭാരതത്തിലെ ജനകോടികൾക്ക് ഈ സ്വാതന്ത്ര്യം യാഥാർത്ഥ്യമായോ. അവരുടെ സങ്കല്പങ്ങളുടെ ചില്ലുകളിൽ പൂവിരിഞ്ഞോ.
(പശ്ചാത്തലത്തിൽ പാട്ടുയരുന്നു)
നീലവിണ്ടലമെന്നൊരൊറ്റ മേല്പുരയുള്ള
വീടെത്ര ലോകം, കെടാവിളക്കോ വിശ്വപ്രേമം
സൂത്ര- ആ പാട്ട് ആരുടേതാണ്? അറിയില്ലേ. തിരുവോണത്തെക്കുറിച്ചും മലനാട്ടഴകുകളെപ്പറ്റിയും നിരന്തരം പാടിയ പി. കുഞ്ഞിരാമൻ നായർ സ്വതന്ത്രഭാരതത്തിലെ ധർമ്മച്യുതികളെപ്പറ്റി ഒറ്റയാനെപ്പോലെ അലറിയ കവി.
കുഞ്ഞിരാമൻ നായർ
ചെരിപ്പിന്നൊപ്പം കാലുമുറിക്കപ്പെട്ടു, ബോധം
മെരിച്ചു, വട്ടത്തൊപ്പിയ്ക്കൊപ്പിച്ചു തലചെത്തി
അന്യന്റെയവയവംകൊണ്ടു ഭാഷണം ശ്വാസം
അന്യന്റെ തലകൊണ്ട് ചിന്ത, യെന്തവമാനം.
ഫുല്ലമായ് വികസിയ്ക്കും വാസനകളെ ഞെക്കി-
ക്കൊല്ലുമീ വിദ്യാഭ്യാസ,മെന്തൊരു വിദ്യാഭ്യാസം
സൂത്ര- സ്വതന്ത്രഭാരതം. എന്തെല്ലാം സ്വപ്നങ്ങൾ പക്ഷെ.....എല്ലാമെല്ലാം അടിമത്തത്തിന്റെ നിഴലുകൾ..... ചൂഷണത്തിന് പുതിയവേഷങ്ങൾ......കവികൾ സത്യം കാണുന്നവരാണ്. അത് തുറന്ന് പ്രഖ്യാപിക്കുന്നവരാണ്.
കുഞ്ഞിരാമൻനായർ (പാണർ പാടുന്നു)
കൈവന്നു മന്ത്രിമാർക്കൊക്കെയുമിന്നഹോ!
കൈതവമറ്റുള്ളപൂർണ്ണസ്വതന്ത്രത!
വന്നു, പൊന്നോണമെന്നാകിലും കോരന്നു-

കുമ്പിളിൽ കഞ്ഞി, ഇതാംകൃതിവൈകൃതം!
എങ്ങുമസ്വാതന്ത്ര്യ, മെങ്ങുമസമത്വ-
മെങ്ങുമനീതി, വികസനമിന്നിതോ!
ഇളംചൂടാംകരിഞ്ചന്ത-
പ്പണംതിന്നുടൽചീർത്തതാം
തുകൽസഞ്ചികൾ തൂക്കുന്ന
വിദഗ്ദൻമാർകടന്നുപോയ്
അപായക്കുറികാക്കുന്ന
നെടുംപാതയിലൂടവെ
ത്രിവർണ്ണക്കൊടി പാറുന്ന
പുത്തൻകാറു കടന്നുപോയ്
സ്വാതന്ത്ര്യത്തിൻ വിരുന്നുണ്ണാൻ
പ്രമാണിക ഇരിക്കയാം
വെള്ളമില്ലാത്ത പൈപ്പിന്നു
ചോട്ടിൻ ഗ്രാമങ്ങൾ നിൽക്കയാം.
സൂത്ര- നിസ്വരുടെയും നിരക്ഷരരുടെയും എണ്ണം പെരുകുന്നു. രാഷ്ട്രം സ്വതന്ത്രമായെങ്കിലും അടിത്തട്ടിലുളളവരെ അടിച്ചമർത്താൻ വീണ്ടും പുതിയ മുടിചൂടാമന്നൻമാർ വന്നിരിക്കുന്നു.ഇടശ്ശേരിയെ പ്രകോപിപ്പിച്ചത് അതായിരുന്നു. അർത്ഥശങ്കക്കിടമില്ലാതെ ഇടശ്ശേരി പാടി.
ഇടശ്ശേരി (പാണർ പാടുന്നു)
വിത്തുവിതച്ചോൻ കാണട്ടെ, വിള-
കൊയുത്തുനടത്തീ ജന്മിത്തം
ഒരുപിടി കൊള്ളക്കാർ കരുതിവെച്ചുള്ളതാ-
മധികാരത്തിന്റെ തണൽപറ്റി
ദയനീയം! കർഷകൻ വിളയിച്ച കണ്ടത്തിൽ
നിയമം നടത്തുന്നു കയ്യേറ്റം
പുത്തൻകലവുമരിവാളും കല-
ർന്നൊത്തിടിവെട്ടീ കണ്ടത്തിൽ
അധികാരം കൊയ്യണമാദ്യംനാം
അതിനുമേലാകട്ടെ പൊന്നാര്യൻ
സൂത്ര- എത്ര ധീരമായ പ്രഖ്യാപനം. മലയാളക്കവിതക്ക് നട്ടെല്ലുണ്ടാക്കിക്കൊടുത്ത സിദ്ധി. ആഗോള പരിതസ്ഥിതികൾക്കും പരിവർത്തനങ്ങൾക്കുമൊത്ത് കവിത വികസ്വരമാകുന്നു. വിദ്യുൽപ്രവാഹമാകുന്നു. കേവലമായ മനുഷ്യപ്രേമാർദ്രത,നിഷ്ഫലമാണെന്നും അവശ ലക്ഷങ്ങളുടെ ആത്മാക്കൾക്ക് ആവേശം നൽകുവാനുള്ള അനശ്വരശക്തിയാണ് കവിതയെന്നും ഇത് സ്ഥാപിച്ചു.
ഇടശ്ശേരി-
കുഴിവെട്ടിമൂടുക വേദനകൾ
കുതികൊൾകശക്തിയിലേക്കുനമ്മൾ
സൂത്ര-പ്രത്യാശയുടെ പ്രതീക്ഷയുടെ സംഗീതമാണത്. മനുഷ്യത്വം തളരാനുള്ളതല്ല തളിർക്കാനുള്ളതാണെന്ന് ഇടശ്ശേരി തന്റെ കവനങ്ങളിലൂടെ പ്രഖ്യാപിച്ചു.
പശ്ചാത്തലത്തിൽ പാട്ടുയരുന്നു( ചോരതുടിക്കും ചെറുകയ്യുകളെ
പേറുകവന്നീ പന്തങ്ങൾ
ഏറിയ തലമുറ ഏന്തിയ പാരിൻ
വാരൊളി മംഗളകന്ദങ്ങൾ
പാരിൽ മനുഷ്യപുരോഗമനകൊടി
പാറിച്ചവയീ പന്തങ്ങൾ
അടിമച്ചങ്ങല നീറ്റിയുടപ്പാൻ
അഭിനവലോകം നിർമ്മിപ്പാൻ
ആശക്കൊത്ത് തുണച്ചു ഞങ്ങളെ
ആളിക്കത്തും പന്തങ്ങൾ
എണ്ണീടാത്തൊരു പുരുഷായുസ്സുകൾ
വെണ്ണീറാകാം പുകയാകാം

പൊലിമയോടെങ്ങും പേറുക പുത്തൻ
തലമുറയേന്തും പന്തങ്ങൾ
കത്തിനവിരലാൽ ചൂണ്ടുന്നുണ്ടവ
മർത്യപുരോഗതി മാർഗ്ഗങ്ങൾ
ചോരതുടിക്കും ചെറുകയ്യുകളെ പേറുക വന്നീ പന്തങ്ങൾ
സൂത്ര- മലയാളക്കവിതയെ ആധുനികയുഗത്തിലേക്ക് ആനയിച്ച വൈലോപ്പിള്ളിയാണിപ്പോൾ പാടിയത്. മാനുഷ്യരെല്ലാരും ഒന്നുപോലെ കഴിയേണ്ട ഓണത്തേക്കുറിച്ച് പാടിയ ഓണപ്പാട്ടുകാരൻ.
വൈലോപ്പിള്ളി- പലദേശത്തിൽ പലവേഷത്തിൽ പലപല ഭാഷയിൽ
പാരിതിൽ ആദിയിലുദയം കൊണ്ടുപൊലിഞ്ഞൊരു
പൊന്നോണത്തിൻ ചരിതം
ഞങ്ങഠെ പാട്ടിനു കൂട്ടുകൂടംതുടി
കിണ്ണം തമ്പുരു ഓടക്കുഴലും
ഞങ്ങടെ പാട്ടിൽ പാലും തേനും
തെങ്ങിളനീരും നറുമുന്തിരിയും
സൂത്ര- വിശ്വമാനവികതയുടെ കവി. സ്നേഹവും കാരുണ്യവും സൗന്ദര്യവും ഇഴുകിചേർന്ന ഉദാത്തമായ പ്രതിഭ. വൈലോപ്പിള്ളി.
വിശ്വസംസ്കാര പാലകരാകും
വിജ്ഞരെ യുഗം വെല്ലുവിളിപ്പു.
ആകുമോ ഭവാന്മാർക്ക് നികത്താൻ
ലോകസാമൂഹ്യ ദുർനിയമങ്ങൾ
സ്നേഹസുന്ദര പാതയിലൂടെ
വേഗമാകട്ടെ വേഗമാകട്ടെ
സൂത്ര-തലകുനിക്കാത്ത മനുഷ്യത്വം. ശാസ്ത്രീയപുരോഗതിയിലൂടെ കുതിക്കുന്ന പുതിയലോകം. ആരും ആരെയും ചതിക്കാത്ത മധുരോദാരമായ ജീവിത വ്യവസ്ഥ. ഈ ഓണപ്പാട്ടുകാരന്റെ കാവ്യസങ്കല്പങ്ങൾ ഇതെല്ലാമായിരുന്നില്ലേ.
വൈലോപ്പിള്ളി-
ആകയാൽ ഒറ്റയൊറ്റയായ് കാണും
ആകുലികളെ പാടീടും വീണേ
നീ കുതുകമോടാലപിച്ചാലും
ഏകജീവിതാനശ്വര ഗാനം
സൂത്ര-കൂട്ടുകാരെ അങ്ങോട്ട് നോക്കു. ആരാണാവരുന്നത്
(പാണന്മാർ പാടുന്നു)
സ്നേഹിക്കയില്ല ഞാൻ നോവുമാത്മാവിനെ
സ്നേഹിച്ചിടാത്തൊരു തത്വശാസ്ത്രത്തേയും
അതെ മേഘ ജ്യോതിസ്സുപോലെ മലയാണ്മയെ കോരിത്തരിപ്പിച്ചു വയലാർ. പുരോഗമന സാഹിത്യപ്രസ്ഥാനത്തിന്റെ പടവാളായിരുന്ന തൂലിക.
വയലാർ- വിപ്ലവത്തിൻ സനാധനമൂല്യം
വിശ്വമാകെ വിളംബരം ചെയ്യാൻ
സൗഹൃദത്തിന്റെ നന്ദനോദ്യാനം
സൗരവീഥിയിൽ പോലും വിടർത്താൻ
ജീവിതപ്രേമഗാനസന്ദേശം
ഭാവിതൻ ചുണ്ടിൽ മായാതെ നിർത്താൻ
നൂറുനൂറുയുഗങ്ങളിൽ കൂടി
കേറിവന്ന മനുഷ്യന്റെ രൂപം
ഞാനിതാ വാർത്തുയർത്തുകയാണീ
ഗാനസാന്ദ്രമാം ജീവിത ശില്പം
സൂത്ര-മനുഷ്യൻ അനശ്വരനായ മനുഷ്യൻ ആ മനുഷ്യന്റെ മോചനം അതായിരുന്നു വയലാറിന്റെ കാവ്യോപാസനയുടെ ജീവൻ. അനാചാരങ്ങളേയും അനൈക്യത്തേയും അങ്ങേയറ്റം ഭർത്സിച്ച വരികൾ മലയാളികളുടെ മനസ്സിലെന്നും മാറ്റൊലിക്കൊണ്ടു.
വയലാർ- പരിവർത്തനത്തിന്റെ ഞാണൊലി മാത്രം കേൾക്കാം

അരികത്തെല്ലായ്പോഴും നിമിഷങ്ങളിലൂടെ
ഞങ്ങളിൽ ജീവിക്കുന്ന ഞങ്ങൾതൻ മുത്തച്ഛന്മാർ
ഞങ്ങളിൽ തുടങ്ങുന്നു നാളെയും മറ്റന്നാളും
സൂത്രധാരൻ- മതഭ്രാന്തന്മാരുടെ മാന്ത്രിക സൂത്രങ്ങളിൽ അലിവിന്റെ ഉറവായ ദൈവമെന്ന സങ്കല്പം വികൃതമായി
ആയിരമായിരമാണ്ടുകൾക്കപ്പുറ-
പുറത്താരൊ വിരചിച്ച മുഗ്ധസങ്കല്പമേ
നിന്നേയിന്നെന്താക്കി മാറ്റിയിരിക്കുന്നു-
വെന്നോ മതങ്ങൾതൻ മാനിഫെസ്റ്റോകളിൽ
കുമ്പയും വീർപ്പിച്ചുറങ്ങുമാസർക്കസു-
കമ്പനിക്കാർതൻ വിദൂഷകനായി നീ
കാവിയുടുക്കുന്നു സന്യാസിവീരന്റെ
കോളേജുഫണ്ടുപിരിവു ലിസ്റ്റായി നീ
കണ്ണുമടച്ചു മനുഷ്യനെ കൊല്ലുന്ന
കമ്പോളനീതി പ്രചാരകനായി നീ
ചിന്തതൻ പട്ടടകാട്ടിൽ നിന്നെത്തല-
പന്തുകളിക്കുന്നു നിന്നനുയായികൾ
നിന്നെ നിർമ്മിച്ച പുരുഷാന്തരങ്ങളിൽ
നിന്നുവളരുമീ ശക്തികേന്ദ്രങ്ങളിൽ
യുഗം സൃഷ്ടിച്ച മാനവൻ നേടിയ
മായിക ശക്തി നിനക്കു തരില്ല ഞാൻ
സൂത്ര- പരസ്പര സ്നേഹത്തിന്റെ കൊടിക്കൂറ ഉയർത്തിപ്പിടിച്ച് പുരോഗതിയുടെ പാതയിൽ കുതിച്ചു പായുന്ന മനുഷ്യന്റെ ആവേശോജ്വലമായ ചിത്രം വയലാർ കവിതയെ ചൈതന്യധന്യമാക്കുന്നു.
അഞ്ചുനൂറ്റാണ്ടുകളിലുടെ അനേക വികാസപരിണാമങ്ങളിലൂടെ സഞ്ചിത സംസ്കാരത്തിന്റെ സൗന്ദര്യാതിശയങ്ങൾസ്വാംശീകരിച്ച മലയാളകവിതയിതാ സുഗന്ധം തൂകുന്നു.
(എഴുത്തഛൻ,ചെറുശ്ശേരി, നമ്പ്യാർ,ആശാൻ, വള്ളത്തോൾ, ഉള്ളൂർ, ചങ്ങമ്പുഴ, കുഞ്ഞിരാമൻനായർ ഇടശ്ശേരി, വൈലോപ്പിള്ളി, വയലാർ എന്നിവരെല്ലാം അരങ്ങത്ത് നിരന്നുനിൽക്കുന്നു. പാണനുരുടെ സംഘം ആലപിക്കുന്നു.
അലയാഴികൾ തഴുകുന്ന മലയാളക്കരയിൽ
മലനിരകൾ മതിലിട്ട മലയാളക്കരയിൽ
തിരുവോണം പൂവിതറും മലയാളക്കരയിൽ
തിരുവാതിര കൈകൊട്ടും മലയാളക്കരയിൽ
കഥകളിയും പടയണിയും കളിയാടും മണ്ണിൽ
കുരുമുളകും ചന്ദനവും മണമോലും മണ്ണിൽ
പെരുന്നാളുകൾ ശിവരാത്രികൾ തുടികൊട്ടും മണ്ണിൽ
പെരിയാറും പേരാറും കുളിരേകും മണ്ണിൽ
തലമുറകൾതൻ പടവുകൾ നാം ചാടികടന്നു
പുതുമകളാൽ ഒരുമയിൽ നാം മുന്നോട്ട് വന്നു
കരുണരസം കരകവിയും കവനങ്ങളിലൂടെ
കവികളിവർ സമതയുടെ സംന്ദേശം പാടി.

**മനുഷ്യൻ- എം.എസ്.മോഹനൻ**

മനുഷ്യനെത്ര മനോജ്ഞപദം
മഹത്വമെന്നപദം
ഉദാത്താമേകും സംസ്കാരത്തിൽ
കെടാത്ത കൈത്തിരി കൈമാറി
അജയ്യനാമവൻ അനന്തമാമി
പ്രപഞ്ച സീമകൾ തേടുന്നു.
മനുഷ്യ...
മരിച്ചമനസ്സിനുടമകളെ

ഉണരുക വേഗം നിങ്ങൾ
പുതിയ യുഗത്തിൻ കരങ്ങൾ നിങ്ങളെ
മാടി വിളിക്കുന്നു
മാടിവിളിക്കുന്നു
മനുഷ്യ....
സമയരഥങ്ങൾ കുതിക്കുന്നു
കാലം പറന്നുപോകുന്നു
കൈകോർത്തൊരുമയോ
ടൊന്നായ് നീങ്ങുക
കലഹപ്രിയരായ് മാറാതെ
പുതിയൊരു പുലരിയടുത്തെത്തി
മാനവ സൗഹൃദ സൗരഭ്യമുതിരും
പുതിയ പ്രഭാതമടുത്തെത്തി
ഉണരുക വേഗം നിങ്ങൾ
ഉണരുക വേഗം നിങ്ങൾ
ഉണരു..ഉണരു.. ഉണരു..

**മലയാളം- ഒ.എൻ.വി. കുറുപ്പ്**

കിളിപാടും മരം കിളിമരം
കുളിരോലും മഴ കുളിർമഴ
കളമധുരം മൊഴി കളമൊഴി
കളിപറയും മൊഴി കളിമൊഴി
മധുനിറയും മലർ മടുമലർ
മലർനിറയും വനി മലർവനി
മണിനാദം പോൽ മധുരം നമ്മുടെ
മലനാട്ടിൻ മൊഴി മലയാളം

**കിളിക്കൂട്ടം- സുകുമാർ അണ്ടലൂർ**

പൈങ്കിളി പൂങ്കിളി പൂവാലൻകിളി
പാടും കിളികൾ വരുന്നു
വേവും കരളിൽ സ്നേഹം പകരാൻ
വേനൽ കിളികൾ വരുന്നു
പലവർണങ്ങൾ പലപല ഭാഷകൾ
പലപല വേഷങ്ങൾ
പല ദേശങ്ങൾ ഞങ്ങൾക്കെന്ന-
ലൊരേ വികാരങ്ങൾ
ശത്രുത കൊണ്ടിഹ നേടാനാവി-
ല്ലൊരു ചെറു മൺതരിയും
മിത്രതകൊണ്ടു നമുക്കു ലഭിക്കുവ
തെത്ര മനോഹരലോകം
പൈങ്കിളി...സ്നേഹഭരിതം ഹൃദയമുണർത്തു-
ന്നവനിയിലെന്നും സ്വർഗ്ഗം
ത്യാഗനിർഭര ജീവിതമല്ലോ
നമ്മൾതേടും പുണ്യം
കൊന്നപ്പൂങ്കുല കിങ്ങിണി ചാർത്തിയ
കുന്നിൻ ചെരുവിൽക്കൂടി
പാഞ്ഞുവരും കുളിർകാറ്റിൽ നിറയെ
പുതുമണ്ണിന്റെ സുഗന്ധം
നിവരും മർത്യനു കൂടയായ് മാറും
വിടരും നീലാകാശം
നിനവിൽപോലും നമുക്ക് മധുരം
ഹരിതം നമ്മുടെ ഭൂമി..
പൈങ്കിളി....

**എന്നും മാനവരൊന്ന്- എം.പി.സുകുമാരൻ**

ഒന്നേ മാനവരൊന്നു- നമ്മുടെ
മണ്ണീ ഭൂമിയിതൊന്ന്
ഇല്ലാ ജാതിമതങ്ങളന്നീ മണ്ണി-
ലൊന്നേ മാനവരൊന്ന്
മാമരക്കൊമ്പിലായ് വീടുവച്ചപ്പൊഴു-
മീ മണ്ണിലെല്ലാരു മൊന്നു
കല്ലും വില്ലുമെടുത്തപ്പോഴും മത-
മൊന്നേ മാനവർക്കോന്ന്.
വല്ലാതെ വയർകത്തിയെരിഞ്ഞപ്പൊ-
ഴൊന്നായ് മാനവരൊന്നായ്
നല്ലാഹാരമൊരുക്കി വിശപ്പിനെ
വെല്ലാനായവരൊന്നായ്
ഗുഹകളിലൊന്നിച്ചുറങ്ങി-ജീവിത
സമരത്തിനൊന്നിച്ചിറങ്ങി
കളകളം പെയ്യുന്ന കാട്ടാറിൻ തീരങ്ങ-
ളൊരുമിച്ചുഴുതു മറിച്ചു
വിളകൊയ്യും പാട്ടിന്റെയീണത്തിലാഹ്ലാദ-
ത്തിരികൊളുത്തിയവരന്നായ്
ഇന്നും ജീവിത ചക്രം തിരിക്കുവോ
രൊന്നേ ഭൂമിയിലൊന്ന്